01 ജൂലൈ 2025
പേജ് : 16
വാല്യം: 14
ലക്കം: 07
കാഞ്ഞിരപ്പള്ളി
വില: ₹12.50

Darsakan Monthly Kanjirapally 2025 July 01 Page 16 Vol. 14, Issue: 07

# ദർശകൻ

DARSAKAN

www.darsakan.in

നേരായ ജീവിതം ശരിയായ ദർശനം

# കുടിയേറ്റം: സ്വപ്നങ്ങളും ആശങ്കകളും



മാർ ജോസ് പുളിക്കൽ

പ്രവാസജീവിതത്തിന് മനുഷ്യന്റെ ചരിത്രത്തോളം പഴക്കമുണ്ട്. പ്രവാസജനതയുടെ ഐശ്വര്യവും നൊമ്പരങ്ങളും പേറുന്ന ചരിത്രമാണ് ബൈബിളിന്റെ ഇതിവൃത്തമായി മാറുന്നത്. ദൈവത്തിൽ ആശ്രയിച്ചുമുന്നേറുന്ന സമൂഹത്തിന്റെ വിജയഗാഥ പ്രചോദനാത്മകമാണ്. ഉയർച്ചയും താഴ്ചയും അതിജീവനവും ഒറ്റപ്പെടലുമെല്ലാം കുടിയേറ്റങ്ങളുടെ ഭാഗമായി ചരിത്രത്തിലിടം നേടിയിട്ടുണ്ട്.

മലയാളിയുടെ, കേരള ക്രൈസ്തവരുടെ കുടിയേറ്റങ്ങളും അതിജീവനശ്രമങ്ങളും ഐതിഹാസിക സ്വഭാവമുള്ള ചരിത്രമാണ്. മലബാറിലേക്കും ഹൈറേഞ്ച് മേഖലകളിലേക്കുമുള്ള ഒരു നൂറ്റാണ്ടോളം പഴക്കമുള്ള കുടിയേറ്റങ്ങൾ കേരളത്തിന്റെ സാമ്പത്തിക-സാംസ്കാരിക തലങ്ങളിൽ വലിയ മുന്നേറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ഈ അതിജീവനശ്രമങ്ങളെ കയ്യേറ്റങ്ങളും കീഴടക്കലുകളുമായി ചിത്രീകരിച്ച് അജണ്ടകളോടെ ലാഭം കൊയ്യുന്ന സമകാലിക പ്രവണതകൾ അപലപനീയമാണ്.

ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലേക്കും വിദേശരാജ്യങ്ങളിലേക്കുമുള്ള നമ്മുടെ കുടിയേറ്റങ്ങൾ കേരളത്തിന്റെ വിദ്യാഭ്യാസ - സാമ്പത്തിക വളർച്ചയ്ക്ക് വലിയതോതിൽ സഹായമായിട്ടുണ്ട്. പതിറ്റാണ്ടുകൾക്കുമുമ്പ് ആരംഭിച്ച ഗൾഫ് നാടുകളിലേക്കുള്ള മലയാളികളുടെ പ്രവേശനങ്ങൾ പുതിയകാലത്ത് യൂറോപ്യൻ രാജ്യങ്ങളിലേക്കും അമേരിക്ക, ഓസ്ട്രേലിയ തുടങ്ങിയ ഭൂഖണ്ഡങ്ങളിലേക്കുമായി വ്യാപിച്ചു കഴിഞ്ഞു. മുൻകാലങ്ങളിലെ സ്വാഭാവിക കുടിയേറ്റങ്ങൾക്ക് ശരിയായ ലക്ഷ്യങ്ങൾ ഉണ്ടായിരുന്നു. ഉന്നത വിദ്യാഭ്യാസവും മെച്ചപ്പെട്ട തൊഴിലവസരങ്ങളുമെല്ലാം നേടിയെടുക്കാനുള്ള ശ്രമമായിരുന്നു അവയ്ക്കു പിന്നിൽ ഉണ്ടായിരുന്നത്. അതിൽ നമ്മുടെ നാടും ക്രൈസ്തവസമൂഹവും വിജയിച്ചിട്ടുമുണ്ട്. പ്രവാസകാലങ്ങളിലും നാടിനെ വളർത്താനും നന്മ ചെയ്യാനും ഈ പ്രവാസിഗണത്തിനുകഴിഞ്ഞത് ശ്ലാഹനീയമാണ്.



യുവജനങ്ങൾ ഇല്ലാതെ എങ്ങനെ ഒരു നാട് നിലനിൽക്കും? ജന്മനാടിനെ തിരസ്കരിച്ച് വൈദേശിക രാജ്യങ്ങളിലേക്ക് ചേക്കേറുന്ന യുവജനങ്ങൾ - ഒരു പഠനം

PAGE 05

എന്നാൽ കഴിഞ്ഞ ഒരു പതിറ്റാണ്ടിനുള്ളിൽ വർദ്ധിച്ചു വരുന്ന അപകടകരമായ വിദേശപലായനങ്ങൾ പഠനവിധേയമാക്കേണ്ടതാണ്. നാടിനോടു പ്രതിബദ്ധതയില്ലാതെ, നാട്ടിലുള്ള തൊഴിലവസരങ്ങളെ പൂർണ്ണമായി അവഗണിച്ച് കൗതുകങ്ങളിൽ ആകൃഷ്ടരായി ചെറുപ്രായത്തിൽ നാടുവിടുന്ന പ്രവണത പല കുട്ടികളിലും കാണുന്നു. പ്ലസ് ടു പഠനം മാത്രം പൂർത്തിയാക്കി ഭീമമായ തുകകൾ ബാങ്കുലോണെടുത്ത് വിദേശമണ്ണിലേക്ക് കടക്കുന്നവർ തൊഴിൽരഹിതരായി അലയുന്നു! കച്ചവടതാൽപര്യക്കാരുടെ കെണിയിൽപ്പെട്ട് മറ്റു രാജ്യങ്ങളിലേക്ക് ചെന്നെത്തുന്നവർ ശരിയായ പദ്ധതികളും വ്യക്തമായ ലക്ഷ്യങ്ങളുമില്ലാത്തതിനാൽ അപകടങ്ങളിൽ അകപ്പെട്ടുപോകുന്നുവെന്ന് അനുഭവങ്ങൾ വ്യക്തമാക്കുന്നു. ഇവരിൽ തിരികെ മടങ്ങാൻ പോലും കഴിയാതെ നട്ടം തിരിയുന്നവരുമേറെയുണ്ട്. ഈ യാഥാർത്ഥ്യങ്ങൾ ഒരു പരിധിവരെ പൊതുസമൂഹം മനസ്സിലാക്കിത്തുടങ്ങിയെന്നത് ശുഭസൂചനയാണ്.

നാടുവിടുക എന്ന ഒറ്റ ലക്ഷ്യം മാത്രമാണ് പല കുട്ടികൾക്കും മുന്നിലുള്ളത്. എപ്പോൾ? എന്തിന്? ഏതു രാജ്യത്ത്? തുടങ്ങിയ ചോദ്യങ്ങൾക്ക് വ്യക്തമായ ഉത്തരങ്ങൾ ഇവർക്കില്ല. കേരളത്തിന്റെ രാഷ്ട്രീയ സാഹചര്യങ്ങളും ഭരണസംവിധാനങ്ങളുമെല്ലാം ഇത്തരം അപകടകരമായ പലായനങ്ങൾക്ക് വഴിമരുന്നിടുന്നുവെന്നതു ഖേദകരമാണ്. പിറന്നുവീണ മണ്ണിനോടും നാടിനോടുമുള്ള പ്രതിബദ്ധത നഷ്ടമാകുന്നതിൽ വലിയ അപാകതയുണ്ട്. നമ്മുടെ വിദ്യാഭ്യാസസംസ്കാരം ഇത്തരം ദർശനങ്ങൾ കുട്ടികൾക്കു പകർന്നു നൽകാൻ എന്തുകൊണ്ട് പരാജയപ്പെടുന്നുവെന്ന ചോദ്യമിവിടെ പ്രസക്തമാകുന്നു.

വിദേശങ്ങളിലേക്കുള്ള കൂട്ടപ്പലായനങ്ങളുടെ അനന്തരഫലങ്ങളാണ് നമ്മുടെ നാടു നേരിടുന്ന ബൗദ്ധികശോഷണവും (Brain drain) പ്രായമേറുന്ന ജനസംഖ്യാവാർദ്ധക്യവും (Demographic ageing). കടക്കണിയിൽ തകർന്നടിയുന്ന കുടുംബങ്ങളും ഒറ്റപ്പെട്ടുപോകുന്ന വൃദ്ധജനങ്ങളുമെല്ലാം വഴിതെറ്റിയ പലായനങ്ങളുടെ ബാക്കിപത്രങ്ങളാണ്. ശരിയായ കാഴ്ചപ്പാടുകളും ദിശാബോധവുമില്ലാതെ മോഹനസ്വപ്നങ്ങളിൽ കുടുങ്ങി മക്കളെ വിദേശമണ്ണിലേക്ക് അയച്ച മാതാപിതാക്കൾ കൊടിയ കടബാധ്യതയിൽ തകർന്നടിയുന്നത് കേരളത്തിന്റെ സമകാലിക വർത്തമാനമാണ്. ധനമോഹത്തിലും സ്വാർത്ഥതാൽപര്യങ്ങളിലും മനസ്സുനട്ട് കുടുംബബന്ധങ്ങളും ജന്മം നൽകിയവരോടുള്ള കടമകളും മറക്കുന്നവർ പുതുതലമുറയിൽ വർദ്ധിക്കുന്നു. സങ്കുചിതമായി മാത്രം ചിന്തിക്കാൻ വ്യക്തികളെ പ്രേരിപ്പിക്കുന്ന 'തീവ്രവ്യക്തിവാദം' ആപത്കരമായ സാഹചര്യങ്ങളിലേക്കാണ് നാടിനെ നയിക്കുന്നത്.

ആഗോളതലത്തിലുള്ള ഉയർന്ന കാഴ്ചപ്പാടുകളും മെച്ചപ്പെട്ട തൊഴിലിടങ്ങൾ തേടിയുള്ള അന്വേഷണങ്ങളും നല്ലതുതന്നെ. അവയെല്ലാം സ്വാഭാവികമായ കുടിയേറ്റങ്ങളുടെ ഭാഗമാണ്. അത്തരം സാധ്യതകൾ ശരിയായി മനസ്സിലാക്കി പ്രയോജനപ്പെടുത്തുന്നവരുമുണ്ട് എന്ന വസ്തുത വിസ്മരിക്കുന്നില്ല. എന്നാൽ വിശ്വാസബോധ്യങ്ങളും ധാർമികനിലപാടുകളും കൈമോശം വരാൻ പാടില്ല. കടന്നു ചെല്ലുന്ന പ്രദേശങ്ങളിലെ സഭാകൂട്ടായ്മയോടും ഇടവക ദൈവാലയത്തോടും ബന്ധപ്പെട്ടു ജീവിക്കുവാൻ നമ്മുടെ യുവജനങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം. അമിതസ്വാതന്ത്ര്യം തേടി ഒറ്റപ്പെട്ടു കഴിയാനുള്ള (anonymity) ശ്രമങ്ങൾ അപകടകരമാണ്. ബന്ധങ്ങളും സ്വന്തങ്ങളും കുടുംബവും നാടുമെല്ലാം ജീവിതത്തെ ചേർത്തുപിടിക്കുന്ന വിജയസാധ്യതകളാണെന്ന യാഥാർത്ഥ്യം നമ്മൾ മറക്കരുത്.

കേരളത്തിന്റെ സാഹചര്യത്തിൽ ചിന്തിക്കുമ്പോൾ, ചുറ്റുപാടുമുള്ള ലഭ്യമായ അവസരങ്ങൾ അവഗണിക്കാനിടയാകരുത്. സർക്കാർ ജോലികളും നവ സംരംഭങ്ങളും മുമ്പിലുള്ള സാധ്യതകളാണ്. അതിഭൗതികതയിലും അധാർമികതയിലും അകപ്പെട്ടു പോകുന്ന സമൂഹത്തിൽ ക്രൈസ്തവവിശ്വാസത്തിലൂന്നിയ പ്രതിസംസ്കാരം (counter culture) രൂപപ്പെടുത്താനുള്ള കടമ യുവതലമുറയ്ക്കുണ്ട്. കാവലും കരുതലുമായി നിൽക്കുന്ന സഭയും സമുദായവും ഓരോ വ്യക്തിയുടെ ജീവിതത്തിലും വിലപ്പെട്ടതാണ്. ക്രിയാത്മകമായ പാതയിൽ പുരോഗതിയിലേക്ക് മാറിക്കൊണ്ടിരിക്കുന്ന നമ്മുടെ രാജ്യം പുതിയ സ്വപ്നങ്ങളും പ്രതീക്ഷകളും പുതുതലമുറയ്ക്ക് നൽകട്ടെ. ■

# ഡമാസ്കസിലെ ക്രൈസ്തവ ദൈവാലയത്തിൽ ഭീകരസംഘടനയുടെ ചാവേർ ആക്രമണം



## 20 മരണം, ഒട്ടേറെപ്പേർ ഗുരുതരാവസ്ഥയിൽ

**2019**ൽ ലോകത്തെ നടുക്കിയ ശ്രീലങ്കയിലെ ഈസ്റ്റർ ബോംബ് സ്ഫോടനത്തിന്റെ മാതൃകയിൽ ഇസ്ലാമിക് സ്റ്റേറ്റ് ഭീകരസംഘടന ഡമാസ്കസിലെ ക്രൈസ്തവ ദേവാലയത്തിലും ചാവേർ ബോംബാക്രമണം നടത്തിയിരിക്കുകയാണ്. റിപ്പോർട്ടുകൾ പ്രകാരം സ്ത്രീകളും കുട്ടികളും ഉൾപ്പടെ ഇരുപതിൽപ്പരം പേർ ആക്രമണത്തിൽ കൊല്ലപ്പെടുകയും ഒട്ടേറെപ്പേർക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തു.

ക്രൈസ്തവർക്കെതിരെ കിരാതമായ അക്രമങ്ങൾ അഴിച്ചുവിടുകയും കൂട്ടക്കുരുതികൾ നടത്തുകയും ചെയ്യുന്ന ഭീകരസംഘടനകളുടെ സാന്നിധ്യവും സ്വാധീനവും വിവിധ ലോകരാജ്യങ്ങളിൽ വർധിച്ചുകൊണ്ടിരിക്കുകയാണ്. ആഫ്രിക്കൻ രാജ്യങ്ങളായ നൈജീരിയ, ബുർക്കിന ഫാസോ, സുഡാൻ തുടങ്ങിയവയിലും പശ്ചിമേഷ്യയിലും നൂറുകണക്കിന് പേർ കൂട്ടക്കൊലകൾക്കിരയായിക്കൊണ്ടിരിക്കുന്നു. ഈ രാജ്യങ്ങളിൽ അവശേഷിക്കുന്ന ക്രൈസ്തവരെയും തങ്ങളുടെ പ്രത്യയശാസ്ത്രത്തെ പിന്തുണയ്ക്കാത്തവരെയും നിർമ്മാർജനം ചെയ്യുക എന്ന ലക്ഷ്യമാണ് ഭീകരപ്രസ്ഥാനങ്ങൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്.

ചാവേറുകളായും ആയുധമേന്തിയും ഇരുട്ടിന്റെ മറവിൽ വന്നു രക്തപ്പുഴയൊഴുക്കുന്ന, ലോകസമാധാനത്തിന് ഏറ്റവും വലിയ വെല്ലുവിളിയായി തുടരുന്ന ഭീകരപ്രസ്ഥാനങ്ങളെ ലോകരാഷ്ട്രങ്ങൾ ഒറ്റക്കെട്ടായി നേരിടേണ്ടതുണ്ട്. രാഷ്ട്രീയ സ്വാധീനമോ ആൾബലമോ ഇല്ലാത്ത നിരപരാധികളാണ് ഇത്തരത്തിൽ കൊന്നൊടുക്കപ്പെടുന്നത്. ഏതാനും നൂറ്റാണ്ടുകൾക്ക് മുമ്പുവരെ ഭൂരിപക്ഷം ക്രൈസ്തവർ ജീവിച്ചിരുന്ന സിറിയയിൽ ഇന്ന് അവശേഷിക്കുന്ന ചെറിയ ശതമാനം ക്രൈസ്തവർ വലിയ ഭീഷണിയിലാണ് ജീവിക്കുന്നത്. സിറിയയിലും മറ്റു പശ്ചിമേഷ്യൻ, ആഫ്രിക്കൻ രാജ്യങ്ങളിലും ജീവിക്കുന്ന ക്രൈസ്തവരുടെ ദുരവസ്ഥയ്ക്ക് നേരെ ലോക രാജ്യങ്ങൾ കണ്ണുതുറക്കണം. ■

## എഡിറ്റോറിയൽ

# യാഥാർത്ഥ്യത്തിലേക്ക് കണ്ണുതുറക്കുക

മാറ്റങ്ങൾ നന്മയ്ക്ക് ആകണമെങ്കിൽ അത് ശരിയായ ദർശനങ്ങളിൽ ഊന്നിയിരിക്കണം. ഇന്നിന്റെ സാഹചര്യങ്ങളുടെ വെളിച്ചത്തിൽ യാഥാർഥ്യങ്ങളിലേക്കു പരിമിതമായെങ്കിലും വിരൽ ചൂണ്ടുന്നതിനും അവയെ വരച്ചുകാട്ടുന്നതിനുമുള്ള ശ്രമമാണ് ദർശകൻ നടത്തുന്നത്.

ഈ ലക്കത്തിൽ സമൂഹത്തിന്റെ അടിത്തറയായ എന്നാൽ പുതിയ കാലഘട്ടത്തിന്റെ അപനിർമ്മിതിക്കും വഴങ്ങി വ്യത്യസ്ത സങ്കല്പങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന കുടുംബത്തെയും കുടുംബങ്ങൾ നേരിടുന്ന പ്രതിസന്ധികളെയും ബഹു. ജോസഫ് പുത്തൻപുരയ്ക്കലച്ചന്റെ ലേഖനം ചർച്ച ചെയ്യുമ്പോൾ, കുടുംബങ്ങളുടെ നിലനില്പുതന്നെ ഭീഷണിയിലാഴ്ത്തുന്ന വിവാഹേതര ബന്ധങ്ങളുടെ അപകടത്തിലേക്ക് ജോബി അലക്സ് തന്റെ ലേഖനത്തിലൂടെ നമ്മുടെ ശ്രദ്ധക്ഷണിക്കുന്നു.

കേരളത്തിൽനിന്നുള്ള വിദ്യാർത്ഥികളുടെ വിദേശരാജ്യങ്ങളിലേക്കുള്ള കുടിയേറ്റം കഴിഞ്ഞ ഒരു പതിറ്റാണ്ടിലധികമായി ഗണ്യമായി വർദ്ധിച്ചിരിക്കുകയാണ്. ഉപരിപഠനാർത്ഥം 2023-ൽ 2,50,000 വിദ്യാർഥികളാണ് അന്യരാജ്യങ്ങളിലേക്ക് കുടിയേറ്റം നടത്തിയത്. 17 വയസ്സുമുതൽ തുടങ്ങുന്ന വിദ്യാർത്ഥി കുടിയേറ്റത്തിൽ 11.3 ശതമാനം കേരളത്തിൽനിന്നുള്ള വിദ്യാർത്ഥികളാണെന്നാണ് ഔദ്യോഗിക കണക്കുകൾ വ്യക്തമാക്കുന്നത്. ഈ കുടിയേറ്റം സമൂഹത്തിൽ അഗാധമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. മസ്തിഷ്ക ചോർച്ച, ജനസംഖ്യ കുറയൽ, കുടുംബഘടനയിലെ ബുദ്ധിമുട്ട്, സാംസ്കാരിക പൈതൃക നഷ്ടം എന്നിവയ്ക്ക് പ്രധാനമായും കാരണമാകുന്നു. ആത്യന്തികമായി കേരള കത്തോലിക്കാ സമൂഹം അതിന്റെ തനതായ സാംസ്കാരികവും ആത്മീയവുമായ സ്വത്വം കാത്തുസൂക്ഷിച്ചുകൊണ്ട് കുടിയേറ്റത്തിന്റെ മാറുന്ന ചലനാത്മകതയുമായി പൊരുത്തപ്പെടണം. തദവസരത്തിൽ സാമ്പത്തികവും സാമൂഹികവും സാംസ്കാരികവും ആത്മീയവുമായ കാര്യങ്ങളിൽ കുടിയേറ്റം വരുത്തുന്ന മാറ്റങ്ങളെക്കുറിച്ച് 'കുടിയേറ്റം: സ്വപ്നങ്ങളും ആശങ്കകളും' എന്ന ലേഖനത്തിൽ അഭിവന്ദ്യ പിതാവ് വിശദമായി ചർച്ച ചെയ്യുന്നു.

തുടരെത്തുടരെയുള്ള യുദ്ധങ്ങളെയും ഭീകരാക്രമണങ്ങളെയും അപലപിക്കുന്ന ലോകനേതാക്കൾ, ക്രൈസ്തവർക്കെതിരെയുള്ള വംശഹത്യാപരമായ അതിക്രമങ്ങളുടെ നേരെ മൗനം അവലംബിക്കുമ്പോൾ അതിനുപിന്നിൽ ചില നിക്ഷിപ്ത താത്പര്യങ്ങൾ ഉണ്ടാകുമെന്ന വസ്തുതയാണ് അത് ദ്യോതിപ്പിക്കുന്നത്. ഈ ദുരവസ്ഥയെ ഡമാസ്കസിലെ ക്രൈസ്തവ ദൈവാലയത്തിൽ നടന്ന ചാവേറാക്രമണത്തിന്റെ പശ്ചാത്തലത്തിൽ വ്യക്തമാക്കുന്ന ലേഖനവും വായനക്കാർക്കു നല്കുന്നു.

Darsakan, P.B. No. 22, Kanjirapally-686 507.
Ph: 7025466111
E-mail: darsakankply@gmail.com | www.darsakan.in
2025 July 01, Page 16, Vol. 14, Issue: 07




# തോമാശ്ലീഹായുടെ ഭാരതത്തിലെ രണ്ടാമത്തെ പ്രേഷിതയാത്ര

റവ. ഡോ. ജയിംസ് പുലിയുറുമ്പിൽ

റോമാസാമ്രാജ്യത്തിന്റെ തലസ്ഥാനവും, 'ലോകത്തിന്റെ തന്നെ തലസ്ഥാനവും', മെഡിറ്ററേനിയൻ ലോകത്തിന്റെ കേന്ദ്രവുമായ റോമായിൽനിന്നും ആരംഭിക്കുന്ന ഒരു പാത കിഴക്കേ റോമാസാമ്രാജ്യത്തിന്റെ തലസ്ഥാനമായ അന്ത്യോക്യ, റോമാ - പേർഷ്യ അതിർത്തിയിലുള്ള എദേസ, പേർഷ്യൻ സാമ്രാജ്യത്തിന്റെ തലസ്ഥാനമായ സെലൂഷ്യ - റ്റെസിഫോൺ, സാഗ്രസ് പർവതം, മേദിയായിലെ എക്ബട്ടണ എന്നിവ കടന്ന് മെർവ് എന്ന പട്ടണത്തിലെത്തി അവിടെനിന്ന് ഒരു വഴി ചൈനയിലേക്കും മറ്റേ വഴി ഇന്ത്യയിലേക്കും പോയിരുന്നു. ചൈനയിലേക്ക് പോയിരുന്ന പാതയെ 'സിൽക്ക് പാത' എന്നും ഇന്ത്യയിലേക്ക് വന്നിരുന്ന പാതയെ 'കുരുമുളക് അഥവാ സുഗന്ധവ്യഞ്ജന പാത' എന്നും വിദേശീയർ വിളിച്ചിരുന്നു. ഇന്ത്യയിലേക്കുള്ള വഴി വടക്കേ ഇന്ത്യയിലെ പ്രധാന പട്ടണമായ ഗുജറാത്തിലെ ബറുച്ചിലും അവിടെ നിന്ന് തുടർന്ന് പോന്ന് മലബാർതീരത്തെ മുസീറിസിലും എത്തിയിരുന്നു. ക്രിസ്തുവർഷം 48 വരെ തോമാശ്ലീഹ ഇൻഡോ - പാർത്യ രാജ്യത്തിന്റെ ഭാഗമായ വടക്കു പടിഞ്ഞാറ് പ്രദേശത്ത് സുവിശേഷം അറിയിച്ചതിനുശേഷം ജെറുസലേമിലേക്ക് തിരിച്ചുപോയി. തുടർന്ന് തന്റെ രണ്ടാമത്തെ പ്രേഷിതയാത്രയുടെ ഭാഗമായി ക്രിസ്തുവർഷം 52 ൽ കേരളത്തിലെ മുസിറിസിൽ എത്തി.

ക്രിസ്തുവിനുമുൻപ് ഏതാണ്ട് ആറാം നൂറ്റാണ്ടു മുതൽ വിദേശങ്ങളിൽനിന്നും കച്ചവടക്കാരും യാത്രികരും കേരളതീരത്ത് എത്തിയിരുന്നു. കേരളത്തിൽനിന്നുള്ള സുഗന്ധവ്യഞ്ജനങ്ങൾ കരമാർഗമായി തെക്കേ ഇന്ത്യ വഴി സിന്ധുനദി താഴ്വാരത്തിലൂടെ മധ്യേഷ്യയിലേക്ക് പോയിരുന്നു. കേരളത്തിൽനിന്നും സുഗന്ധദ്രവ്യങ്ങളും മറ്റും പ്രധാനമായും കൊണ്ടുപോയിരുന്നത് മെഡിറ്ററേനിയൻ പ്രദേശത്തേക്ക് ആയിരുന്നു. മെഡിറ്ററേനിയൻ പ്രദേശത്ത് ഇവ എത്തിക്കാൻ ഇവിടെനിന്നും യാത്ര - ചരക്ക് മാർഗ്ഗങ്ങൾ ഉണ്ടായിരുന്നു. ക്രിസ്തു വർഷം ആദ്യനൂറ്റാണ്ടുകളിൽ ഈ മാർഗം ഏറ്റവും പ്രയോജനപ്പെടുത്തിയിരുന്നത് റോമാക്കാരായിരുന്നു. അവരായിരുന്നു കേരളത്തിൽനിന്നുള്ള കുരുമുളക് തുടങ്ങിയുള്ള സുഗന്ധവ്യഞ്ജനങ്ങൾ മെഡിറ്ററേനിയൻ പ്രദേശത്തെ പട്ടണങ്ങളായ ഫ്ളോറൻസ്, നേപ്പിൾസ്, റോം, ജനോവ, ലിവോർണോ, അലക്സാണ്ടറിയ തുടങ്ങിയ സ്ഥലങ്ങളിൽ എത്തിച്ചിരുന്നത്. ഈ കച്ചവടത്തിന് അവർ യഹൂദരുടെ സഹായവും തേടിയിരുന്നു. കേരളത്തിൽനിന്നുള്ള സുഗന്ധവ്യഞ്ജനങ്ങൾക്ക് വിദേശങ്ങളിൽ വലിയ പ്രിയമായിരുന്നു. അതുകൊണ്ടാണ് കുരുമുളക് നമ്മുടെ നാട്ടിൽ പഴയകാലത്ത് അറിയപ്പെട്ടിരുന്നത് യവനപ്രിയ (യവനർക്ക് പ്രിയപ്പെട്ടത്) എന്നായിരുന്നു. കേരളവും മെഡിറ്ററേനിയൻ ലോകത്തെ പ്രധാന പട്ടണമായ അലക്സാണ്ടറിയായും തമ്മിലുള്ള ബന്ധമാണ് തോമാശ്ലീഹായുടെ ഇന്ത്യയിലേക്കുള്ള വരവ് എളുപ്പമാക്കിതീർത്തത്. ഈ രണ്ട് പട്ടണങ്ങൾ (അലക്സാണ്ടറിയായും മുസീറിസും) തമ്മിലുള്ള ബന്ധം അങ്ങോട്ടും ഇങ്ങോട്ടും ഉള്ള യാത്രയ്ക്ക് സഹായകമായി. ക്രിസ്തുവർഷം 44 ൽ ക്ലവുഡിയൂസിന്റെ ഭരണകാലത്ത് റോമിലേക്ക് തെക്കേ ഇന്ത്യയിൽനിന്നും പ്രതിനിധികളെ അയക്കുന്നത് റോമൻ ചരിത്രത്തിലുണ്ട്. ചരിത്രത്തിന്റെ പിതാവായ ഹെറോ ഡോട്ടസ് ഫിനീഷ്യക്കാർക്ക് 'ചെങ്കടൽ വ്യാപാര'ത്തിലൂടെ കേരളത്തിൽനിന്നും ലഭിച്ചിരുന്ന മീറ, കറുവ, കാസിയ എന്നിവയെക്കുറിച്ച് എഴുതുന്നുണ്ട്.

ഒന്നാം നൂറ്റാണ്ടിലെ റോമൻ എഴുത്തുകാരനായിരുന്ന പ്ലീനി കേരളത്തിലേക്കുള്ള സമുദ്രമാർഗ്ഗത്തെയും മലബാർ പ്രദേശത്തെയും അവിടെ ലഭ്യമാകുന്ന വസ്തുക്കളെയുംകുറിച്ച് വിവരിക്കുന്നുണ്ട്. മുസിറിസിലും കൊല്ലത്തും കിടക്കുന്ന യവന കപ്പലുകളെപ്പറ്റി അദ്ദേഹം എഴുതുന്നുണ്ട്. തോമാശ്ലീഹായുടെ ഭാരതത്തിലെ രണ്ടാമത്തെ പ്രേഷിത യാത്രയെക്കുറിച്ച് 'തോമായുടെ നടപടികൾ' എന്ന ഗ്രന്ഥം കൃത്യമായി വിവരിക്കുന്നുണ്ട്. വടക്കേ ഇന്ത്യ ഉൾപ്പെടുന്ന ഗുണ്ടഫർ ചക്രവർത്തിയുടെ പാർത്യ രാജ്യത്ത് നടത്തിയ ശ്ലീഹായുടെ ഒന്നാമത്തെ പ്രേഷിതയാത്രയാണ് ഒന്നുമുതൽ ആറു വരെ അധ്യായങ്ങളിൽ കാണുക. 7 മുതൽ 13 വരെയുള്ള അധ്യായങ്ങൾ കേരളം ഉൾപ്പെടുന്ന തെക്കേ ഇന്ത്യയിലെ പ്രേഷിതയാത്രയുടെ കാര്യമാണ്. തോമാശ്ലീഹാ രൂപം കൊടുത്ത സഭാസമൂഹത്തെ നയിക്കുന്നതിന് സാന്റിപൂസ് എന്ന ഡീക്കനെ ഭരമേല്പിച്ച ശേഷം ശ്ലീഹാ സുവിശേഷപ്രഘോഷണത്തിന് മറ്റൊരു രാജ്യത്തിലേക്ക് പോയി എന്നാണ് തോമായുടെ നടപടികൾ ഏഴാം അധ്യായത്തിന്റെ അവസാനത്തിൽ വായിക്കുക. അത് തെക്കേ ഇന്ത്യയിലെ മസ്ദായ് എന്ന ചക്രവർത്തിയുടെ രാജ്യമാണ്. ഈ രാജ്യത്തെ വിവിധ പ്രദേശങ്ങളിലും അദ്ദേഹം സുവിശേഷം പ്രസംഗിക്കുകയും അനേകം അത്ഭുതങ്ങൾ പ്രവർത്തിക്കുകയും അനേകരെ ജ്ഞാനസ്നാനപ്പെടുത്തുകയും ചെയ്തു. രാജപുത്രനും ഭാര്യയും പട്ടാളമേധാവിയുടെ ഭാര്യയും എല്ലാം സുവിശേഷം സ്വീകരിച്ച വലിയ വ്യക്തികളിൽ ചിലർ മാത്രമാണ്. ഇതെല്ലാം രാജാവിന്റെ അനിഷ്ടത്തിനും ക്രോധത്തിനും കാരണമായി. തന്മൂലം മസ്ദായി തോമാശ്ലീഹായെ വധിക്കാൻ പടയാളികളെ ഏൽപ്പിക്കുകയാണ്. അവർ തോമാശ്ലീഹായെ ബന്ധിക്കുന്നത് ഈ ഗ്രന്ഥത്തിന്റെ പന്ത്രണ്ടാം അധ്യായത്തിൽ കാണാം. അങ്ങനെ തോമാശ്ലീഹാ ഇന്ത്യയിലെ തന്റെ പ്രേഷിതവേല മൈലാപൂരിലെ രക്തസാക്ഷിത്വംകൊണ്ട് മുദ്രവച്ചു.

# എല്ലാ ക്ലാസ് മുറികളിലും പത്ത് കൽപ്പനകൾ പ്രദർശിപ്പിക്കും; നിയമത്തിൽ ഒപ്പുവെച്ച് ടെക്സാസ് ഗവർണർ



ടെക്സാസ്: പൊതുവിദ്യാലയങ്ങളിലെ എല്ലാ ക്ലാസ് മുറികളിലും പത്ത് കൽപ്പനകൾ പ്രദർശിപ്പിക്കണമെന്ന് ആവശ്യപ്പെടുന്ന നിയമത്തിൽ അമേരിക്കൻ സംസ്ഥാനമായ ടെക്സാസിന്റെ ഗവർണർ ഗ്രെഗ് ആബട്ട് ഒപ്പുവച്ചു. 2025-2026 അധ്യായന വർഷത്തിന്റെ തുടക്കത്തിൽ തന്നെ ഇത് ചെയ്യണമെന്ന് ആവശ്യപ്പെടുന്നതാണ് നിയമം. സംസ്ഥാനത്തെ പബ്ലിക് എലിമെന്ററി അല്ലെങ്കിൽ സെക്കൻഡറി സ്കൂൾ ക്ലാസ് മുറികളിൽ 'ഈടുനിൽക്കുന്ന ഒരു പോസ്റ്റർ അല്ലെങ്കിൽ പത്ത് കൽപ്പനകളുടെ ഫ്രെയിം ചെയ്ത പകർപ്പ്' തൂക്കിയിടണമെന്ന് നിയമനിർമ്മാണം ആവശ്യപ്പെടുന്നു. ജൂൺ 21ന് ഗവർണ്ണർ ഒപ്പിട്ട നിയമപ്രകാരം, കൽപ്പനകളുടെ പ്രദർശനത്തിൽ മറ്റ് ഉള്ളടക്കങ്ങൾ ഉൾപ്പെടുത്താൻ കഴിയില്ല.

ഓരോ പകർപ്പും കുറഞ്ഞത് 16 ഇഞ്ച് വീതിയും 20 ഇഞ്ച് ഉയരവും ഉണ്ടായിരിക്കണം, ക്ലാസ് മുറിയിൽ എവിടെ നിന്നും ശരാശരി കാഴ്ചയുള്ള ഒരാൾക്ക് വായിക്കാൻ കഴിയുന്ന വിധത്തിലായിരിക്കണമെന്നും നിർദ്ദേശമുണ്ട്. ടെക്സസ് സെനറ്റർ ഫിൽ കിംഗ് അവതരിപ്പിച്ച ബിൽ, കഴിഞ്ഞ മാർച്ച് 19നാണ് സെനറ്റിൽ പാസ്സാക്കിയത്. പിന്നീട് കാൻഡി നോബിൾ ഇത് പ്രതിനിധി സഭയിൽ അവതരിപ്പിച്ചു. മെയ് 25ന് 82-46 വോട്ടുകൾക്കാണ് ബിൽ പാസാക്കിയത്. 'നിന്റെ ദൈവമായ കർത്താവ് ഞാൻ ആകുന്നു' എന്ന ഒന്നാം പ്രമാണം മുതൽ എല്ലാ സ്കൂളുകളും ഉപയോഗിക്കേണ്ട പത്ത് കൽപ്പനകളുടെ പദപ്രയോഗങ്ങൾ അധികൃതർ കൃത്യമായി നിർവചിച്ചിട്ടുണ്ട്.

പഴകാത്ത പണസഞ്ചി

# “ഒരു ചേതവുമില്ലാത്ത ചേടത്തി”

## പഴയ തലമുറയിലെ ക്രിസ്ത്യൻ അമ്മച്ചിമാരുടെ ജീവിതചര്യയിലേക്കു ഒരു തിരിഞ്ഞു നോട്ടം



ഡോ. മ്യൂസ് മേരി
റിട്ട.കോളേജ് പ്രൊഫസർ



“ഞാനെപ്പോഴും ഓർക്കാറുണ്ട്, പേരില്ലാത്ത ആ ചേടത്തിമാരെപ്പറ്റി. സാരിയോ ചുരിദാറോ ജീൻസോ ഒക്കെ ഇട്ട ഇന്നത്തെ ആന്റിമാരോ ചേച്ചിമാരോ അല്ല അവർ. വേറൊരു ജനുസാണ്. മിക്കവരും അറിയപ്പെട്ടിരുന്നത് സ്വന്തമായ പേരിലല്ല. ഏലിയാമ്മയോ അന്നമ്മയോ മറിയാമ്മയോ റോസമ്മയോ ബ്രിജിത്തയോ റീത്തയോ ഒക്കെയാകാം അവർ. പക്ഷേ, അവർ അറിയപ്പെട്ടിരുന്നത് ആ പേരിലൊന്നും അല്ല. ആഞ്ഞിലിത്താനത്തെ ചേടത്തിയോ, കുഴിലെച്ചേടത്തിയോ, കുളത്തൂർച്ചേടത്തിയോ, മാവുങ്കച്ചേടത്തിയോ ഒക്കെ ആയി അവർ ജീവിച്ചു. ചട്ടയും മുണ്ടും കവണിയും ധരിച്ച് അവർ മിക്ക ദിവസവും പള്ളിയിൽ പോയി. ശനിയാഴ്ച, ഞായറാഴ്ച കുർബ്ബാനകൾ അവർ മുടക്കിയിട്ടില്ല. എല്ലാ രാത്രികളിലും അമ്പത്തിമൂന്നുമണി ജപം (കൊന്ത) ചൊല്ലി. ചിലർ തിരുഹൃദയത്തിന്റെ കൊന്തയും വ്യാകുലത്തിന്റെ കൊന്തയും ചൊല്ലി ജീവിച്ചുവരുംവഴി എപ്പോഴോ അവർ സ്വന്തം പേരു മറന്നു. അപ്പനോ ആങ്ങളയോ കെട്ട്യോനോ വിളിക്കുന്നതിനപ്പുറം അവർ വീട്ടുപേരു ചേടത്തിമാരായി മാറി.

എന്റെ ബാല്യത്തിൽ ഈ ചേടത്തിമാർ ആരുടെയും പേര് എനിക്കറിയില്ലായിരുന്നു. അവരെയെല്ലാം കുടുംബപ്പേരിൽ മാത്രമാണ് മനസ്സിലാക്കിയിരുന്നത്. കുത്തുംകല്ലുങ്കച്ചേടത്തിയുടെ പേര് അന്ന എന്നായിരുന്നു എന്നു അറിഞ്ഞത് കൊച്ചുമോളുടെ മാമ്മോദീസ സമയത്താണ്. വല്യമ്മച്ചിയുടെ പേരാണല്ലോ കൊച്ചുമോൾക്ക് ഇടുക. പ്രായത്തിൽ മൂത്തവർ പെണ്ണേന്നോ കൊച്ചേന്നോ വിളിച്ചിട്ടുണ്ടാകും. കെട്ടിയോൻമാർ മിക്കവാറും എടീന്നായിരിക്കും വിളിക്കുക. മക്കൾ അമ്മച്ചീന്നും അയലോക്കത്തെ ആളുകൾ ചേടത്തീന്നും വിളിക്കും. മറ്റു പല ചേടത്തിമാർക്കിടയിൽ ഇവരെ വേറിട്ടറിയുന്നതിന് വീട്ടുപേരുകൂട്ടി ചേടത്തീന്ന് പറയും. എന്നാൽ, ചേട്ടൻമാർ കുഞ്ഞൂട്ടിച്ചേട്ടനും കുഞ്ഞേപ്പുച്ചേട്ടനും അപ്പച്ചൻച്ചേട്ടനും അപ്രേൻച്ചേട്ടനും തോമ്മാച്ചേട്ടനും കുഞ്ഞച്ചൻച്ചേട്ടനും മത്തായിച്ചേട്ടനും തൊമ്മൻച്ചേട്ടനും ഒക്കെയായി വിളിക്കപ്പെടുകയും അറിയപ്പെടുകയും ചെയ്തു. ചിലപ്പോഴൊക്കെ വീട്ടുപേരുപോലുമില്ലാതെ കുഞ്ഞേപ്പുച്ചേട്ടന്റെവടുത്തെ ചേടത്തിയെന്നൊക്കെ പറഞ്ഞെന്നും ഇരിക്കും. എന്നാൽ കാഞ്ഞിരപ്പള്ളിയിലെ സമ്പന്നരും ഫ്യൂഡൽപ്രമാണിമാരുമായ വീടുകളിലെ ചേടത്തിമാർ മറിയാമ്മച്ചിയോ അന്നമ്മച്ചിയോ ഒക്കെയായി അസ്തിത്വവും പദവിയും പൂർണ്ണമായി നഷ്ടപ്പെടുത്താതെ ജീവിച്ചു.

ഇടത്തരം സാമ്പത്തികസ്ഥിതിയോ അതിലും താഴ്ന്ന സാമ്പത്തിക സ്ഥിതിയോ ഉള്ള വീടുകളിലെ ചേടത്തിമാരുടെ ദൈനംദിനജീവിതം തിരക്കുപിടിച്ചതായിരുന്നു. നേരം ഏഴര വെളുക്കുംമുൻപേ അടുക്കളപ്പണി തീർക്കാൻ തിടുക്കപ്പെട്ടിരുന്നവർ. വെളുപ്പിനെ നാലുമണിക്കോ അഞ്ചുമണിക്കോ ഉണർന്നുകഴിഞ്ഞാൽ പിന്നെ വായ കഴുകി മുടി വാരിക്കെട്ടിവച്ച് കഴിഞ്ഞാൽപ്പിന്നെ മുട്ടുമ്മേ നിന്ന് പ്രാർത്ഥിക്കാതെ അവർ ഒന്നും ചെയ്തിരുന്നില്ല.

വേദപുസ്തക വായനയൊന്നും അവർക്കുണ്ടായിരുന്നില്ല. വേദപുസ്തകം (ബൈബിൾ) വായിക്കുകയോ അൽമായർ (അൽമേനി) അർത്ഥം കണ്ടെത്തുകയോ ചെയ്യുന്നത് അന്നൊന്നും കത്തോലിക്കാസഭ അനുവദിച്ചിരുന്ന കാര്യമേയല്ല. വായിക്കാനും പഠിക്കാനും വ്യാഖ്യാനിക്കാനും അധികാരപ്പെട്ടവർ അച്ചന്മാർ മാത്രമായിരുന്നു. സന്ധ്യാപ്രാർത്ഥനാസമയത്ത് ബൈബിൾ വായിക്കുന്നത് കത്തോലിക്കാ വിശ്വാസജീവിതത്തിന്റെ ഭാഗമായിട്ട് ഒരു മുപ്പതുകൊല്ലം ഒക്കെയേ ആയിട്ടുള്ളൂ. കൊന്ത / ജപമാല ഭക്തി കത്തോലിക്കാ ജീവിതത്തിന്റെ അവിഭാജ്യ ഘടകമായിരുന്നു. അമ്പത്തിമൂന്നുമണി ജപം (കൊന്ത) നൂറ്റമ്പത്തിമൂന്നുമണി ജപം (സന്തോഷം, ദുഃഖം, മഹിമ എന്നീ മൂന്നു ‘രഹസ്യ’ങ്ങളും ഉൾക്കൊണ്ട കൊന്ത). തിരുഹൃദയത്തിന്റെ കൊന്ത, വ്യാകുലത്തിന്റെ കൊന്ത, സകല പുണ്യാളന്മാരുടെയും ലുത്തിനിയ എന്നിങ്ങനെയുള്ള വേറെയും പ്രാർത്ഥനകൾക്കുപുറമേ സന്ധ്യയിലും പ്രഭാതത്തിലും ചൊല്ലിയിരുന്ന പ്രാർത്ഥനകൾ ഉണ്ടായിരുന്നു. മാതാവിനോടുള്ള (കന്യാമറിയം) ഭക്തിയും പ്രാർത്ഥനയും ജീവശ്വാസം പോലെയായിരുന്നു. കൊന്തമണികളിലൂടെ വിരലുകൾ സഞ്ചരിച്ചിരുന്നുവെങ്കിലും സ്ഥിരമായി കൊന്ത കഴുത്തിലിട്ടുകൊണ്ട് നടക്കുന്നത് അന്ന് കുറവായിരുന്നു. നല്ല സാമ്പത്തികസ്ഥിതിയുള്ളവർ സ്വർണ്ണക്കൊന്ത അണിഞ്ഞിരുന്നു. എന്നാൽ വെന്തിങ്ങയും മിന്നുമാലയും കഴുത്തിൽ നിന്ന് മാറ്റാറില്ല. മിന്നിടാൻ മാലയില്ലാത്തവർ മിന്ന് (താലി) ഒരു വെളുത്ത നൂലിൽ കെട്ടി കഴുത്തിൽ ധരിച്ചിരുന്നു. കുണുക്കും കമ്മലും ഇട്ട ചേടത്തിമാരായിരുന്നു കൂടുതലും. പറമ്പിൽ പണിതും അരി ഇടിച്ചും പൊടിച്ചും കയ്യാലേം കുന്നും കേറിയിറങ്ങിയും നല്ല ഉറച്ച ശരീരവും മുഴുത്ത മാറിടങ്ങളും വിണ്ട കാൽപ്പാദങ്ങളും തേഞ്ഞ നഖങ്ങളുമൊക്കെയായി അവർ ജീവിച്ചു.

അധ്വാനിക്കാതെ വെറുതെയിരിക്കുക ചേടത്തിമാരുടെ സിലബസിൽ ഉണ്ടായിരുന്നില്ല. ആനത്താനത്തെ മറിയാമ്മച്ചേടത്തി ഓലത്തുഞ്ചാണികൊണ്ട് നല്ല ചൂലുകെട്ടിയെടുക്കും എന്ന് സോദാഹരണപ്രഭാഷണം എത്രയോ തവണ കേട്ടിട്ടുണ്ട്. ഗ്രാനൈറ്റും മറ്റും തറ മിനുക്കുന്നതിന് മുൻപ് മുറിയടിക്കാൻ ഇത്തരം ചൂലുകളാണ് ഉപയോഗിച്ചിരുന്നത്. ഏക്കറുകളോളം തെങ്ങിൻപുരയിടം ഉണ്ടായിരുന്ന ആനത്താനത്തെ മറിയാമ്മച്ചിയും അധ്വാനിച്ചിരുന്നു എന്ന ഓർമ്മപ്പെടുത്തൽ ജീവിതത്തിൽ അധ്വാനിക്കേണ്ടതിന്റെ ആവശ്യകതയ്ക്കുള്ള അടിക്കുറിപ്പായിരുന്നു. പിന്നീട് ഒരിക്കൽ ഞാൻ ഈ മറിയാമ്മച്ചിയെ കണ്ടു. നന്നായി വെളുത്ത് സുന്ദരിയായ ഒരമ്മച്ചി. ചട്ടയും മുണ്ടുമൊക്കെ ധരിച്ച്, കുലീനമായ പെരുമാറ്റവും ചിരിയുമൊക്കെയുള്ള ആ രൂപം ഇന്നും അത്ര വ്യക്തമായിട്ടല്ലെങ്കിലും മനസ്സിലുണ്ട്.

പണിയെടുക്കാതെ കഞ്ഞികുടിക്കാൻ ആരും ശ്രമിച്ചിരുന്നില്ല. രാവിലെ കുറച്ച് തെകത്തു കപ്പയും ഉണക്കമീൻ കൂട്ടാനും കഴിച്ചിട്ടായിരിക്കും മിക്കവരും പണിക്കിറങ്ങുക. അതിനുമുൻപ് വീട്ടിലെ ഒരു നീക്കുപണി കഴിഞ്ഞിട്ടുണ്ടാകും. പറമ്പിലും കയ്യാലയിലും ആണുങ്ങൾക്കൊപ്പം പണിയുന്നവരായിരുന്നു സാദാ ചേടത്തിമാരിലധികവും. ഉണക്കക്കപ്പ തലേന്നെ വെള്ളത്തിലിട്ട് കുതിർത്തതിനുശേഷം പിറ്റേന്നു രാവിലെ വലിയ ചെരുവത്തിലിട്ടു തിളപ്പിച്ച് വേവിച്ചെടുക്കുന്നതാണ് മിക്ക വീടുകളിലെയും പ്രഭാതഭക്ഷണം. ഇത് തേങ്ങ ചേർത്ത അരപ്പിട്ട് ഇളക്കിയെടുക്കും. തേങ്ങയില്ലാത്തപ്പോൾ വേവിച്ച് വെള്ളം ഊറ്റിക്കളഞ്ഞ് ഉപ്പുനീരുമൊഴിച്ച് കഴിക്കും. ഉണക്കമീൻ ചുട്ടതോ വറത്തതോ കാന്താരി വച്ച് അടച്ചൂറ്റിയുടെ മോളിലോ അരകല്ലിലോ വച്ച് ചതച്ചെടുത്ത കപ്പയുമാണ് സാമ്പത്തികസ്ഥിതി കുറഞ്ഞ വീടുകളിലെ പ്രഭാതഭക്ഷണം. പെരുന്നാളുകൾക്കും ഈസ്റ്ററിനും ക്രിസ്മസിനുമൊക്കെ വെള്ളേപ്പമോ പാലപ്പമോ ഉണ്ടാക്കും. ചിലപ്പോഴൊക്കെ പുട്ടും അരിഒറോട്ടിയും കൊഴുക്കട്ടയുമൊക്കെ മെനുവിൽ പെടുമെങ്കിലും കപ്പയും കഞ്ഞിയുമൊക്കെയാണ് സാധാരണ രീതി. കപ്പ പുഴുങ്ങിയതിനുശേഷം ആ അടുപ്പിൽ കഞ്ഞിക്ക് വെള്ളം വയ്ക്കും. കെട്ടിക്കാത്ത പെൺമക്കൾ ഉണ്ടെങ്കിൽ അവർ ബാക്കി അടുക്കളക്കാര്യം നോക്കും. ചോറു തടയിലിടും, കൂട്ടാനൊരു ചാറുകറി വയ്ക്കും. മീനോ ഇറച്ചിയോ എന്തെങ്കിലും മിക്കവാറും കാണും. അടുപ്പിന്റെ മൂട്ടിൽ സദാ കരിപിടിച്ച മുഖവുമായി ഒരു കൊച്ചു ചെമ്പുകലം ഇരിക്കുന്നുണ്ടായിരിക്കും. ചൂടാറാത്ത ചക്കരക്കാപ്പി അതിലുണ്ടായിരിക്കും. തീരുമ്പം തീരുമ്പം അതു പിന്നേം തിളപ്പിക്കും. വീട്ടിൽവരുന്ന അതിഥികൾക്കും വീട്ടിലുള്ളവർക്കും പറമ്പിൽ പണിയുന്നവർക്കുമെല്ലാം ചൂടുള്ള കാപ്പി നിർലോഭം കൊടുക്കും. ഇച്ചിരി ചൂടുകാപ്പി കൊടുക്കാത്തവര് അറുത്തകൈക്ക് ഉപ്പുതേക്കാത്തവരായിരിക്കും. അങ്ങനത്തെ പെണ്ണുങ്ങളൊള്ള വീട് കൊണംപിടിക്കത്തില്ലന്ന് പ്രായമായവരും പറയും. കുടിക്കാൻകൊടുക്കുക, ബീഡി കത്തിക്കാൻ തീക്കൊള്ളി കൊടുക്കുക, ദാഹിച്ചുവരുന്നവർക്ക് ചൂടുകഞ്ഞിവെള്ളം കൊടുക്കുക എന്നതൊക്കെ ചേതമില്ലാത്ത ഉപകാരങ്ങളായി കരുതിപ്പോന്നിരുന്നു. കഞ്ഞിവെള്ളത്തിന് അത്യാവശ്യക്കാരും അക്കാലത്ത് ഉണ്ടായിരുന്നു. ”ഇച്ചി, കഞ്ഞാവെള്ളോം കൂട്ടാഞ്ചാറും ഇങ്ങെടുത്തേ” എന്നു പറയുന്ന അപ്പാപ്പന്മാരും ഉണ്ടായിരുന്നു.

പ്രസവരക്ഷയിലാണ് മിക്കവരും രക്ഷപ്പെട്ടിരുന്നത്. പ്രസവിക്കുന്തോറും ആരോഗ്യം വർദ്ധിക്കുന്നതായിട്ടാണ് മിക്കവരും പറയുന്നത്. ഗർഭധാരണവും പ്രസവവും നിത്യജീവിതത്തിന്റെ സാധാരണ കാര്യങ്ങളായിട്ടാണ് അവർ കരുതിപ്പോന്നിരുന്നത്. എന്റെ പത്താംക്ലാസിലെ ഒരു കൂട്ടുകാരി അവരുടെ വീട്ടിലെ പതിനഞ്ചാമത്തെ സന്താനമായിരുന്നു. പ്രസവം കഴിഞ്ഞ് അര മുറുക്കിയുടുത്ത് ഗർഭപാത്രം ചുരുങ്ങുന്നതുവരെ ഉണക്കലരി ചോറും പച്ചക്കറിയും നല്ല ആട്ടിൻകരൾ കുരുമുളകിട്ട് നെയ്യിൽ വറുത്തതുമൊക്കെ കഴിച്ച് തങ്ങളുടെ ആരോഗ്യം നോക്കാൻ ചേടത്തിമാരും വീട്ടിലുള്ളോരും ശ്രദ്ധിച്ചിരുന്നു. ആദ്യത്തെ പതിനഞ്ചുദിവസം അധികം വെള്ളമൊന്നും കുടിക്കില്ല. പതിനാറിന് അടുത്തുള്ള തോട്ടിൽ അടിച്ചുതളിച്ച് കുളിച്ചുകയറും. ചിലരൊക്കെ അന്നുമുതൽ ജോലി ചെയ്തുതുടങ്ങും. സമ്പന്നരായ നസ്രാണിച്ചിമാർ മൂന്നുമാസം തനി വിശ്രമത്തിലായിരിക്കും. നാല്പാമരമിട്ട് വെന്ത വെള്ളത്തിൽ കുളിക്കും. ധന്വന്തരം കുഴമ്പ് തേക്കും. ഉച്ചിതണുക്കെ എണ്ണ പുരട്ടും. കുറുന്തോട്ടി താളിയോ, ചെമ്പരത്തി താളിയോ ചൊറിയൻതാളിയോ ഇട്ട് തലകഴുകും. തൊട്ടാവാടി സമൂലം ഇട്ട് കഞ്ഞിവച്ച് കുടിക്കും. ആടിന്റെ ഇറച്ചികൊണ്ട് ലേഹ്യം, ആടിന്റെ തലയും കാലുമൊക്കെക്കൊണ്ടുള്ള സൂപ്പ് എന്നിവയൊക്കെ മേമ്പൊടിയായി ഉണ്ടാകും. ചുരുക്കത്തിൽ ഇതെല്ലാം കഴിയുമ്പോൾ ചേടത്തിമാര് ഒന്നുതെളിയും.

പൊതുവെ അച്ചായന്മാരാകട്ടെ, തങ്ങടെ പെണ്ണുമ്പിള്ളേള വിട്ടിട്ട് വേറെ എടങ്ങേറിനൊന്നും പോകുകേമില്ല. ഇങ്ങനെ എട്ടും പത്തും പെറ്റ ചേടത്തിമാർക്ക് ഈ കൊച്ചുങ്ങൾക്ക് ആഹാരം കൊടുക്കാതെ സ്വന്തം വയറ് നിറയ്ക്കാൻ തോന്നില്ല. അപ്പം പിന്നെ, കുഞ്ഞേപ്പും തോമ്മാക്കുട്ടീം മേരിക്കുഞ്ഞും അവിരാച്ചനും കുഞ്ഞൂട്ടീം റോസമ്മേമൊക്കെയായി മക്കൾ എന്തും തിന്നാൻ പ്രാപ്തരായി നിൽക്കുമ്പോൾ കഞ്ഞിവെള്ളത്തിലേയ്ക്കും ഇറച്ചിക്കറിയിലെ തേങ്ങാക്കൊത്തിലേയ്ക്കും കാന്താരി ചമ്മന്തിയിലേക്കുമൊക്കെ ചേടത്തിമാർ ചുവടുമാറ്റും. അതെല്ലാം സന്തോഷത്തോടെ സഹിക്കുവാൻ മെരുക്കപ്പെട്ട അമ്മമാരായിരുന്നു അവരെല്ലാം.

ഏത് അധ്വാനത്തിരക്കിനിടയിലും അവർ പള്ളീപ്പോകാൻ സമയം കണ്ടെത്തും. ഞായറാഴ്ചക്കുർബ്ബാന മൊടക്കത്തേയില്ല.

(തുടരും...)

ആരോഗ്യം

# പേവിഷബാധ



ഡോ. അനിറ്റ് ജോസഫ് കാരയ്ക്കാട്ട്
ജനറൽ ഹോസ്പിറ്റൽ,
എറണാകുളം



**രോഗം ബാധിച്ച മൃഗങ്ങളുടെ ഉമിനീരിൽ ഈ വൈറസ്സ് കണ്ടുവരുന്നു. അത് മൃഗങ്ങളുടെ കടികൊണ്ടോ മാന്തുകൊണ്ടോ ഉണ്ടായ മുറിവിലൂടെ / പോറലിലൂടെ ശരീരത്തിൽ പ്രവേശിച്ച്, ശരീര പേശികൾക്കിടയിലെ നാഡികളിൽ എത്തി, നാഡീവ്യൂഹത്തിൽകൂടി സഞ്ചരിച്ച് തലച്ചോറിലെത്തുന്നു. തൊലിയിൽ പോറലുള്ള സ്ഥലത്തും, കണ്ണ്, മൂക്ക്, വായ് എന്നിവിടങ്ങളിൽ പേനായ്ക്കൾ നക്കിയാലും രോഗം ബാധിക്കാനിടയുണ്ട്.**

മനുഷ്യരെ ബാധിക്കുന്ന ഏറ്റവും മാരകമായ ജന്തുജന്യരോഗമാണ് പേവിഷബാധ. മൃഗങ്ങളിൽനിന്നും മനുഷ്യരിലേക്ക് പകരുന്ന ഇതിന് 'റാബീസ്' എന്നു പറയുന്നു. 'റാബീസ്' എന്ന ലാറ്റിൻ പദത്തിന്റെ അർത്ഥം 'ഭ്രാന്ത്' എന്നാണ്. പേയുള്ള മൃഗത്തിൽനിന്ന് രോഗാണു മനുഷ്യനിൽ പ്രവേശിച്ച് രോഗബാധയുണ്ടായാൽ മരണം ഉറപ്പാണ്. ലോകത്ത് ഇന്നുവരെ പേവിഷബാധയ്ക്ക് ഫലപ്രദമായ ചികിത്സ കണ്ടുപിടിച്ചിട്ടില്ല. എന്നാൽ 100% പ്രതിരോധിക്കാൻ പറ്റുന്ന രോഗമാണിത്.

**രോഗകാരണം:-** റാബീസ് വൈറസ്സാണ് ഈ രോഗത്തിനു കാരണം.

**രോഗപകർച്ച:-**

വൈറസ്സ് ഉള്ള പട്ടി, പൂച്ച, മരപ്പട്ടി, പെരുച്ചാഴി, പശു, ആട്, കുറുക്കൻ, ചെന്നായ, കുരങ്ങൻ എന്നീ മൃഗങ്ങളിൽനിന്നാണ് മനുഷ്യർക്ക് ഇത് കിട്ടുന്നത്. മനുഷ്യരിൽ രോഗം പകർത്തുന്നത് പ്രധാനമായും (95%) പട്ടിയാണ്, പിന്നെ പൂച്ച. അമേരിക്ക, കാനഡ എന്നിവിടങ്ങളിൽ പ്രധാനമായും വാമ്പൈർ വവ്വാലുകളാണ് രോഗം പകർത്തുന്നത്.

രോഗം ബാധിച്ച മൃഗങ്ങളുടെ ഉമിനീരിൽ ഈ വൈറസ്സ് കണ്ടുവരുന്നു. അത് മൃഗങ്ങളുടെ കടികൊണ്ടോ മാന്തുകൊണ്ടോ ഉണ്ടായ മുറിവിലൂടെ / പോറലിലൂടെ ശരീരത്തിൽ പ്രവേശിച്ച്, ശരീര പേശികൾക്കിടയിലെ നാഡികളിൽ എത്തി, നാഡീവ്യൂഹത്തിൽകൂടി സഞ്ചരിച്ച് തലച്ചോറിലെത്തുന്നു. തൊലിയിൽ പോറലുള്ള സ്ഥലത്തും, കണ്ണ്, മൂക്ക്, വായ് എന്നിവിടങ്ങളിൽ പേനായ്ക്കൾ നക്കിയാലും രോഗം ബാധിക്കാനിടയുണ്ട്.

**രോഗലക്ഷണങ്ങൾ: മനുഷ്യരിൽ:-**

രോഗാണു ശരീരത്തിനുള്ളിൽ കയറിയാൽ രോഗലക്ഷണങ്ങൾ ഒരാഴ്ച മുതൽ 3 മാസത്തിനുള്ളിൽ കാണിച്ചു തുടങ്ങും. ചിലപ്പോൾ അത് ഒരു വർഷംവരെ എടുക്കാറുണ്ട്. മുറിവിൽനിന്ന് രോഗാണുക്കൾ നാഡികൾ വഴി തലച്ചോറിൽ എത്തുമ്പോഴാണ് രോഗലക്ഷണങ്ങൾ തുടങ്ങുന്നത്. റാബീസ് വൈറസ്സ് തലച്ചോറിൽ എത്തി എൻസെഫാലൈറ്റിസ് (encephalitis) എന്ന രോഗാവസ്ഥയുണ്ടാക്കുന്നതുമൂലം മരണം സംഭവിക്കുന്നു. രോഗാവസ്ഥയെ മൂന്നു ഘട്ടങ്ങളായി തരംതിരിക്കാം:-

**ഒന്നാം ഘട്ടം:-**

കടിയേറ്റ ഭാഗത്ത് ചൊറിച്ചിൽ, മുറിവേറ്റ ഭാഗത്ത് മരവിപ്പ്; തലവേദന, തൊണ്ട വേദന എന്നിവയുണ്ടാവും.

**രണ്ടാം ഘട്ടം:-**

വിറയൽ, ശ്വാസതടസ്സം, ഉത്കണ്ഠ, പേടി, ശബ്ദവ്യത്യാസം, ഉറക്കമില്ലായ്മ, കാറ്റിനോടും വെള്ളത്തിനോടും വെളിച്ചത്തിനോടും പേടി. അതുകൊണ്ട് ഈ രോഗത്തെ ജലഭീതി (ഹൈഡ്രോ ഫോബിയ) എന്നു വിളിക്കുന്നു.

**മൂന്നാംഘട്ടം:-**

തളർന്നു കിടക്കും. ശ്വാസതടസ്സം, ശബ്ദവ്യത്യാസം എന്നിവയുണ്ടാവും; അവസാനം മരണപ്പെടുന്നു.

**രോഗലക്ഷണങ്ങൾ മൃഗങ്ങളിൽ:-**

നായകളിൽ രോഗാണു പ്രവേശിച്ചു കഴിഞ്ഞാൽ 3 മുതൽ 8 ആഴ്ചയ്ക്കുള്ളിൽ രോഗലക്ഷണങ്ങൾ കാണിക്കും.

ആദ്യഘട്ടം: പൊതുവെ ശാന്തസ്വഭാവമായിരിക്കും. വായിൽനിന്ന് നുരയും പതയും വരും. വെള്ളം കുടിക്കാൻ ശ്രമിക്കുമെങ്കിലും പറ്റില്ല.

രണ്ടാം ഘട്ടം: ഈ ഘട്ടത്തിൽ അവ അക്രമകാരിയാവുന്നു. നായ്ക്കൾ അനുസരണമില്ലാതെ ഇരുണ്ട മൂലകളിൽ പോയി ഒളിച്ച് നിൽക്കുകയും, ശബ്ദം, വെളിച്ചം എന്നിവയെ ഭയപ്പെടുകയും ചെയ്യും. സാങ്കല്പിക വസ്തുക്കളെ കടിക്കുക; മരം, കല്ല്, മണ്ണ് എന്നിവ തിന്നുകയും ചെയ്യും. കണ്ണുകൾ ചുമക്കും, ഉമിനീരൊലിപ്പിച്ച് ലക്ഷ്യമില്ലാതെ ഓടും, പ്രകോപനമില്ലാതെ എല്ലാറ്റിനെയും കടിക്കും. പേവിഷബാധയേറ്റ നായ്ക്കൾ കുരയ്ക്കാതെ കടിക്കും. കുരയ്ക്കുന്ന ശബ്ദത്തിലും വ്യത്യാസം കാണാം. ഇത് നാലോ അഞ്ചോ ദിവസം നീണ്ടുനില്ക്കുന്നു. ക്രമേണ തളർച്ച ബാധിച്ച മൃഗം ചത്തു പോവുന്നു.

പൂച്ചകൾ രണ്ടാം ഘട്ടം മാത്രമേ കാണിക്കൂ. ഒന്നോ രണ്ടോ ദിവസം ഒളിവിൽക്കഴിഞ്ഞ പൂച്ച അക്രമാസക്തിയോടെയാവും പുറത്തുവരിക. വിക്ഷോഭത്തിന്റെ കാലം കഴിഞ്ഞാൽ അംഗങ്ങൾ ഓരോന്നായി തളർന്ന് പൂച്ച ചത്തുവീഴുന്നു.

കന്നുകാലികളിൽ റാബീസ് ബാധിച്ചാൽ മൃഗം ക്രമേണ ആക്രമണകാരിയാവുകയും കുത്തുകയും നിലത്ത് മാന്തുകയും ചെയ്യും.

**ചികിത്സ:-**

1. മുറിവുണ്ടായ ഭാഗം പൈപ്പിൽനിന്നും ഒഴുകുന്ന വെള്ളത്തിൽ സോപ്പ് ഉപയോഗിച്ച് 15 മിനിറ്റെങ്കിലും കഴുകിക്കൊണ്ടിരിക്കണം. റാബീസ് വൈറസ്സുകൾ 90% ഈ ഒഴുകുന്ന വെള്ളത്തിൽ ഒലിച്ചു പോകും.
2. വലിയ മുറിവുകളാണെങ്കിൽ കഴുകിയതിനുശേഷം വൃത്തിയുള്ള തുണിവെച്ച് കെട്ടി രക്തപ്രവാഹം നിയന്ത്രിക്കുക.
3. ഉടനടി വൈദ്യസഹായം തേടുക.

**പ്രതിരോധം:-**

രോഗലക്ഷണങ്ങൾ കാണിച്ചുതുടങ്ങിയാൽ അസുഖം ചികിത്സിച്ചു ഭേദമാക്കുക അസാധ്യമാണ്. അതിനാൽ പ്രതിരോധം വളരെ പ്രധാനപ്പെട്ടതാണ്.

1) മനുഷ്യർക്ക് രോഗം ബാധിക്കാതിരിക്കാനുള്ള കുത്തിവയ്പുകൾ ഗവണ്മെന്റ് ആശുപത്രികളിൽ സൗജന്യമായി ലഭ്യമാണ്. ഇത് പേ ഇല്ലാതാക്കാനുള്ള മരുന്നല്ല; മറിച്ച് പേ വരാതിരിക്കാനുള്ള വാക്സിനാണ്.

ശരീരത്തിൽ പ്രവേശിച്ച രോഗാണുവിനെ വാക്സിൻ എന്തു ചെയ്യുന്നു?

റാബീസ് വൈറസ്സ് മുറിവിൽനിന്നും വളരെ പതുക്കെ ഞരമ്പുകളുടെ ആവരണം വഴി തലച്ചോറിലെത്തി ജീവാപായം വരുത്തുന്നു. തലച്ചോറിൽനിന്നും എത്ര ദൂരയാണോ മുറിവിന്റെ ഭാഗം, അത്രയും പതുക്കെയേ വൈറസ്സ് തലച്ചോറിലെത്തൂ. അതായത് മുഖത്ത് ഏല്ക്കുന്ന മുറിവ് കാലിൽ ഏല്ക്കുന്നതിനേക്കാൾ അപകടകാരിയാണ്. അതുകൊണ്ട് വൈറസ്സ് തലച്ചോറിലെത്തുംമുമ്പേ വാക്സിൻ എടുത്തിരിക്കണം.

2) വലിയ മുറിവുകൾക്ക് പ്രതിരോധത്തിനായി റാബീസ് ഇമ്യൂണോ ഗ്ലോബുലിൻ കുത്തിവയ്പ് ലഭ്യമാണ്.

3) പത്തു ദിവസത്തേക്ക് കടിച്ച മൃഗത്തെ നിരീക്ഷിക്കണം. അതിന് വല്ല മാറ്റവും സംഭവിക്കുന്നുണ്ടോ അതോ അത് ചത്തുപോകുന്നുണ്ടോ എന്നു നോക്കണം.

4) രോഗവാഹകരാകാവുന്ന വളർത്തുമൃഗങ്ങൾക്ക് പ്രതിരോധ കുത്തിവയ്പ്പെടുത്ത് രോഗവ്യാപനം തടയാം. വളർത്തു മൃഗങ്ങൾക്ക് 3 മാസം പ്രായം ആയാൽ ആദ്യകുത്തിവയ്പ്പ് എടുക്കണം. പിന്നീട് ഓരോ വർഷ ഇടവേളയിൽ കുത്തിവയ്പ്പ് എടുക്കണം. പ്രതിരോധ കുത്തിവയ്പ്പ് എടുത്ത നായയെ രോഗബാധയുള്ള നായയോ മറ്റോ കടിച്ചാൽ ചികിത്സാ കുത്തിവയ്പ്പുകൾ ചെയ്യിക്കണം.

ചോദ്യോത്തരം

## ഒരു ദിവസം തന്നെ പല കുർബാനകളിൽ പങ്കെടുക്കുമ്പോൾ ഓരോ കുർബാനയിലും ദിവ്യകാരുണ്യം സ്വീകരിക്കാമോ?



ഡോ. സെബാസ്റ്റ്യൻ ചാലയ്ക്കൽ
മേരിമാതാ മേജർ സെമിനാരി,
തൃശൂർ



വിശ്വാസികൾ ഒരു ബലിയിൽ പങ്കെടുത്ത് ദിവ്യകാരുണ്യം സ്വീകരിച്ചാലും അതേദിവസം മറ്റൊരു ബലിയർപ്പണത്തിൽ പങ്കെടുത്താൽ വീണ്ടും ദിവ്യകാരുണ്യം സ്വീകരിക്കാവുന്നതാണ് (RS 88-96). ഒരേ ദിവസംതന്നെ പല പ്രാവശ്യം ബലിയർപ്പിക്കേണ്ടിവരുന്ന വൈദികൻ ഓരോ പ്രാവശ്യവും വിശുദ്ധകുർബാന സ്വീകരിക്കുന്നുണ്ട്. ഒരേ ദിവസം തന്നെ പല ദിവ്യബലികളിൽ സംബന്ധിക്കുന്ന വിശ്വാസികൾ ദിവ്യബലിയിൽ പങ്കെടുക്കുമ്പോഴെല്ലാം ദിവ്യകാരുണ്യം സ്വീകരിക്കുകയെന്നത് ശരിയായ കാര്യമാണ്. എന്നാൽ ഒരു ഭക്ത്യാഭ്യാസമെന്ന നിലയിൽ ഒരു ദിവസം തന്നെ അനേകം തവണ ദിവ്യകാരുണ്യം സ്വീകരിക്കാൻവേണ്ടി പല കുർബാനകളിൽ സംബന്ധിക്കുന്നത് സഭ പ്രോത്സാഹിപ്പിക്കുന്നില്ല.

# യുവജനങ്ങൾ ഇല്ലാതെ എങ്ങനെ ഒരു നാട് നിലനിൽക്കും?

## ജന്മനാടിനെ തിരസ്കരിച്ച് വൈദേശിക രാജ്യങ്ങളിലേക്ക് ചേക്കേറുന്ന യുവജനങ്ങൾ - ഒരു പഠനം

നമ്മുടെ രാജ്യത്ത് പ്രത്യേകിച്ച് കേരളത്തിൽ സാമൂഹിക-വിദ്യാഭ്യാസ-സാമ്പത്തികരംഗങ്ങളിൽ പ്രകടമായ മാറ്റത്തിന് വഴി തെളിച്ചേക്കാവുന്ന പ്രവണതയാണ് വിദ്യാർത്ഥികളുടെ കൂട്ടത്തോടെയുള്ള കുടിയേറ്റം. ഇന്ന് പലർക്കും അതൊരു അഭിമാനപ്രശ്നം കൂടിയാണ്. ഉന്നതവിദ്യാഭ്യാസത്തിനായി വിദേശത്തേക്ക് യുവാക്കൾ ചേക്കേറുന്ന പ്രവണത കേരളത്തിന്റെ നവനിർമ്മിതിയുടെ ഭാഗം കൂടിയായി മാറിയിരിക്കുന്നു. ലോകമെമ്പാടും മലയാളി വിദ്യാർത്ഥികളെ കാണാം. 444 ചതുരശ്രകിലോമീറ്റർ വിസ്തൃതിയും വെറും 1.55 ലക്ഷം ജനസംഖ്യയുമുള്ള ചെറിയ ഡച്ച് കരീബിയൻ രാജ്യമായ കുറക്കാവോയിൽപോലും കേരളത്തിലെ വിദ്യാർത്ഥികളുണ്ട്. മുൻപ് കേരളീയർ തൊഴിൽ തേടിയായിരുന്നു മുഖ്യമായും വിദേശരാജ്യങ്ങളെ ആശ്രയിച്ചിരുന്നത്. എന്നാൽ ഇന്ന് പഠനത്തിനായി ഈ പ്രവണത വഴിമാറിയിരിക്കുന്നു. തത്ഫലമായി വിദേശവിദ്യാഭ്യാസമേളകൾ, IELTS പരിശീലനകേന്ദ്രങ്ങൾ, മാധ്യമങ്ങളിലെയും പൊതുസ്ഥലങ്ങളിലെയും പരസ്യങ്ങൾ തുടങ്ങിയവ യു.കെ, കാനഡ, ഓസ്ട്രേലിയ പോലുള്ള രാജ്യങ്ങളിലേക്ക് വിദ്യാർത്ഥികളെ ആകർഷിക്കുന്ന ഘടകങ്ങളാണ്.

ഓൾ ഇന്ത്യ സർവേ ഓഫ് ഹയർ എഡ്യൂക്കേഷന്റെ (AISHE) 2021ലെ കണക്ക് അനുസരിച്ച് ഇന്ത്യയിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. ദേശീയ ശരാശരി അനുസരിച്ച് ഒരു ലക്ഷം വിദ്യാർത്ഥികൾക്ക് 31 കോളേജുകൾ എന്നിരിക്കെ കേരളത്തിൽ അത് 50 എന്ന അനുപാതത്തിലാണ്. 1448 കോളേജുകളും 14 സർവകലാശാലകളും കേരളത്തിലുമുണ്ട്. കേരളത്തിന്റെ ഗ്രേസ് എന്റോൾമെന്റ് റേഷ്യോ (GER) 43.2% ആണ്. ദേശീയ ശരാശരി 27.3% ആണ്. പി.എച്ച്.ഡി, എം.ഫിൽ, ബിരുദാനന്തരബിരുദം, ഡിപ്ലോമ, പി.ജി ഡിപ്ലോമ, മറ്റ് സർട്ടിഫിക്കറ്റ്, ഇന്റഗ്രേറ്റ് കോഴ്സുകൾ എന്നിവയായി 13,64,536 വിദ്യാർത്ഥികളാണ് സർവേ കാലയളവിൽ പ്രവേശനം നേടിയിട്ടുള്ളത്. ഇതിൽ 8,04,911 പേർ പെൺകുട്ടികളും 5,59,625 പേർ ആൺകുട്ടികളുമാണ്. ഇന്ത്യയിലെ ഏറ്റവും മികച്ച ജെൻഡർ പാരിറ്റി ഇൻഡക്സുകളിൽ (GPI) ഒന്നാണിത്. കേന്ദ്ര ഗവൺമെന്റ് വിദ്യാഭ്യാസമന്ത്രാലയത്തിന്റെ 2023 നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ്ഫെയർ വർക്ക് (NIRF) പ്രകാരം ഇന്ത്യയിലെ ആദ്യ നൂറ് കോളേജുകളിൽ 15 എണ്ണം കേരളത്തിലാണ്. ഇത്തരമൊരു സാഹചര്യത്തിലും ഉന്നതവിദ്യാഭ്യാസം നേടുന്നതിനും നൈപുണ്യവികസനത്തിനുശേഷമുള്ള തൊഴിലിനും കേരളം ഒരു അനുയോജ്യമായ സ്ഥലമല്ല എന്ന ധാരണ പൊതുവിൽ ശക്തിപ്പെടുന്നുണ്ട്. പ്ലസ് ടു പഠനത്തിനുശേഷം സാധ്യമായ എല്ലാ മാർഗങ്ങളും ഉപയോഗപ്പെടുത്തി വിദേശത്തേക്ക് യാത്രയാവുകയാണ് യുവജനങ്ങൾ. കാലാകാലങ്ങളായി വിദ്യാർത്ഥികൾ തെരഞ്ഞെടുത്തിരുന്ന രാജ്യങ്ങൾക്കു പുറമേ മെക്സിക്കോ, ഐസ്ലന്റ്, വിയറ്റ്നാം, കിർഗിസ്ഥാൻ, ബോർബഡോസ്, സ്ലോവേനിയ, ലിത്വാനിയ, സ്ലൊവാക്യ എന്നിവിടങ്ങളിലും മലയാളി വിദ്യാർത്ഥികൾ പഠനാവശ്യങ്ങൾക്കായി പോകുന്നുണ്ടെന്ന് ജസ്റ്റിൻ ജോർജ് ടോം 'ഇക്കണോമിക്കൽ ആന്റ് പൊളിറ്റിക്കൽ' വീക്കിലിയിൽ പ്രതിപാദിക്കുന്നു.

### പ്രധാന കാരണങ്ങൾ

വിദ്യാർത്ഥികൾ ജന്മദേശം മറന്ന് വൈദേശികരാജ്യങ്ങളെ സ്വപ്നം കാണുന്നതിനും അവിടേക്ക് യാത്ര തിരിക്കുന്നതിനും പിന്നിൽ ദേശീയവും അന്തർദേശീയവുമായ നിരവധി ഘടകങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പല വികസിതമുതലാളിത്തരാജ്യങ്ങളിലും വിദ്യാഭ്യാസം - ജോലിയിലേക്കുള്ള പരിവർത്തനം സുഗമമാക്കുന്നു. അതതു രാജ്യങ്ങളിൽ പരിശീലനം ലഭിച്ച വിദ്യാർത്ഥികളെക്കൊണ്ട് വൈദഗ്ധ്യമുള്ള തൊഴിലാളികളുടെ അഭാവത്തെ മറികടക്കാൻ ഈ രാജ്യങ്ങൾക്കാകുന്നു. കാനഡയും ഓസ്ട്രേലിയയും മറ്റുമാണ് ഇതിന് മുൻപന്തിയിൽ. വിദേശവിദ്യാർത്ഥികൾ മാർക്കറ്റിലെ സാധനങ്ങളുടെയും സേവനങ്ങളുടെയും ചോദനം വികസിപ്പിക്കുന്നതിനും കാരണമായി. 'കേറ്റ് ഗ്രിബിൽ' 2008-ൽ നടത്തിയ പഠനത്തിൽ ചൂണ്ടിക്കാണിക്കുന്നു.

പഠനത്തോടൊപ്പം ന്യായമായ ശമ്പളത്തോടെയുള്ള പാർട്ട്ടൈം ജോലികൾ ചെയ്യുവാനുള്ള സാധ്യതയും വൈദേശികവിദ്യാർത്ഥികൾ വീക്ഷിക്കുന്ന ഒരു ധനാത്മകസമീപനമാണ്.

പി.എസ്.സി ലിസ്റ്റിൽ പേരു വന്നിട്ടും മതിയായ ബിരുദസർട്ടിഫിക്കറ്റുകൾ നേടിയിട്ടും യഥാസമയത്ത് തൊഴിൽ നൽകുവാൻ സാധിക്കാത്ത രാഷ്ട്രീയമായ പൊള്ളത്തരങ്ങൾ ഒരു വലിയ പ്രശ്നമാണ്. അതിനായി നിരന്തരം നടത്തപ്പെടുന്ന സമരങ്ങളിൽ യുവജനങ്ങൾ നേരിടുന്ന തൊഴിൽ ലഭിക്കാനാവാത്തതിന്റെ പ്രശ്നങ്ങൾ മാധ്യമങ്ങൾ നിരന്തരം വാർത്തകളാക്കാറുണ്ട്. ഒരു പരിധിയിൽ കവിഞ്ഞ് ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാവാത്തതും വിദ്യാർത്ഥികൾ അന്യനാടുകളിലേക്ക് പോവുന്നതിന് കാരണമാകുന്നു.

സ്വകാര്യത ആഗ്രഹിക്കുന്ന സമൂഹം സ്വകാര്യതയോടെ ജീവിക്കുന്നതിനായും വൈദേശികരാജ്യങ്ങൾ തെരഞ്ഞെടുക്കുന്നതായി കാണാം. വിദ്യാർത്ഥികൾ ഉന്നതപഠനത്തിനായി സ്ഥാപനങ്ങളും രാജ്യങ്ങളും തീരുമാനിക്കുന്നത് വ്യത്യസ്തഘടകങ്ങളുടെ അടിസ്ഥാനത്തിലാണ്. സർവകലാശാലയുടെ അക്കാദമിക് റാങ്കിംഗ്, ജി.ഡി. പെർമിറ്റ്, ഭാഷ, കോളനിവത്കരണകാലത്തുനിന്നും തുടർന്നു പോരുന്ന ബന്ധങ്ങൾ തുടങ്ങിയവ മറ്റ് ചില കാരണങ്ങളാണ്. ഇന്ത്യൻ പാർലമെന്റിൽ അവതരിപ്പിച്ച കണക്കുപ്രകാരം 6,46,206 വിദ്യാർത്ഥികളാണ് നവംബർ 2022 വരെ ഉന്നതവിദ്യാഭ്യാസത്തിനായി വിദേശരാജ്യങ്ങളിലേക്ക് പോയിട്ടുള്ളത്. ഓക്സ്ഫോർഡ് ഇന്റർനാഷണലിന്റെ പഠനമനുസരിച്ച് ആന്ധ്രാപ്രദേശ്, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളിൽ നിന്നായി 12 ശതമാനവും കേരളത്തിൽനിന്ന് നാലു ശതമാനം വിദ്യാർത്ഥികളുമാണ് വിദേശരാജ്യങ്ങളിൽ പോയിട്ടുള്ളത്.

ജന്മദേശത്തെ മറന്ന് വൈദേശികരാജ്യങ്ങളെ സ്വപ്നം കാണുന്ന യുവജനങ്ങൾക്ക് അതിന് കാരണമായി മാറുന്ന മറ്റൊരു ഘടകമാണ് മാതാപിതാക്കൾ. മാതാപിതാക്കളുടെ മനോഭാവത്തിലും കാഴ്ചപ്പാടിലും വന്നിട്ടുള്ള മാറ്റങ്ങളും വിദ്യാഭ്യാസ കുടിയേറ്റത്തിന്റെ ഒരു സുപ്രധാന ഘടകമാണ്.



വികസിതരാജ്യങ്ങളിൽ മെച്ചപ്പെട്ട ജീവിതനിലവാരമുണ്ട് എന്ന ധാരണ വിദ്യാർത്ഥികളെ ആകർഷിക്കുന്നതിലെ പ്രധാനഘടകമാണ്. ഇത്തരം രാജ്യങ്ങളിൽ പി.ആർ. അല്ലെങ്കിൽ പൗരത്വം ലഭിക്കുന്നതിനുള്ള ഒരു ചവിട്ടുപടിയായോ എളുപ്പമാർഗമായോ പലരും വിദ്യാഭ്യാസ കുടിയേറ്റത്തെ കണക്കാക്കുന്നുണ്ട്.

ജന്മദേശത്തെ മറന്ന് വൈദേശികരാജ്യങ്ങളെ സ്വപ്നം കാണുന്ന യുവജനങ്ങൾക്ക് അതിന് കാരണമായി മാറുന്ന മറ്റൊരു ഘടകമാണ് മാതാപിതാക്കൾ. മാതാപിതാക്കളുടെ മനോഭാവത്തിലും കാഴ്ചപ്പാടിലും വന്നിട്ടുള്ള മാറ്റങ്ങളും വിദ്യാഭ്യാസ കുടിയേറ്റത്തിന്റെ ഒരു സുപ്രധാന ഘടകമാണ്.

രാജ്യത്തിന്റെ ഭാവി എന്നത് യുവജനങ്ങളിൽ നിക്ഷിപ്തമാണ്. യുവജനങ്ങൾ ഇല്ലാതെ എങ്ങനെ ഒരു നാട് നിലനിൽക്കും? സർക്കാർ തലത്തിൽ മാത്രം ഒതുക്കേണ്ട ഒരു കാര്യമല്ലിത്. അതിനാൽത്തന്നെ വൈദേശിക വിദ്യാഭ്യാസവും അവിടെ സ്ഥിരതാമസമാക്കണമെന്ന യുവജനങ്ങളുടെ സ്വപ്നത്തിന്റെ പാർശ്വഫലങ്ങൾ കൂടി യുവജനങ്ങൾ മനസ്സിലാക്കേണ്ടത് ഇന്നിനെ മാത്രമല്ല വരും കാലത്തിന്റെ കൂടി അനിവാര്യതയാണ്.

**ബോധിത**

## യുവജനതയുടെ കുടിയേറ്റംമൂലം സമൂഹത്തിനുണ്ടായ നഷ്ടങ്ങൾക്കുള്ള പ്രതിവിധികൾ

### സാമ്പത്തിക പ്രതിവിധികൾ

വിദേശപണമയക്കുന്നതിനെ ആശ്രയിക്കുന്നത് കുറയ്ക്കുന്നതിന് സംരംഭകത്വം, നവീകരണം, വിവിധ മേഖലകളിലെ നിക്ഷേപം എന്നിവ പ്രോത്സാഹിപ്പിക്കുക. കേരളത്തിൽ തൊഴിലവസരങ്ങൾ പ്രത്യേകിച്ച് മടങ്ങിവരുന്ന കുടിയേറ്റക്കാരുടെ കഴിവുകളും വൈദഗ്ധ്യവും പ്രയോജനപ്പെടുത്തുന്ന വ്യവസായശൃംഖലകൾ സൃഷ്ടിക്കുക, കേരളത്തിലെ പ്രതിഭകളെ ആകർഷിക്കുന്നതിനും നിലനിർത്തുന്നതിനുമായി ഗതാഗതം, പാർപ്പിടം, ആരോഗ്യസംരക്ഷണം തുടങ്ങിയ അടിസ്ഥാന സൗകര്യവികസനത്തിൽ സമൂഹവും ഗവണ്മെന്റും വലിയ ശ്രദ്ധ പതിപ്പിക്കുക.

### സാമൂഹിക പ്രതിവിധികൾ

മടങ്ങിവരുന്ന കുടിയേറ്റക്കാർക്കും അവരുടെ കുടുംബങ്ങൾക്കുമിടയിൽ അവരുടേതായ ഒരു ബോധം വളർത്തുന്നതിന് സാംസ്കാരിക പരിപാടികൾ, സാമൂഹികപ്രവർത്തനങ്ങൾ എന്നിവ സംഘടിപ്പിക്കുക. കുടിയേറ്റക്കാരായ കുട്ടികളുടെ പ്രായമായ മാതാപിതാക്കളെ പരിചരിക്കുന്നതിന് വയോജന സംരക്ഷണ സൗകര്യങ്ങൾ, ഹോം കെയർ സേവനങ്ങൾ, മറ്റു സംവിധാനങ്ങൾ എന്നിവ കാര്യക്ഷമമായി നടത്തിക്കൊണ്ടുപോവുക. കുടിയേറ്റക്കാരും അവരുടെ കുടുംബങ്ങളും അഭിമുഖീകരിക്കുന്ന വൈകാരികവും മാനസികവുമായ വെല്ലുവിളികൾ നേരിടാൻ കൗൺസിലിംഗും മാനസികാരോഗ്യ സേവനങ്ങളും നൽകുക.

### സാംസ്കാരിക പരിഹാരങ്ങൾ

കേരള കത്തോലിക്കാസമൂഹത്തിന്റെ പാരമ്പര്യങ്ങളും ആചാരങ്ങളും കലാരൂപങ്ങളും ഉൾപ്പെടെയുള്ള സാംസ്കാരിക പൈതൃകം രേഖപ്പെടുത്തുക, സംരക്ഷിക്കുക, പ്രോത്സാഹിപ്പിക്കുക. കേരളത്തിനും പ്രവാസി സമൂഹത്തിനും ഇടയിൽ സാംസ്കാരിക സമ്പ്രദായങ്ങളും പാരമ്പര്യങ്ങളും മൂല്യങ്ങളും പങ്കുവയ്ക്കുന്നതിന് സാംസ്കാരിക വിനിമയ പരിപാടികൾ സ്ഥാപിക്കുക. സാംസ്കാരിക പാരമ്പര്യങ്ങളുടെ തുടർച്ച ഉറപ്പാക്കുന്നതിന് സ്കൂളുകളിലും കമ്മ്യൂണിറ്റികളിലും മലയാള ഭാഷയും കേരളത്തിന്റെ സാംസ്കാരിക പൈതൃകവും പഠിപ്പിക്കുന്നതു പ്രോത്സാഹിപ്പിക്കുക.

### വിശ്വാസാധിഷ്ഠിത പ്രതിവിധികൾ

കുടിയേറ്റത്തിന്റെ വെല്ലുവിളികളെ നേരിടാൻ കുടിയേറ്റക്കാർക്കും അവരുടെ കുടുംബങ്ങൾക്കും ആത്മീയ പിന്തുണയും കൗൺസിലിംഗും നൽകുക. കുടിയേറ്റക്കാർക്കും അവരുടെ കുടുംബങ്ങൾക്കുമിടയിൽ സമൂഹത്തിന്റെ ബോധം വളർത്തുന്നതിന് വിശ്വാസാധിഷ്ഠിത കമ്മ്യൂണിറ്റി പ്രോഗ്രാമുകളും സംരംഭങ്ങളും സ്ഥാപിക്കുക. കുടിയേറ്റക്കാരെയും അവരുടെ കുടുംബങ്ങളെയും പിന്തുണയ്ക്കുന്നതിനും ദൈവത്തിന്റെ മാർഗനിർദ്ദേശവും സംരക്ഷണവും തേടുന്നതിനും പ്രാർത്ഥനയും മധ്യസ്ഥ സേവനങ്ങളും സംഘടിപ്പിക്കുക.

### സാങ്കേതിക പരിഹാരങ്ങൾ

കേരളത്തിലെ കുടിയേറ്റക്കാരെ അവരുടെ കുടുംബങ്ങളുമായും കമ്മ്യൂണിറ്റികളുമായും ബന്ധിപ്പിക്കുന്നതിന് വീഡിയോ കോൺഫറൻസിങ്, സോഷ്യൽ മീഡിയ, ഓൺലൈൻ പ്ലാറ്റ്ഫോമുകൾ തുടങ്ങിയ ഡിജിറ്റൽ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുക. കുടിയേറ്റക്കാരുടെയും അവരുടെ കുടുംബങ്ങളുടെയും ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഭാഷാക്ലാസുകൾ, സാംസ്കാരിക പരിപാടികൾ, ആത്മീയ പിന്തുണ എന്നിവപോലുള്ള ഓൺലൈൻ വിഭവങ്ങളും സേവനങ്ങളും വികസിപ്പിക്കുക.



റവ.സി.ഡോ. ബെന്നോ മേരി എസ്എച്ച്

സമർപ്പണം

# പാവങ്ങളുടെ ബെന്നോമ്മ ഈശോയ്ക്ക് സ്വന്തം

## സി.ടി. സ്കാനിങ്ങിനെ തോൽപ്പിച്ച സ്നേഹത്തിന്റെ പുഷ്പം:

ഷിജോ ജോൺ തോണിയാങ്കൽ

സ്നേഹത്തിന്റെ പുഞ്ചിരി മുഖത്ത് സദാ പ്രകാശിപ്പിച്ച്, ഈ ഭൂമിയുടെ മാലിന്യം ഏൽക്കാതെ ഈശോ സ്വന്തമാക്കിയ ഒരു പുഷ്പമായിരുന്നു റവ. സിസ്റ്റർ ഡോ. ബെന്നോ മേരി SH. കമ്പംമെട്ട് എന്ന കൊച്ചു ഗ്രാമത്തിനു മാത്രമല്ല, നാടിനും താൻ ഇടപെട്ട എല്ലാവർക്കും അനുഗ്രഹമായിരുന്ന ഒരു ജീവിതമായിരുന്നു അവരുടേത്.

### ആതുരസേവനത്തിലെ മാലാഖാ രൂപം

സിസ്റ്റർ ബെന്നോ മേരിയെ പലരും കണ്ടത് രോഗികൾക്കിടയിലെ ഒരു മാലാഖയായിട്ടാണ്. സി.ടി. സ്കാനും എം.ആർ.ഐ. സ്കാനും പോലും തോൽക്കുന്ന വിധത്തിൽ, തന്റെ അടുത്തെത്തുന്ന രോഗികളുടെ രോഗം കൃത്യമായി കണ്ടെത്തി, ഏത് സമയത്തും ചികിത്സാസഹായം നൽകാൻ അവർ സ്വയം സമർപ്പിച്ചു. 'ആർക്കും എപ്പോൾ വേണമെങ്കിലും ഏത് രോഗത്തിനും എന്റെ അടുത്ത് വരാം, ആരോടും എനിക്ക് അസൗകര്യമാണെന്ന് പറയരുത്' എന്ന് അവർ നിരന്തരം ഓർമ്മിപ്പിച്ചു. എല്ലാവരെയും ഒരുപോലെ കണ്ട് കരുണയോടെ ശുശ്രൂഷിച്ച സിസ്റ്റർ ബെന്നോമ്മയുടെ വേദനിക്കുന്നവരോടുള്ള സ്നേഹം എടുത്തു പറയേണ്ടതാണ്.

### നിഷ്കളങ്കമായ സാന്നിധ്യം, കരുതലിന്റെ ആൾരൂപം

വലിയതോവാള പുളിമൂട്ടിൽ കുടുംബത്തിലെ രണ്ട് മക്കളിൽ ഏക പുത്രിയായിരുന്നു സിസ്റ്റർ. അവരുടെ ഏക സഹോദരൻ ജോയ്. നിഷ്കളങ്കമായ ഒരു ശിശുവിന്റെ സാന്നിധ്യം പോലെയായിരുന്നു ബെന്നോമ്മയുടെ സാന്നിധ്യം. ആരെയും തന്നിൽനിന്ന് അകറ്റി നിർത്താതെ, എല്ലാവരെയും തന്നോട് ചേർത്തുനിർത്തുന്ന ഒരു അമ്മമനസ്സും കരുതലിന്റെ സ്പന്ദനവും പുഞ്ചിരി തൂകിയുള്ള ശുശ്രൂഷയും ആർക്കും മറക്കാനാവില്ല.

### ത്യാഗോജ്ജ്വലമായ സേവനപാത

കാഞ്ഞിരപ്പള്ളി SH വിമല പ്രൊവിൻസിലെ കമ്പംമെട്ട് ഭവനാംഗമായി കെ.ജി.എം. ഹോസ്പിറ്റലിൽ ഡോക്ടറായി സേവനമനുഷ്ഠിച്ചുവരുകയായിരുന്നു സിസ്റ്റർ. ഓസ്ട്രിയയിലെ വിയന്ന യൂണിവേഴ്സിറ്റിയിൽ നിന്ന് മെഡിക്കൽ ബിരുദവും ഡോക്ടറേറ്റും നേടിയ അവർ സെന്റ് ജോൺസ് കട്ടപ്പന, ഓസ്ട്രിയ, കെ.ജി.എം. ഹോസ്പിറ്റൽ കമ്പംമെട്ട്, നിർമ്മല ഹോസ്പിറ്റൽ ആനിക്കാട്, അസ്സിസി ഹോസ്പിറ്റൽ മുക്കട്ടുതറ, അസ്സിസി ഹോസ്പിറ്റൽ ക്ലിനിക് വെച്ചൂച്ചിറ, മേരി ക്വീൻസ് ഹോസ്പിറ്റൽ 26-ാം മൈൽ, കരുണാഭവൻ കോരുത്തോട്, ഹോളി ക്രോസ് ഹോസ്പിറ്റൽ കൊട്ടിയം, എം.എം.ടി. ഹോസ്പിറ്റൽ മുണ്ടക്കയം, ചെറുപുഷ്പം ഹോസ്പിറ്റൽ പാലാ എന്നിവിടങ്ങളിലും സേവനമനുഷ്ഠിച്ചു.

### പൊള്ളൽ ചികിത്സയിൽ ഒരു ദൈവീക കൈയൊപ്പ്

പൊള്ളൽ ചികിത്സാരംഗത്ത് സിസ്റ്റർ ബെന്നോമ്മയ്ക്ക് ഒരു പ്രത്യേക ദൈവീക കൃപ ഉണ്ടായിരുന്നു. ദീർഘദൂരങ്ങളിൽനിന്നുപോലും ആളുകൾ ആശ്വാസം തേടി അവരുടെ അടുത്തെത്തുമായിരുന്നു. വൈദ്യശാസ്ത്രം കൈവിട്ട പല പൊള്ളൽ കേസുകളിലും സിസ്റ്റർ ബെന്നോമ്മയുടെ ദൈവീക ശക്തിയുള്ള എണ്ണ മരുന്നിന്റെ മുന്നിൽ പൂർണ്ണ സൗഖ്യം നേടി.

### കരുണയുടെയും സ്നേഹത്തിന്റെയും അണമുറിയാത്ത പ്രവാഹം

നിത്യവും പുഞ്ചിരിക്കുന്ന മുഖം മാത്രം തെളിയിച്ച്, വേദനിക്കുന്നവരെയും സമൂഹത്തിൽ ഒറ്റപ്പെടുന്നവരെയും സിസ്റ്റർ ബെന്നോമ്മ എന്നും ചേർത്തുപിടിച്ചു. ബുദ്ധിമുട്ടനുഭവിക്കുന്ന ഓരോരുത്തരെയും അറിഞ്ഞ്, അവരെ മറ്റാരും അറിയാതെ സഹായിച്ചുപോന്നു. അനേകായിരം വേദനിക്കുന്ന മനസ്സുകളിൽ സ്നേഹതൈലം പകർന്ന അവരുടെ പുഞ്ചിരിയിൽനിന്ന് രോഗികൾക്ക് ആശ്വാസം ലഭിച്ചിരുന്നതായി പലരും പങ്കുവച്ചിട്ടുണ്ട്.

### പ്രവർത്തനനിരതമായി ഈശോയിലേക്ക് യാത്രയായി...

'എനിക്ക് പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോൾ മരിക്കാനാണ് ഇഷ്ടം, എന്നെ ഒരുപാട് നാൾ കിടത്തി മറ്റുള്ളവർക്ക് ബുദ്ധിമുട്ട് കൊടുക്കരുതേ' എന്ന് അവർ ഈശോയോടും സഹസന്യാസിനിമാരോടും പറയുമായിരുന്നു. അതുപോലെതന്നെ, എല്ലാവരുടെയും പ്രിയപ്പെട്ടവളായിരുന്ന നിമിഷത്തിൽ, ആർക്കും ബുദ്ധിമുട്ടാകാതെ, എല്ലാവരിലേക്കും അനുഗ്രഹം ചൊരിഞ്ഞുകൊണ്ട് 2025-ലെ പെന്തക്കുസ്തതിരുനാൾ ദിനം രാവിലെ 3 മണിയോടെ പരിശുദ്ധാത്മാവ് ഈ വിശുദ്ധ ജീവിതത്തെ സ്വർഗ്ഗത്തിലേക്ക് കൂട്ടിക്കൊണ്ടുപോയി.

### മോക്ഷ്ടാവ്

ബെന്നോമ്മ എന്നത് ഒരു പേരല്ല, ഒരു പറ്റം സാധാരണ മനുഷ്യരിലേക്ക് ആഴ്ന്നിറങ്ങിയ ഹൃദയ താളമാണ്. തന്റെ മുമ്പിലെത്തുന്ന സാധു രോഗികൾക്ക് മരുന്നുകൾക്കിടയിൽ ചുരുട്ടിവച്ച ഏതാനും നോട്ടുകൾ കൂടി കൈമാറിയിരുന്നത് ഒപ്പമുള്ളവർപ്പോലും അറിഞ്ഞിരുന്നില്ല. ഭവന സന്ദർശനങ്ങൾ എന്ന പേരിൽ നടപ്പുവഴികൾ താണ്ടിയെത്തിയതും ഇത്തരം ആളുകളെത്തേടിയായിരുന്നു. ഭക്ഷണം, ചികിത്സ, വീടു നിർമ്മാണം, കുട്ടികളുടെ വിദ്യാഭ്യാസം അങ്ങനെ ചില ലക്ഷ്യങ്ങളുണ്ടായിരുന്നു ആ നടപ്പുകൾക്ക്. ബെന്നോമ്മയും വാങ്ങുന്നവരും മാത്രമറിയുന്ന രഹസ്യം. വലതുകൈ ചെയ്യുന്നത് ഇടതുകൈ അറിയാത്ത രഹസ്യം. സത്യത്തിൽ ബെന്നോമ്മ ഒരു മോഷ്ടാവാണ്. കുറെ ജീവാത്മാക്കളുടെ മനസും സ്നേഹവും മോഷ്ടിച്ച് കടന്നുപോയ മോഷ്ടാവ്. എന്റെ ഗുരുവും... പ്രണാമം....



**മാത്യൂസ് മറ്റപ്പള്ളി**
ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ,
കരുണാപുരം ഗ്രാമപഞ്ചായത്ത്

### തീരാ നഷ്ടം

എന്റെ ജീവിതത്തിൽ ഒരിക്കലും മറക്കുവാൻ സാധിക്കാത്ത ഒരു ആത്മബന്ധമാണ് ഡോ. ബെന്നോമ്മയുമായി എനിക്കുള്ളത്. എനിക്ക് 73 % പൊള്ളലേറ്റ് കമ്പംമെട്ട് ഹോസ്പിറ്റലിൽ ചെന്നപ്പോൾ പ്രാഥമികമായി എല്ലാ ശുശ്രൂഷയും ധൈര്യവും നൽകി എന്നെ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവന്നത് ഡോ. ബെന്നോമ്മയുടെ സാന്നിധ്യമാണ്. രോഗികളെ നിറപുഞ്ചിരിയോടെ നോക്കി സ്നേഹത്തോടെ ശുശ്രൂഷിച്ചിരുന്ന ഡോക്ടർ ബെന്നോമ്മയുടെ മരണം കമ്പംമെട്ട് എന്ന കൊച്ചുഗ്രാമത്തിന് തീരാനഷ്ടമാണ്. ഞങ്ങളുടെ ഹൃദയത്തിൽ എന്നും ഡോക്ടർ ബെന്നോമ്മ ഉണ്ടായിരിക്കും.



**ബെന്നി ജോൺ വള്ളിപ്പറമ്പിൽ,**
കമ്പംമെട്ട്

### വലിയ മനസ്സ്

കൂട്ടുകാരിയും ചേച്ചിയും, കരുണാമയിയായ ഡോക്ടറും, അമ്മയുമെല്ലാമായിരുന്ന സി. ഡോ. ബെന്നോ മേരി എസ്എച്ച്, തന്നെ സമീപിക്കുന്ന ആരെയും തള്ളിക്കളയാത്ത വലിയൊരു മനസ്സിന് ഉടമയായിരുന്നു. കുടുംബങ്ങളുടെ വേദനകൾ സ്വന്തമായി ഏറ്റെടുത്ത്, മറ്റുള്ളവർക്കായി ജീവിച്ച ആ നിഷ്കളങ്ക വ്യക്തിത്വം എന്നും മനസ്സിലൊരു ആശ്വാസമാണ്. കമ്പംമെട്ടിൽ അമ്മയോടൊപ്പം കഴിഞ്ഞ ആറ് വർഷങ്ങൾ ഒരു അനുഗ്രഹമായി ഞങ്ങൾ ഓർക്കുന്നു. ഈശോയുടെ മടിയിൽ നിത്യസന്തോഷത്തോടെ ചിരിക്കുന്ന ബെന്നോമ്മയുടെ ഓർമ്മകൾ ഞങ്ങൾക്ക് എന്നും അഭിമാനം നൽകുന്നു.



**സിസ്റ്റർ ട്രിസ്സാ എസ്എച്ച്**
കമ്പംമെട്ട്

### നല്ല വ്യക്തിത്വം

ഡോക്ടർ ബെന്നോമ്മയെക്കുറിച്ച് ഓർമിക്കുമ്പോൾ 'അനിതരസാധാരണമായ ഇടപെടലുകൾ കൊണ്ട് ഏതൊരു രോഗിയെയും സ്പർശിക്കുന്ന കഴിയുന്ന വ്യക്തിത്വം'. ആദ്യമായി കാണുമ്പോൾ തന്നെ ജൂനിയർ ഡോക്ടറായ എന്നെ നോക്കി 'ഗുഡ്മോണിംഗ്' പറയുമായിരുന്നു. ആ പുഞ്ചിരിയോടുകൂടിയുള്ള ആശംസ ഒരിക്കലും മനസ്സിൽ നിന്നു മായുകയില്ല.



**ഡോ. നിർമൽ ജോൺസൺ**

---

## ബെന്യു താഴ്‌വരയിൽ നിന്നു ഉയരുന്നത് വേദനയുടെ നിലവിളി: ഉപവാസ പ്രാർത്ഥനയ്ക്കു ആഹ്വാനവുമായി നൈജീരിയൻ മെത്രാന്മാർ

**നൈജീരിയ:** നൈജീരിയായിൽ നടക്കുന്ന ക്രൈസ്തവ വിരുദ്ധ ആക്രമണങ്ങളിൽ അതീവ ദുഃഖവും ആശങ്കയും പ്രകടിപ്പിച്ച് നൈജീരിയൻ മെത്രാന്മാർ. സമാധാനം സംജാതമാകാൻ ഉപവാസ പ്രാർത്ഥനയ്ക്കു നൈജീരിയൻ കത്തോലിക്ക മെത്രാൻ സമിതി ആഹ്വാനം ചെയ്തു.




ബെന്യു സംസ്ഥാനത്ത് യാതൊരു പ്രകോപനവും കൂടാതെ നടത്തുന്ന ആക്രമണങ്ങളും നിരപരാധികളെ ഇല്ലായ്മ ചെയ്യുന്നതും അവസാനിപ്പിക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് നൈജീരിയയിലെ ഗ്ബോക്കോ കത്തോലിക്ക രൂപതയിലെ ബിഷപ്പ് വില്യം അമോവ് അവെന്യ അഭ്യർത്ഥിച്ചു. പ്രദേശത്ത് നിന്നു ഉയരുന്നത് വേദനയുടെ നിലവിളിയാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

ഏകദേശം രണ്ട് പതിറ്റാണ്ടുകളായി തുടരുന്ന നിരന്തരമായ അക്രമത്തിന്റെയും, കുടിയിറക്കലിന്റെയും, കഷ്ടപ്പാടുകളുടെയും ഇരുണ്ട ചിത്രമാണ് ബെന്യു താഴ്‌വരയിൽ ഉള്ളതെന്ന് ബിഷപ്പ് അവെന്യ പറഞ്ഞു. ഏകദേശം 20 വർഷമായി, ബെന്യു സംസ്ഥാനം തുടർച്ചയായ കൊലപാതകങ്ങൾക്കും, ആക്രമണങ്ങൾക്കും ആയിരക്കണക്കിന് തദ്ദേശീയരെ അവരുടെ പൂർവ്വിക മാതൃ സ്ഥലങ്ങളിൽ നിന്ന് പുറത്താക്കുന്നതിനും സാക്ഷ്യം വഹിച്ചു. ഈ പ്രക്രിയയിൽ അവരുടെ ഉപജീവനമാർഗം പൂർണ്ണമായും നശിപ്പിക്കപ്പെട്ടുവെന്നും നൈജീരിയൻ ബിഷപ്പ് ചൂണ്ടിക്കാട്ടി.

വീടുകളിൽ നിന്ന് പുറത്താക്കപ്പെട്ടവരിൽ പലരും കുടിയിറക്കപ്പെട്ടവരുടെ ക്യാമ്പുകളിൽ ഗുരുതരമായ മനുഷ്യത്വരഹിതമായ സാഹചര്യങ്ങളിൽ താമസിക്കുന്നു. അവരെ പ്രധാനമായും സന്നദ്ധ സംഘടനകളാണ് പരിപാലിക്കുന്നത്. നമുക്ക് വേണ്ടത് സമാധാനമാണ്, എന്നാൽ കുറ്റപ്പെടുത്തൽ വളരെക്കാലമായി തുടരുന്നു. പ്രവർത്തിക്കേണ്ട സമയമാണിത്.

ഞങ്ങൾ മുമ്പ് പലതവണ കരഞ്ഞിട്ടുണ്ട്, ഇപ്പോഴും ഞങ്ങൾ കരഞ്ഞുകൊണ്ടിരിക്കുന്നു. പക്ഷേ ബന്ധപ്പെട്ട അധികാരികൾ തങ്ങളുടെ ഞരക്കത്തെക്കുറിച്ച് അവഗണന കാണിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. രണ്ടാഴ്ച മുൻപു ബെന്യു സംസ്ഥാനത്തുണ്ടായ ഭീകരാക്രമണത്തിൽ ഇരുനൂറിലേറെ പേരാണ് കൊല്ലപ്പെട്ടത്. യേൽവാതയിൽ കാത്തലിക് മിഷൻ അഭയമൊരുക്കിയവരാണ് കൊല്ലപ്പെട്ടവരിൽ ഭൂരിഭാഗവും. കൊല്ലപ്പെട്ടവരിലേറെയും ക്രൈസ്തവരാണ്.

യൂത്ത് കോർണർ

# ഡോക്ടർ ചിരിയിൽ ചെൽസി



ഡീന ജോയി
അധ്യാപിക, സെന്റ് മേരീസ് എച്ച്എസ്എസ്
വെള്ളാരംകുന്ന്




*ചെൽസി മാതാപിതാക്കൾക്കും സഹോദരങ്ങൾക്കുമൊപ്പം*

"എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്ക് സാധിക്കും"
" I CAN DO ALL THINGS THROUGH CHRIST WHO STRENGTHENS ME"

2025-ലെ നീറ്റ് പരീക്ഷയിൽ അഖിലേന്ത്യാതലത്തിൽ 290-ാം റാങ്കും കേരളത്തിൽ അഞ്ചാം റാങ്കും നേടിയ പാലൂർക്കാവിന്റെ പ്രിയങ്കരിയായ ചെൽസി എസ് തെരേസിന്റെ പഠനമുറിയിലേയ്ക്ക് കയറുമ്പോൾ, ഭിത്തിയിൽ മനോഹരമായ കൈപ്പടയിൽ ഇങ്ങനെ എഴുതി ഒട്ടിച്ചിരിക്കുന്നു- 'എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്കു സാധിക്കും'. ചെൽസിയുടെ വിജയത്തിൽ സന്തോഷത്തോടെ ദർശകനും...

## ചെൽസി എന്ന മിടുക്കിക്കുട്ടി

മുണ്ടക്കയം പാലൂർക്കാവ് സെന്റ് ജോർജ് ഇടവകയിലെ വടക്കേനിരപ്പേൽ സണ്ണി മാത്യു- ബീനാ ജോർജ് ദമ്പതികളുടെ മൂത്ത മകളാണ് ചെൽസി.

ചെൽസിയുടെ പിതാവ് മികച്ച പ്ലാന്റർ കൂടിയായ സണ്ണിയും മാതാവ് പെരുവന്താനം സെന്റ് ജോസഫ്സ് ഹയർസെക്കണ്ടറി സ്കൂൾ അധ്യാപികയായ ബീന ടീച്ചറും ചെൽസിമോൾക്ക് താങ്ങും തണലുമായി എന്നും എപ്പോഴും കൂടെ നിന്നവർ...

എൽ. കെ. ജി മുതൽ ഏഴാംക്ലാസ് വരെ മുണ്ടക്കയം സെന്റ് ജോസഫ്സ് സെൻട്രൽ സ്കൂളിലും, തുടർന്ന് എട്ടാംക്ലാസ്സ് മുതൽ പ്ലസ്ടു വരെ പെരുവന്താനം സെന്റ് ജോസഫ്സ് ഹയർ സെക്കണ്ടറി സ്കൂളിലും പഠനം പൂർത്തിയാക്കിയ ചെൽസി ഓരോ ക്ലാസിലും പഠനത്തിൽ ഒന്നാംസ്ഥാനം നേടിയാണ് മുന്നേറിയിരുന്നത്.

ചെൽസിയുടെ സഹോദരങ്ങളായ ചെറിൻ, ചെറീന, ചെസ എന്നിവർ വല്യപ്പച്ചനും വല്യമ്മയോടൊപ്പം ചേച്ചിയുടെ വിജയം ആഘോഷമാക്കാനുള്ള തിരക്കിലാണ്.

## സ്കൂൾ കാലഘട്ടം, നീറ്റ് പഠന തന്ത്രങ്ങൾ എന്നിവയെക്കുറിച്ച്....

എൽ. കെ. ജി മുതൽ ഏഴാംക്ലാസ് വരെ മുണ്ടക്കയം സെന്റ് ജോസഫ്സ് സെൻട്രൽ സ്കൂളിലും, തുടർന്ന് എട്ടാംക്ലാസ്സ് മുതൽ പ്ലസ്ടു വരെ പെരുവന്താനം സെന്റ് ജോസഫ്സ് ഹയർ സെക്കണ്ടറി സ്കൂളിലുമായിരുന്നു പഠനം.

ചെറുപ്പം മുതലേ സ്കൂളിൽ പഠിപ്പിക്കുന്ന പാഠഭാഗങ്ങൾ വീട്ടിൽ വന്ന് അന്നന്നുതന്നെ പഠിച്ചു തീർക്കും. ഓരോ ക്ലാസ്സിലും പഠനത്തിൽ ഒന്നാംസ്ഥാനംതന്നെ നേടി മുന്നേറാൻ ഇതെന്നെ സഹായിച്ചു. എസ് എസ്.എൽ.സി പരീക്ഷയിൽ എ പ്ലസ് വിജയം കരസ്ഥമാക്കി. ദൈവാനുഗ്രഹത്താൽ ഹയർസെക്കണ്ടറി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും മുഴുവൻ മാർക്കും നോടാൻ സാധിച്ചു. അപ്പോൾ മുതലാണ് 'ഡോക്ടറാവണം' എന്ന ആഗ്രഹം ഒരു മധുരസ്വപ്നമായി മനസ്സിൽ ജ്വലിച്ചു തുടങ്ങിയത്. അങ്ങനെ, പാലാ ബ്രില്യന്റ് സ്റ്റഡി സെന്ററിൽ ചേർന്ന് നീറ്റ് പരിശീലനം ആരംഭിക്കുകയായിരുന്നു. എന്റെ സ്കൂൾ പഠന കാലഘട്ടങ്ങളിൽ പ്രിയപ്പെട്ട എല്ലാ അധ്യാപകരും നൽകിയ പിന്തുണയും പ്രോത്സാഹനവുമാണ് എന്റെ സ്വപ്നത്തിന് ബലമേകിയത്.

## ചെൽസിയുടെ വിശ്വാസജീവിതത്തേക്കുറിച്ച്...

എന്റെ എല്ലാ വിജയങ്ങളും ദൈവത്തിന്റെ ദാനമാണെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. കുഞ്ഞുനാൾ മുതൽ സാധിക്കുന്ന എല്ലാ ദിവസങ്ങളിലും ഇടവകപ്പള്ളിയിൽ വി. കുർബാനയിൽ പങ്കെടുക്കുമായിരുന്നു. സ്കൂൾ പഠനത്തോടൊപ്പംതന്നെ, സൺഡേസ്കൂൾ ക്ലാസ്സുകൾക്കും തുല്യപ്രധാന്യം നൽകാനും, സൺഡേ സ്കൂളിലെ പഠനത്തിനും മത്സരങ്ങൾക്കുമെല്ലാം ഉന്നത വിജയം നേടാനും എന്റെ വല്യപ്പച്ചനും വ്ല്യമ്മച്ചിയും അപ്പയും അമ്മയും എന്നും പ്രചോദിപ്പിക്കുമായിരുന്നു.

സൺഡേ സ്കൂൾ സ്കോളർഷിപ്പ് പരീക്ഷയിൽ അഞ്ചാം ക്ലാസിലും എട്ടാം ക്ലാസിലും രൂപതാതലത്തിൽ ഒന്നാം സ്ഥാനം നേടിയിട്ടുണ്ട്.

## മനസ്സിൽ ഒരു ചോദ്യം കൂടി ബാക്കി .....
## ചെൽസി എന്ന പേരിനു പിന്നിൽ ......?
## ഈ പേര് ആരാണ് തെരഞ്ഞെടുത്തത് ?

അതിന്റെ ഉത്തരം നൽകിയത് ചെൽസിയുടെ അമ്മ ബീനാ ടീച്ചറായിരുന്നു. 'അവളുടെ അപ്പച്ചൻ കൊച്ചു മോൾക്കായി തിരഞ്ഞെടുത്ത പേരാണ് ചെൽസി'.

വ്യത്യസ്തതയാർന്നതും ശ്രദ്ധിക്കപ്പെടുന്നതുമായ നല്ലൊരു പേര് കൊച്ചുമോൾക്കായി തിരഞ്ഞെടുത്ത നിരപ്പേൽ മാത്യു (ചെൽസിയുടെ വല്യച്ചൻ) കൊച്ചുമോളുടെ വിജയത്തിളക്കത്തിൽ നിറഞ്ഞ അഭിമാനത്തോടെ പറയുന്നു, 'അവൾ കഠിനാധ്വാനം ചെയ്തതിന്റെ ഫലം അവൾക്കു കിട്ടി..... ഞങ്ങൾക്കും സന്തോഷം'.

വിജയം! അത് എന്നും പരിശ്രമിക്കുന്നവന്റെ കൂടെയാണെന്ന് തെളിയിച്ചിരിക്കുന്നു ചെൽസി. 'ഒരു വലിയ കുന്നു കയറിക്കഴിയുമ്പോൾ മാത്രമാണ് ഇനിയും അനവധി കുന്നുകൾ കയറാനുണ്ടെന്ന് ഒരാൾക്ക് ബോധ്യമാകുന്നത്....' എന്ന നെൽസൺ മണ്ടേലയുടെ വാക്കുകൾ ചെൽസിയുടെ വിജയത്തുടക്കത്തിന് പ്രചോദനമാകട്ടെ... കഠിനാധ്വാനത്തിന്റെയും സ്ഥിരോത്സാഹത്തിന്റെയും വീഥിയിലൂടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാനും, ആത്മാർത്ഥമായ സേവനത്തിലൂടെ അനേകർക്ക് ആശ്വാസമേകുന്ന നല്ലൊരു ഡോക്ടറാകുവാനും ചെൽസിക്ക് കഴിയട്ടെ.

പ്രതികരണം

# മറക്കരുത് ഇവരെ...

## കേരളത്തിന്റെ യഥാർത്ഥ നവോത്ഥാന നായകർ ഇവരാണ്

ചരിത്രമെഴുതപ്പെടുമ്പോൾ ചില കണ്ണികൾ വിട്ടുപോവുക സാധാരണമാണ് കാരണം എഴുതപ്പെട്ട ചരിത്രങ്ങൾ ഒന്നുംതന്നെ പൂർണമല്ല. പക്ഷേ എഴുതപ്പെട്ട ചരിത്രത്തിൽനിന്ന് ചില കണ്ണികളെ ബോധപൂർവ്വം മറയ്ക്കാൻ നടത്തുന്ന ശ്രമങ്ങൾ കുറച്ചധികം ഗൗരവത്തോടെ വേണം നമുക്ക് കാണാൻ. ഏഴാം ക്ലാസിലെ സാമൂഹ്യശാസ്ത്ര പാഠപുസ്തകത്തിൽനിന്നും ചാവറയച്ചൻ പുറത്തായതും ഈ കഴിഞ്ഞ ദിവസം ഒരു പ്രമുഖ പത്രത്തിന്റെ എഡിറ്റോറിയലിൽ വന്ന നവോത്ഥാനത്തെയും വിദ്യാഭ്യാസരംഗത്തെയും സംബന്ധിക്കുന്ന ലേഖനത്തിൽ മറ്റു നവോത്ഥാനനായകരുടെ ഒപ്പം ചാവറയച്ചനെ പോലുള്ള സുപ്രധാന വ്യക്തികളെ ഒഴിവാക്കിയത് അക്ഷന്തവ്യമായ തെറ്റാണ്. കേരളത്തിൽ ആധുനിക വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ചത് തന്നെ ക്രൈസ്തവമിഷനറിമാരാണ്. തിരുവിതാംകൂറിലും കൊച്ചിയിലും മലബാറിലുമൊക്കെ ലണ്ടൻ മിഷൻ സൊസൈറ്റി, ചർച്ച് മിഷൻ സൊസൈറ്റി, ബാസൽ മിഷൻ തുടങ്ങിയവ കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് കൊണ്ടുവന്ന വിദ്യാഭ്യാസ വിപ്ലവമാണ് കേരളത്തെ സമസ്ത മേഖലയിലും ഒന്നാമത് എത്തിച്ചത്.

1806-ൽ നഗർകോവിലിലും തിരുവിതാംകൂറിലും പ്രവർത്തനം ആരംഭിച്ച അനേകം സ്കൂളുകൾ LMS മിഷനറിമാർ ആരംഭിച്ചു. 1820 ൽ പെൺകുട്ടികൾക്ക് ഒരു ബോർഡിങ് സ്കൂളും തുടങ്ങി. 1866 ആകുമ്പോഴേക്കും ആൺകുട്ടികളും പെൺകുട്ടികളും ഉൾപ്പടെ ഏകദേശം 7853 കുട്ടികൾക്ക് LMS വിദ്യാഭ്യാസം നൽകി.

1816 കൊച്ചിയിൽ എത്തിയ CMS മിഷനറിയായ തോമസ് നോർട്ടൺ ആലപ്പുഴയിൽ ഏകദേശം 11 സ്കൂളുകൾ



സ്ഥാപിച്ചു. 1817 ൽ CMS കോളേജ് സ്ഥാപിക്കപ്പെട്ടു.

1865-66 കാലഘട്ടത്തിൽ തിരുവിതാംകൂറിലെ സർക്കാർ സ്കൂളുകളിൽ 1067 കുട്ടികൾ ഉള്ളപ്പോൾ, LMS ൽ 8081 കുട്ടികളും CMS ൽ 2209 കുട്ടികളും പഠിക്കുന്നുണ്ടായിരുന്നു.

1880 കളോടെ സുറിയാനി കത്തോലിക്കർ പുതിയ സ്കൂളുകൾ ആരംഭിച്ചു തുടങ്ങി. പിന്നീട് ഇവിടെ നടന്നത് ഒരു വിദ്യാഭ്യാസ വിപ്ലവം തന്നെയായിരുന്നു. അതിന് നാം ഓരോരുത്തരും സാക്ഷിയാണ്. കേരള സംസ്കാര ചരിത്രത്തെ ഏതൊക്കെ രീതിയിൽ ആരൊക്കെ വളച്ചൊടിച്ചാലും ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചന്റെ സംഭാവനകളെ എങ്ങനെ മറക്കാനാകും. താഴ്ന്ന ജാതിയിൽപെട്ടവർക്ക് വിദ്യാഭ്യാസവും വിദ്യാലയവുമൊക്കെ സ്വപ്നം കാണാൻ പോലും അവകാശമില്ലാത്തവിധം അതിതീവ്രമായ ജാതി വിവേചനം നടമാടിയിരുന്ന കേരളത്തിൽ ദളിതർക്ക് ചാവറയച്ചൻ രണ്ടു സ്കൂളുകൾ പണിതു. ഒന്ന് ആർപ്പുക്കരയിലും മറ്റൊന്ന് മാന്നാനത്തും. 1846 ൽ മാന്നാനത്ത് ഒരു സംസ്കൃത സ്കൂൾ ആരംഭിച്ചു. സ്കൂളിൽ വരാൻ മടിച്ചിരുന്നവരെ വീട്ടിൽ ചെന്ന് കണ്ട് പ്രോഹത്സാഹിപ്പിച്ചു. കുട്ടികൾക്ക് ഉച്ചകഞ്ഞിയും യൂണിഫോമും ഒരുക്കി. 1864 ൽ പള്ളിക്കൊപ്പം പള്ളിക്കുടം എന്ന ആശയത്തിൽ ഊന്നി എല്ലാ പള്ളികളോടും ചേർന്ന് വിദ്യാലയങ്ങൾ ഉണ്ടാവണമെന്ന് ആവശ്യപ്പെട്ടു. ഇന്ന് സാക്ഷര കേരളം എന്ന അഭിമാനിക്കുന്ന നമുക്ക് ഈ പുണ്യാത്മാവിനോട് കടപ്പാട് ഉണ്ടായിരിക്കണം. പലരും സ്വന്തം സമുദായത്തിന്റെ നവീകരണം മാത്രം ലക്ഷ്യം ഇട്ടപ്പോൾ സമൂഹത്തിന്റെ മുഴുവൻ നവീകരണം ലക്ഷ്യമിട്ടവരാണ് ക്രൈസ്തവ നവോത്ഥാനനായകർ. അടിമ സമ്പ്രദായവും അയിത്തവും അന്ധവിശ്വാസവും കൊടികുത്തിവാണിരുന്ന കേരളമണ്ണിൽ മാറ്റത്തിന്റെ ശൈലി മുഴക്കിയത് ചാവറയച്ചനും മിഷനറിമാരും ഉൾപ്പെടെയുള്ളവരാണ്. 1908 ആകുമ്പോൾ ക്രൈസ്തവർ ഏകദേശം 2198 സ്കൂളുകൾ കേരളത്തിൽ നടത്തിയിരുന്നു. കേരളത്തിൽ ഒരു പുതുതലമുറയെ വളർത്തിയെടുക്കുവാൻ ഇവർ സമൂഹത്തിന് നൽകിയ സംഭാവനകൾ കൊണ്ട് സാധിച്ചിട്ടുണ്ട് എന്ന് കേരളസമൂഹം മറക്കരുത്. ഇത്രയും നവോത്ഥന ശ്രമങ്ങൾ നടത്തിയ ഇവരെ കേരളനവോത്ഥാന ചരിത്രം പറയുമ്പോൾ മറക്കുന്നത് ചില നിഗൂഢ അജണ്ടകളിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഓർക്കുക, സത്യം എത്ര മൂടി വച്ചാലും ഒരിക്കൽ അത് അന്ധകാരത്തിന്റെ മറനീക്കി പുറത്തുവരിക തന്നെ ചെയ്യും.

# വിവാഹേതരബന്ധങ്ങൾ അപകടമായി വളരുന്നു



ജോബി അലക്സ്,
ആലയ്ക്കാപ്പറമ്പിൽ

പുതിയ ആളുകളുമായുള്ള സൗഹൃദം, പലപ്പോഴും അപ്രത്യക്ഷമായി മനസ്സുകൾ പിടിച്ചെടുക്കുന്നു. ചില൪ ആ സൗഹൃദങ്ങൾ വ്യക്തിപരമായി തുടരുമ്പോൾ കുടുംബത്തിനുള്ളിലെ ബന്ധം നിശബ്ദമായി മങ്ങിത്തുടങ്ങുന്നു. സ്നേഹത്തിന്റെ പേരിൽ ആരംഭിക്കുന്ന ഈ ബന്ധങ്ങൾ പിന്നീട് സ്വാർത്ഥതയിലേക്ക് മാറുന്നു.



**വിവാഹമോചനങ്ങൾ**

നാഷണൽ ക്രൈം റെക്കോർഡ് ബ്യൂറോ (NCRB) കണക്കുകൾ പ്രകാരം, കഴിഞ്ഞ 10 വർഷത്തിൽ ദാമ്പത്യ തർക്കങ്ങൾ കാരണം വിവാഹമോചന അപേക്ഷകളുടെ എണ്ണം 30% വരെ വർദ്ധിച്ചു.

2022-ൽ, ഇന്ത്യയിൽ 28,522 കൊലപാതകങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടു. ഇവയിൽ 2,821 കേസുകൾ പ്രണയ ബന്ധങ്ങൾ, വിവാഹബന്ധങ്ങൾ, വ്യഭിചാര ബന്ധങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടവയായിരുന്നു.

- 2022-ൽ, 17,924 ആത്മഹത്യകൾ റിപ്പോർട്ട് ചെയ്യപ്പെട്ടു. ഇവയിൽ 8,204 കേസുകൾ ഭർത്താവോ ഭാര്യയോ ആത്മഹത്യ ചെയ്തവയായിരുന്നു, വിവാഹബന്ധത്തിലെ പ്രശ്നങ്ങൾ കാരണം.

- 855 ആത്മഹത്യകൾ വിവാഹേതര ബന്ധങ്ങൾ മൂലമായിരുന്നു.

കേരളത്തിൽ, 2023-ൽ 12,000-ത്തോളം വിവാഹമോചന കേസുകൾ ഫാമിലി കോടതികളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവയിൽ വലിയൊരു ശതമാനം 'emotional disconnect' അല്ലെങ്കിൽ 'extra-marital involvement' എന്നതിനെ ചൂണ്ടിക്കാട്ടിയാണ്.

**വിവാഹമോചനം കാരണം ആത്മഹത്യ ചെയ്തവർ**

NCRB Suicide Report (2023): മറ്റൊരാളുമായി ഭർത്താവിന്റെ / ഭാര്യയുടെ ബന്ധം കാരണം ആത്മഹത്യ ചെയ്ത സ്ത്രീകളുടെ എണ്ണം 5,000-ത്തിനു മുകളിൽ ആണ്.

കേരളത്തിൽ മാത്രം 2023-ൽ, 150-ഓളം വിവാഹിതർ വിവാഹ തർക്കങ്ങൾ കാരണം ആത്മഹത്യ ചെയ്തു. ഇവയിൽ പലരും 'spouse's extramarital affair' എന്നത് ആത്മഹത്യ കുറിപ്പിൽ വ്യക്തമാക്കിയിട്ടുണ്ട്.

**സ്വമേധയാ ജീവനൊടുക്കൽ (Suicide)**

കോവിഡ് സമയത്ത് പലരും വീടിനുള്ളിൽ ഒറ്റപ്പെട്ടുപോയി. ചിലർക്ക് അതും ബന്ധങ്ങൾ തകരുന്നതും കാരണം. തികച്ചും കൃത്യമായ കണക്കുകൾ ഇല്ലെങ്കിലും, പലപ്പോഴും അനാവശ്യ സൗഹൃദങ്ങൾ, വിവാഹപ്രശ്നങ്ങൾ തുടങ്ങിയവ ശരിയായ പരിധിയിൽ നിൽക്കാതിരിക്കുക വഴി സ്വമേധയാ മരണം വരെ എത്തിച്ചു. കുടുംബ തർക്കങ്ങൾ മൂലം ആത്മഹത്യ ചെയ്യുന്നവർ 2022 ൽ 1.70 ലക്ഷം. കോവിഡ് കഴിഞ്ഞതോടെ ഭർത്താവിനെയും ഭാര്യയെയും കൊലപ്പെടുത്തുന്ന സംഭവങ്ങൾ കൂടുതലായി. "ഓരോ 32 മണിക്കൂറിലും ഒരു പങ്കാളിയെങ്കിലും കൊല്ലപ്പെടുന്നു" എന്ന് പറയുന്നു.

**അതിരുകളുടെ പ്രസക്തി**

ഒരു വിവാഹിതൻ അല്ലെങ്കിൽ വിവാഹിതയായ സ്ത്രീക്ക് അവരുടെ ജീവിതപങ്കാളിയോടുള്ള ആത്മബന്ധം സൂക്ഷ്മമാണ്. അതിനിടയിൽ മറ്റൊരു സുഹൃത്തിന്റെ അവകാശങ്ങൾ കടന്ന് വരുമ്പോൾ, അതൊരു നിഷ്ഠൂരമായ ഇടപെടൽ ആയി മാറുന്നു. തുടക്കത്തിൽ "കേൾക്കാൻ ഒരാൾ" മാത്രമായിരുന്നത്, പിന്നീട് മനസ്സിന്റെ ഭാഗമായിത്തീരുമ്പോൾ ഒരുപാട് ബന്ധങ്ങൾ തകരാൻ തുടങ്ങി.

**ഒളിച്ചിരുന്ന സംഭാഷണങ്ങൾ – കണ്ണീര് വിതറുന്ന കച്ചവടം**

'ഈ സൗഹൃദം എന്റെ കുടുംബത്തിൽ സന്തോഷം കുറയ്ക്കുമോ?' ഇന്നത്തെ ലോകത്ത്, സോഷ്യൽ മീഡിയയിലൂടെയും ജോലി സ്ഥലങ്ങളിലൂടെയും അനവധി പുതിയ ബന്ധങ്ങൾ ജീവിതത്തിലേക്ക് കടന്നുവരുന്നുണ്ട്. പലപ്പോഴും, ഈ അടുപ്പങ്ങൾ അതിരുകൾ മറികടക്കുമ്പോൾ, നമ്മൾ അറിയാതെ തന്നെ നമ്മുടേതായ കുടുംബത്തെ വേദനിപ്പിക്കപ്പെടാം. ഒരാളെ ജീവിതത്തിലേക്ക് അടുത്തവരാക്കും മുമ്പ്, 'ഇത് എന്റെ കുടുംബത്തിന് നീതിയാണോ?' എന്നൊരു ചോദ്യമെങ്കിലും ആത്മാർത്ഥമായി ചിന്തിക്കേണ്ട സമയം ആണിത്.

**മക്കളെ ബാധിക്കും**

കുഞ്ഞുങ്ങൾ വളരെ സൂക്ഷ്മമായി അമ്മയുടെയും അച്ഛനുടെയും മാറ്റങ്ങൾ കാണും. അമ്മയുടെ കണ്ണീരും അച്ഛന്റെ മൗനവുമൊക്കെ അവർക്കുള്ള ഒരു ഭയമായി മാറും. സുരക്ഷിതത്വം നഷ്ടപ്പെടുന്നുവെന്നു മനസ്സിലാക്കി അവർ തളർന്ന് പോകും. അവരുടെ ബാല്യവും ഭാവിയുമാണ് നഷ്ടപ്പെടുക.

**അതിരുകൾ നിലനിർത്തുന്നതിനുള്ള മാർഗങ്ങൾ**

**തുല്യ പങ്കാളിത്തം:** സൗഹൃദങ്ങളിലോ ബന്ധങ്ങളിലോ ഒരുപക്ഷേ അടുപ്പം വളരാൻ സാധ്യതയുള്ള സാഹചര്യങ്ങളിൽ നിങ്ങളുടെ പങ്കാളിയോട് തുറന്ന് സംസാരിക്കുക.

**വ്യക്തതയുള്ള അതിരുകൾ:** സ്നേഹം പ്രകടിപ്പിക്കുമ്പോഴും, അതിനുള്ള ഒരു പരിധി ഉണ്ടായിരിക്കണം.

**കുടുംബത്തെ മുൻനിർത്തി തീരുമാനങ്ങൾ:** സൗഹൃദമോ ആകർഷണമോ ജീവിതത്തെക്കാൾ വലിയതല്ല. നിങ്ങളുടെ കുടുംബവും കുട്ടികളും മുൻതൂക്കത്തിൽ വയ്ക്കണം.

**പരസ്പര ബഹുമാനം:** നിങ്ങളുടെ പങ്കാളിയുടെ വിശ്വാസങ്ങളും ഭാവനകളും പരിഗണിച്ച് ചിന്തിക്കുക. എല്ലാവിധ ആശയവിനിമയത്തിലും സത്യസന്ധതയും ആദരവും പാലിക്കുക.

**സ്വതന്ത്ര മനസ്സോടെ സംസാരം:** 'എന്റെ സമീപനം അപ്പോൾ എങ്ങനെ തോന്നിയിരുന്നു', 'അത് നിന്നെ ബാധിച്ചോ?' എന്നിങ്ങനെയുള്ള ഉള്ളടക്കമുള്ള സംവാദങ്ങൾ ബന്ധത്തെ ശക്തമാക്കും. കുറ്റപ്പെടുത്തൽ ഒഴിവാക്കുക.

**ദാമ്പത്യത്തിൽ വിശ്വാസം പുലർത്താൻ സഹായിക്കുന്ന മാർഗങ്ങൾ**

* കൗൺസലിങ്ങിന് പോകുക: ജീവിതത്തിൽ ഓരോ ബന്ധത്തിനും ബുദ്ധിമുട്ടുകൾ വരാം. എന്നാൽ അവയെ മറികടക്കാനായി കൗൺസിലിംഗ് വഴി എളിമയും വ്യക്തതയും വികസിപ്പിച്ച് ബന്ധം ശക്തമാക്കാം.

* പുതിയതായ വാഗ്ദാനങ്ങൾ ചെയ്യുക: ദിവസംതോറും സ്നേഹം പുതുക്കണം. "ഞാൻ നിനക്കൊപ്പം ഉണ്ടാകും", "ഇത് നമുക്ക് ഒരുമിച്ച് മറികടക്കാം" എന്ന പോലെ ചെറിയ വാക്കുകളും വാഗ്ദാനങ്ങളും ബന്ധത്തെ വിശ്വാസത്തോടും ഉറപ്പോടും നിലനിർത്തും.

## ഞങ്ങൾക്കു സഹായം വേണ്ട, ഇവിടെ നിന്ന് രക്ഷപ്പെടുത്താൻ സഹായിക്കൂ; സിറിയൻ ക്രൈസ്തവരുടെ ദയനീയാവസ്ഥ വിവരിച്ച് വൈദികൻ

**ഡമാസ്ക്കസ്:** സിറിയയിലെ ഡമാസ്ക്കസിൽ മുപ്പതോളം ക്രൈസ്തവരുടെ ജീവനെടുത്ത ഇസ്ലാമിക് സ്റ്റേറ്റ്സ് തീവ്രവാദി ആക്രമണത്തിനു പിന്നാലെ രാജ്യത്തെ ക്രൈസ്തവരുടെ ദയനീയാവസ്ഥ വിവരിച്ച് പ്രാദേശിക വൈദികന്റെ വെളിപ്പെടുത്തൽ. "ഞങ്ങളുടെ കുട്ടികളുടെ ഭാവിയെക്കുറിച്ച് ഞങ്ങൾ ഭയപ്പെടുന്നു" എന്നും സഹായത്തിന് പകരം രക്ഷപ്പെടുവാൻ സഹായിക്കണമെന്നു ആളുകൾ തങ്ങളോടു പറയുന്നുണ്ടെന്നും സിറിയയിലെ ഫ്രാൻസിസ്കൻ വൈദികനായ ഫാ. ഫാദി അസർ, എയിഡ് ടു ദി ചർച്ച് ഇൻ നീഡിന് നൽകിയ അഭിമുഖത്തിൽ പറഞ്ഞു.

സിറിയയിലെ ക്രൈസ്തവർ കടന്നുപോകുന്നത് അഗാധമായ ദുഃഖത്തിലൂടെയാണെന്നു അദ്ദേഹം ചൂണ്ടിക്കാട്ടി. എല്ലാ ക്രിസ്ത്യാനികളും വലിയ ദുഃഖം അനുഭവിക്കുന്നു. ഞങ്ങൾ ഇപ്പോൾ ഒറ്റയ്ക്കാണെന്ന് ഞങ്ങൾക്ക് തോന്നുന്നു. വത്തിക്കാന്റെയും യൂറോപ്യൻ സമൂഹത്തിന്റെയും ഇടപെടൽ ഞങ്ങൾ അഭ്യർത്ഥിക്കുകയാണ്. ആളുകൾ ഇപ്പോൾ ഞങ്ങളോട് പറയുന്നു, 'അച്ചാ, ഞങ്ങൾക്ക് സഹായം വേണ്ട, ഭക്ഷണമോ മരുന്നോ ഒന്നും വേണ്ട. രക്ഷപ്പെടാൻ ഞങ്ങളെ സഹായിക്കൂ. ഞങ്ങൾക്ക് ഇവിടെ ജീവിക്കാൻ കഴിയില്ല. ഞങ്ങളുടെ ജീവനെയോർത്ത് ഞങ്ങൾ ഭയപ്പെടുന്നു; ഞങ്ങളുടെ കുട്ടികളുടെ ഭാവിയെയോർത്ത് ഞങ്ങൾ ഭയപ്പെടുന്നു'.



രാജ്യത്തു യാതൊരു ആധിപത്യവുമില്ലാത്ത ക്രൈസ്തവർ ഉൾപ്പെടെയുള്ള വിഭാഗങ്ങൾക്കു സ്ഥിതി കൂടുതൽ കൂടുതൽ ബുദ്ധിമുട്ടായിക്കൊണ്ടിരിക്കുകയാണ്. സഭ സർക്കാരുമായി സംസാരിക്കുമ്പോഴെല്ലാം, ഇത് ഒരു ഒറ്റപ്പെട്ട സംഭവമാണെന്ന് അവർ പറയുന്നു. ഞങ്ങൾക്ക് വിശ്വാസമുണ്ട്; ഞങ്ങൾ ഭയപ്പെടുന്നില്ല. മധ്യപൂർവ്വേഷ്യയിൽ, ക്രൈസ്തവർക്ക് നേരെയുള്ള പീഡനം എല്ലായ്പ്പോഴുമുണ്ട്. 2,000 വർഷമായി പീഡനം തുടരുന്നു. എന്നാൽ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കപ്പെടുന്ന ഈ സിവിൽ ലോകത്താണ് നമ്മൾ. നീതി - അതിൽ കൂടുതലൊന്നും നമുക്ക് വേണ്ട.

സുരക്ഷിതത്വമുള്ള ഒരു രാജ്യത്ത് ജീവിക്കാൻ ക്രിസ്ത്യാനികൾക്ക് അവകാശമുണ്ട്, പള്ളിയിൽ പോയി സമാധാനത്തോടെ പ്രാർത്ഥിക്കാനും അവർക്ക് കഴിയേണ്ടതുണ്ടെന്നും ഫാ. ഫാദി പറഞ്ഞു. യുദ്ധത്തിന് മുൻപ്, രാജ്യത്തെ ജനസംഖ്യയുടെ 10 ശതമാനം മാത്രമായിരുന്നു ക്രൈസ്തവർ. എന്നാൽ ഇപ്പോൾ മൂന്ന് ശതമാനമായി കുറഞ്ഞിരിക്കുകയാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. നിലവിൽ ലതാകിയയിലാണ് താമസിക്കുന്നെങ്കിലും ഡമാസ്കസിൽ വർഷങ്ങളോളം ചെലവഴിച്ച വൈദികനാണ് ഫാ. ഫാദി.

കഴിഞ്ഞലക്കം തുടർച്ച

# വിവാഹമോചന കേസുകളിൽ ഗണ്യമായ വർദ്ധന



ഡോ. ആനി മരിയ സിഎംസി
ക്ലിനിക്കൽ സൈക്കോളജിസ്റ്റ്

**വിവാഹം എന്നത് സന്തോഷനുഭവത്തിന്റെയും പടപൊരുതലുകളുടെയും സംഘർഷങ്ങളുടെയും വിശ്രമത്തിന്റെയും വേദനകളുടെയും ആശ്വാസത്തിന്റെയും സംതൃപ്തിയുടെയും അഭിലാഷങ്ങളുടെയും സുഖാനുഭവങ്ങളുടെയും അനുപേക്ഷണീയമായ ഒരു സമ്മിശ്രമാണ്.**



**വിവാഹത്തിന്റെ ലക്ഷ്യങ്ങൾ**

വിവാഹത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ ദമ്പതികൾ പരസ്പരമുള്ള ഐക്യവും സന്തതികളോടുള്ള തുറവിയുമാണ്. സ്നേഹത്തിന്റെ സംസർഗ്ഗമായ പരിശുദ്ധ ത്രിത്വത്തിന്റെ ഐക്യവും കൂട്ടായ്മയും ലോകത്തിന് ദൃശ്യമാക്കുന്നതിനുള്ള ഉപാധിയും, ക്രിസ്തുവും സഭയും തമ്മിലുള്ള അഭേദ്യമായ ബന്ധത്തിന്റെ പ്രതിരൂപവുമായി വിവാഹബന്ധം കണക്കാക്കപ്പെടുന്നു. വിവാഹത്തിൽ സ്ത്രീയും പുരുഷനും തമ്മിലുള്ള പരസ്പരസ്നേഹം ദൈവത്തിന് മനുഷ്യരോടുള്ള നിരുപാധികവും വിട്ടുവീഴ്ച ഇല്ലാത്തതുമായ സ്നേഹത്തിന്റെ പ്രതീകവുമാണ്. സ്നേഹിക്കുകയും ജീവനു ജന്മം നൽകുകയും ചെയ്യുന്ന ദമ്പതികൾ സ്രഷ്ടാവും രക്ഷകനുമായ ദൈവത്തെ വെളിപ്പെടുത്താൻ കഴിവുള്ള യഥാർത്ഥവും സജീവവുമായ ഐക്കണാണ്.

**വിവാഹത്തിന്റെ അലംഘനീയത**

ദൈവത്തോട് നമ്മെ ഐക്യപ്പെടുത്തുന്ന സ്നേഹം കഴിഞ്ഞാൽ ദാമ്പത്യസ്നേഹം സൗഹൃദത്തിന്റെ ഏറ്റവും വലിയ രൂപമാണ്. അപര വ്യക്തിയുടെ നന്മയ്ക്കായുള്ള താല്പര്യം, പാരസ്പര്യം, ദൃഢമായ ഐക്യം, ഊഷ്മളത, പങ്കുവയ്ക്കപ്പെടുന്ന ജീവിതത്തിൽനിന്നും ജനിക്കുന്ന സത്ഫലങ്ങൾ എന്നിങ്ങനെ ഒരു നല്ല സൗഹൃദത്തിന്റെ എല്ലാ അടയാളങ്ങളുമുള്ള ഐക്യമാണത്. വേർപെടുത്താൻ ആവാത്ത, ജീവിതകാലം മുഴുവൻ ഒന്നിച്ചു പങ്കുവയ്ക്കാനും രൂപപ്പെടുത്താനുമുള്ള സുസ്ഥിരമായ സമർപ്പണം വിവാഹത്തെ അലംഘ്യമായ ഒരു ഉടമ്പടിയായി മാറ്റുന്നു. വിവാഹം എന്നത് സന്തോഷനുഭവത്തിന്റെയും പടപൊരുതലുകളുടെയും സംഘർഷങ്ങളുടെയും വിശ്രമത്തിന്റെയും വേദനകളുടെയും ആശ്വാസത്തിന്റെയും സംതൃപ്തിയുടെയും അഭിലാഷങ്ങളുടെയും സുഖാനുഭവങ്ങളുടെയും അനുപേക്ഷണീയമായ ഒരു സമ്മിശ്രമാണ്. വിവാഹത്തിൽ സ്നേഹത്തിന്റെ സന്തോഷം അനുദിനം വളർത്തപ്പെടേണ്ടതുണ്ട് ഈ സന്തോഷം ദുഃഖത്തിനിടയിൽ പോലും അനുഭവിക്കാൻ ആവുന്നതാണ്. ഇവയാണ് സഭ വിവാഹമോചനത്തിന് അനുകൂലമായ നിലപാടുകൾ സ്വീകരിക്കാത്തതിന്റെ പിന്നിലെ ചില കാരണങ്ങൾ.

**സ്വതന്ത്രമായ തീരുമാനം**

വിവാഹം എന്ന കൂദാശ സാധുവാകുന്നതിന് രണ്ടു വ്യക്തികളുടെയും സ്വതന്ത്രമായ സമ്മതം അനിവാര്യമാണ്. യാതൊരു വിധത്തിലുമുള്ള സമ്മർദ്ദവും വിവാഹത്തിലേക്ക് നയിക്കാൻ പാടില്ല. അതുപോലെതന്നെ പ്രാധാന്യമർഹിക്കുന്നതാണ് പ്രകൃതി നിയമത്തിന്റെയും സഭാ നിയമത്തിന്റെയും തടസ്സങ്ങൾ ഇല്ലാതിരിക്കുക എന്നതും. ദമ്പതികളുടെ സമ്മതം സ്വതന്ത്രവും ഉത്തരവാദിത്വപൂർണ്ണവും ആകേണ്ടതിനും ഈ ഉടമ്പടി ഉറച്ചതും നീണ്ടുനിൽക്കുന്നതും ആകുന്നതിനും വിവാഹത്തിനുള്ള അനുയോജ്യമായ ഒരുക്കത്തിന്റെ ആവശ്യകത സഭ ഊന്നി പറയുന്നുണ്ട്.

**വൈവാഹിക ഉടമ്പടിയിലെ തകർച്ചകൾ**

മനുഷ്യന്റെ സ്വാഭാവിക പ്രകൃതിയിൽ എന്നതുപോലെ സ്ത്രീപുരുഷ ബന്ധങ്ങളിലും തിന്മയുടെ സ്വാധീനം ഉണ്ടാകാറുണ്ട്. ഭിന്നത, താൻപോരിമ, അവിശ്വസ്തത, സ്വാർത്ഥത, അസൂയ, കലഹങ്ങൾ എന്നിവ എപ്പോഴും ദമ്പതികൾക്കിടയിൽ ഭീഷണിയാകാറുണ്ട്. ഈ ക്രമഭംഗം വെറുപ്പിലേക്കും ബന്ധത്തിന്റെ തകർച്ചയിലേക്കും വേർപെടലിലേക്കും നയിക്കാം. നമ്മുടെ വിശ്വാസമനുസരിച്ച് ഇത്തരം ക്രമഭംഗങ്ങൾ പാപത്തിൽനിന്നാണ് ഉത്ഭവിക്കുന്നത്. തുണയാകാനും ഐക്യത്തിൽ നിലനിൽക്കാനും വിളിക്കപ്പെട്ട സ്ത്രീയും പുരുഷനും തമ്മിൽ ആദ്യം ഉണ്ടായിരുന്ന കൂട്ടായ്മയിലുണ്ടായ വിള്ളലാണ് ആദ്യ പാപത്തിന്റെ പ്രഥമഫലം. പരസ്പരമുള്ള പഴിചാരലുകൾ അവർ തമ്മിലുള്ള ബന്ധത്തെ വികലമാക്കിയെന്നത് നമുക്കറിവുള്ളതാണ്.

**കൗദാശിക പ്രസാദവരം**

പാപത്തിന്റെ ഈ മുറിവുണക്കുന്നതിനാണ് കൗദാശിക പ്രസാദവരത്തിന്റെ സഹായം ദമ്പതികൾക്ക് നൽകപ്പെടുന്നത്. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖ ഇപ്രകാരം ഊന്നി പറയുന്നുണ്ട്, 'ദമ്പതികളുടെ അടിസ്ഥാനം ക്രിസ്തുവിലാണ്. കർത്താവായ ക്രിസ്തു വിവാഹമെന്ന കൂദാശയിൽ ക്രൈസ്തവ ദമ്പതികൾക്ക് തന്നെത്തന്നെ സന്നിഹിതനാക്കുകയും അവരോടൊപ്പം വസിക്കുകയും ചെയ്യുന്നു. അവിടുന്ന് തന്റെ പരിശുദ്ധാത്മാവ് വഴി വിശ്വാസത്തിന്റെയും പ്രത്യാശയുടെയും സ്നേഹത്തിന്റേതുമായ അവരുടെ ജീവിതത്തിന്റെ ഓരോ അംശത്തിലും നിറഞ്ഞുകൊണ്ട് ആ സ്നേഹത്തിൽ ജീവിക്കാനുള്ള കഴിവ് ദമ്പതികൾക്ക് നൽകുന്നു'. യഥാർത്ഥത്തിൽ വിവാഹം എന്ന കൂദാശയുടെ കൃപാവരം ഉദ്ദേശിക്കുന്നത് സർവ്വോപരി ദമ്പതികളുടെ സ്നേഹം പൂർണമാക്കുക എന്നതാണ്. ഒരുമിച്ചുള്ള വിശ്വാസജീവിതവും ഒരുമിച്ചുള്ള വിശുദ്ധ കുർബാന സ്വീകരണവും പങ്കുവയ്ക്കലുകളും ദമ്പതികളെ ദൈവത്തിന്റെ ഈ അനന്ത കാരുണ്യം തങ്ങളിലേക്ക് ഏറ്റുവാങ്ങുന്നതിന് പ്രാപ്തരാക്കുന്നു. ചുരുക്കത്തിൽ, പരസ്പരമുള്ള സ്നേഹത്തിലും ഐക്യത്തിലും ഒന്നിച്ചുള്ള വിശ്വാസജീവിതത്തിലും നിലനിന്ന് ദമ്പതികൾ തമ്മിലും പുറമേനിന്നും ഉണ്ടാകുന്ന പ്രശ്നങ്ങളെയും പ്രതിസന്ധികളെയും ഒന്നിച്ച് തരണം ചെയ്ത് തങ്ങൾക്ക് ദൈവം ദാനമായി നൽകുന്ന മക്കൾക്ക് നല്ല മാതൃകകൾ നൽകി, ദൈവഹിതമനുസരിച്ച് ജീവിക്കുക എന്നതാണ് സഭയാകുന്ന അമ്മ വിവാഹജീവിതം നയിക്കുന്ന വ്യക്തികളിൽനിന്നും ആഗ്രഹിക്കുന്നതും ആവശ്യപ്പെടുന്നതും.

കടപ്പാട്: രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ, കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥം, കുടുംബം ഒരു കൂട്ടായ്മ, കുടുംബങ്ങൾക്ക് ഒരെഴുത്ത് (ജോൺപോൾ രണ്ടാമൻ മാർപാപ്പ), സ്നേഹത്തിന്റെ സന്തോഷം (ഫ്രാൻസിസ് മാർപാപ്പ).

## ആണവായുധ നിർമ്മാണത്തിനെതിരെ ജപ്പാനിലെ ബിഷപ്പുമാർ

**വത്തിക്കാൻ സിറ്റി:** ആണവായുധങ്ങൾ വികസിപ്പിക്കുന്നതിനും ഉപയോഗിക്കുന്നതിനും എതിരെ ജപ്പാനിലെ കത്തോലിക്കാ ബിഷപ്പുമാർ ആശങ്ക പ്രകടിപ്പിച്ച് രംഗത്ത്. ആണവായുധങ്ങൾ കൈവശം വയ്ക്കുന്നത് സംഘർഷ പരിഹാരത്തിന് ഒരു തടസ്സമാണെന്ന ചിന്ത തെറ്റാണെന്ന് ബിഷപ്പുമാർ പറഞ്ഞു. രണ്ടാം ലോക മഹായുദ്ധകാലത്ത് ജപ്പാനെ പരാജയപ്പെടുത്തുന്നതിനായി അമേരിക്ക കണ്ടെത്തിയ അവസാന മാർഗ്ഗമായിരുന്നു അണുവായുധ പ്രയോഗം. അന്ന് വിതച്ച ദുരന്തത്തിന്റെ ഞെട്ടിക്കുന്ന വേദനിപ്പിക്കുന്ന ഓർമ്മകളും സമീപകാലത്തെ ആണവ ആക്രമണ ഭീതിയുടെയും പശ്ചാത്തലത്തിലുമാണ് ജാപ്പനീസ് ബിഷപ്പുമാർ പ്രസ്താവനയിറക്കിയിരിക്കുന്നത്. 'യുദ്ധസമയത്ത് അണുബോംബാക്രമണം അനുഭവിച്ച ഒരേയൊരു രാജ്യത്തിന്റെ സഭാതലവന്മാർ എന്ന നിലയിൽ അണുബോംബുകളിൽ നിന്ന് അതിജീവിച്ചവരും ഹിരോഷിമയിലെയും നാഗസാക്കിയിലെയും പൗരന്മാരും അനുഭവിച്ച ചരിത്രവും വേദനയും ഹൃദയങ്ങളിൽ വഹിക്കുന്നുണ്ടെന്ന്' ജാപ്പനീസ് ബിഷപ്പ്സ് ചൂണ്ടിക്കാട്ടി. 1945-ലെ അണുബോംബാക്രമണത്തിൽ ഹിരോഷിമയിലും നാഗസാക്കിയിലും നിരവധി ജീവൻ നഷ്ടപ്പെട്ടു, ബോംബാക്രമണത്തിന്റെ കഷ്ടപ്പാടുകളും അനന്തരഫലങ്ങളും അനുഭവിച്ചുകൊണ്ട് നിരവധി ആളുകൾ ഇപ്പോഴും ജീവിക്കുന്നു. ഈ ദുരന്തം ഇനിയും ആവർത്തിക്കരുതെന്നു മെത്രാന്മാർ അഭ്യർത്ഥിച്ചു.






# പരിഷ്കരിച്ച് പിഒസി ബൈബിൾ

**വിശുദ്ധ ഗ്രന്ഥം ഗൗരവമായി പഠിക്കാനും വ്യാഖ്യാനിക്കാനും പ്രയോഗിക്കാനും ആഗ്രഹിക്കുന്നവർക്ക് പരിഷ്കരിച്ച പിഒസി ബൈബിൾ വലിയൊരു മുതൽക്കൂട്ടായിരിക്കും. ആവശ്യമുള്ളവർക്ക് വാങ്ങാനായി പഴയ പിഒസി ബൈബിൾ തുടർന്നും വിപണിയിൽ ഉണ്ടാകും. പക്ഷേ, അതുമായി ഒരു ബൈബിൾ പഠന ക്ലാസ്സിലേക്കോ ബൈബിൾ വ്യാഖ്യാന വേദിയിലേക്കോ പോകുന്നത് അത്ര ഗുണകരമായിരിക്കില്ല. പഠനാർത്ഥം ഉപയോഗിക്കാൻ പരിഷ്കരിച്ച ബൈബിൾ തന്നെ അവലംബമാക്കുക.**



റവ. ഡോ. ജോഷി മയ്യാറ്റിൽ

കേരളത്തിന്റെ സാഹിത്യ കാരണവർ പ്രൊഫ. എം.കെ. സാനു മാഷ് കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ അധ്യക്ഷൻ കർദ്ദിനാൾ മാർ ബസേലിയോസ് ക്ലിമ്മീസിൽ നിന്ന്, പരിഷ്കരിച്ച പിഒസി സമ്പൂർണബൈബിൾ ഏറ്റുവാങ്ങിയപ്പോൾ 1977ലെ ഒരു സുദിനമാണ് പഴമക്കാരുടെ മനസ്സിൽ തെളിഞ്ഞത്. പിഒസി പുതിയനിയമം ആദ്യമായി പ്രകാശനം ചെയ്തപ്പോൾ അത് ഏറ്റുവാങ്ങിയത് അനുഗൃഹീത സാഹിത്യകാരൻ ശ്രീ. കെ.പി. കേശവമേനോൻ ആയിരുന്നു. 1898-ൽ പൂർത്തിയായ മഞ്ഞുമ്മൽ വിവർത്തനം മുതൽ ആരംഭിച്ച കത്തോലിക്കാബൈബിൾ വിവർത്തന ചരിത്രത്തിലെ നാഴികക്കല്ലായിരുന്നു ആദ്യമായി കേരള കത്തോലിക്കാ മെത്രാൻ സമിതി പുറത്തിറക്കിയ ആ ഔദ്യോഗിക പരിഭാഷ. 1981-ലാണ് പിഒസി സമ്പൂർണബൈബിൾ വെളിച്ചം കണ്ടത്. ഭാഷാലാളിത്യത്താലും വായനക്ഷമതയാലും പരക്കെ ജനകീയത നേടാൻ പിഒസി ബൈബിളിനു കഴിഞ്ഞു.

### ഇരുപതാണ്ടിന്റെ അധ്വാനം

43 വർഷങ്ങൾക്കിപ്പുറം പിഒസി ബൈബിളിന്റെ പരിഷ്കരിച്ച പതിപ്പ് പുറത്തിങ്ങുമ്പോൾ, ഇരുപതു വർഷങ്ങൾ നീണ്ട തപസ്യയുടെ ഫലപ്രാപ്തിക്കാണ് കേരളസഭയും സമൂഹവും സാക്ഷ്യംവഹിച്ചത്. കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ ചെയർമാനായി ദീർഘകാലം ശുശ്രൂഷ ചെയ്ത മാർ ജോർജ് പുന്നക്കോട്ടിൽ പിതാവാണ് ഈ പരിഷ്കരണനടപടികൾക്ക് ആദ്യം ചുക്കാൻപിടിച്ചത്. ആർച്ച് ബിഷപ്പ് സൂസൈപാക്യം, അബ്രഹാം മാർ ജൂലിയോസ്, ബിഷപ്പ് ജെയിംസ് ആനാപറമ്പിൽ എന്നിവരുടെയും റവ. ഡോ. സ്റ്റീഫൻ ആലത്തറ, റവ. ഫാ. വർഗീസ് വള്ളിക്കാട്ട്, റവ. ഫാ. ജെയ്ക്കബ് പാലക്കാപ്പിള്ളി, റവ. ഫാ. തോമസ് തറയിൽ എന്നിവരുടെയും നേതൃത്വം വിലപ്പെട്ടതാണ്. ബൈബിൾ കമ്മീഷൻ സെക്രട്ടറിമാരായിരുന്ന റവ. ഡോ. സൈറസ് വേലംപറമ്പിൽ, റവ. ഡോ. ജോഷി മയ്യാറ്റിൽ, റവ. ഡോ. ജോൺസൺ പുതുശ്ശേരി, റവ. ഡോ. ജോജു കോക്കാട്ട് എന്നിവരുടെ മേല്നോട്ടത്തിലാണ് പി.ഒ.സി. ബൈബിൾ പരിഷ്കരണം നടന്നത്.

2016-ൽ ആരംഭിച്ച പഴയനിയമ പരിഷ്കരണം 2022-ൽ പൂർത്തിയായി. ഔദ്യോഗികമായ പ്രകാശന കർമം ഈ വർഷത്തെ മൺസൂൺകാല കെസിബിസി-കെസിഎംഎസ് സംയുക്തസമ്മേളനത്തിലാണ് നടന്നത്.

അന്തർദ്ദേശീയമായി ഏവരും ഔദ്യോഗികമായി അംഗീകരിച്ചിട്ടുള്ള ഹീബ്രു-ഗ്രീക്ക്-അരമായ ബൈബിളുകളാണ് പരിഷ്കരണത്തിന് അടിസ്ഥാനമാക്കിയത്. ■

## ഗ്രഹാം സ്റ്റെയിൻസിനെയും മക്കളെയും കൊലപ്പെടുത്തിയ കേസിലെ പ്രതി ക്രൈസ്തവ വിശ്വാസം സ്വീകരിച്ചു



**ഭുവനേശ്വർ:** ഒഡീഷയിൽ സേവനം ചെയ്തിരിന്ന ഓസ്ട്രേലിയൻ മിഷ്ണറി ഗ്രഹാം സ്റ്റെയിൻസിനെയും അദ്ദേഹത്തിന്റെ രണ്ട് ആൺമക്കളെയും കൊലപ്പെടുത്തിയ കേസിൽ ഉൾപ്പെട്ട മുൻ ജുവനൈൽ കുറ്റവാളി ചെങ്കു ഹൻസ്ദ ക്രൈസ്തവ വിശ്വാസം സ്വീകരിച്ചു. കഴിഞ്ഞ ദിവസം ഒഡീഷയിൽ മാധ്യമ പ്രവർത്തകനായ ദയാശങ്കർ മിശ്രയുമായി നടത്തിയ അഭിമുഖത്തിലാണ് ചെങ്കു താൻ ക്രൈസ്തവ വിശ്വാസം സ്വീകരിച്ച കാര്യം വെളിപ്പെടുത്തിയത്. ക്രിസ്തുവിലുള്ള വിശ്വാസം തനിക്ക് ആന്തരിക സമാധാനവും രോഗശാന്തിയും നൽകിയതായി അദ്ദേഹം പറഞ്ഞു.

ഗ്രഹാം സ്റ്റെയിൻസിനെയും മക്കളെയും കൊലപ്പെടുത്തിയ സമയത്ത് പ്രായപൂർത്തിയാകാത്തതിനാൽ ഒൻപത് വർഷം ജുവനൈൽ ജയിലിൽ കഴിഞ്ഞ പ്രതിയാണ് ചെങ്കു. ക്രൈസ്തവ വിശ്വാസം സ്വീകരിക്കാനുള്ള തന്റെ തീരുമാനം പുരോഹിതരുടെയോ ബാഹ്യ സമ്മർദ്ധത്താലോ മറ്റ് സ്വാധീനത്താലോ അല്ലായെന്നും മറിച്ച് വ്യക്തിപരമായ ദുഃഖത്തിൽ നിന്നും ആത്മപരിശോധനയിൽ നിന്നുമാണ് ഉണ്ടായതെന്നും അദ്ദേഹം അഭിമുഖത്തിൽ വെളിപ്പെടുത്തി. ഒരു ക്രൈസ്തവ വിശ്വാസിയായതിൽ തനിക്ക് സന്തോഷമുണ്ടെന്നും അദ്ദേഹം പറഞ്ഞു.

തടവിൽ കഴിഞ്ഞ സമയത്ത് ഒരു പുരോഹിതനും ചെങ്കുവിനെ ഉപദേശിച്ചില്ലെന്ന് കത്തോലിക്ക വൈദികനായ ഫാ. അജയ് കുമാർ സിംഗ് 'കാത്തലിക് കണക്റ്റ്'നോട് വെളിപ്പെടുത്തി. ജയിൽ മോചിതനായ ശേഷം ചെങ്കു വളരെയധികം കഷ്ടപ്പെട്ടിരുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. അദ്ദേഹത്തിന് തന്റെ ആദ്യ ഭാര്യയെയും സഹോദരിമാരെയും മറ്റ് കുടുംബാംഗങ്ങളെയും നഷ്ടപ്പെട്ടു. ഇതുമൂലം അദ്ദേഹം വളരെയധികം അസ്വസ്ഥനായിരുന്നു.

സമാധാനത്തോടെ ജീവിക്കണമെങ്കിൽ അക്രമം ഉപേക്ഷിക്കാൻ ആവശ്യപ്പെടുന്ന ശക്തമായ ആന്തരിക വിളി ഒരു ദിവസം ചെങ്കുവിന് ഉള്ളിൽ ഉണ്ടാകുകയായിരിന്നു. ഗ്രഹാം സ്റ്റെയിൻസ് കൊല്ലപ്പെട്ട ഒഡീഷയിലെ കിയോഞ്ജർ ജില്ലയിലെ ക്രിസ്ത്യൻ സമൂഹത്തിലേക്ക് മടങ്ങാൻ അവനെ പ്രേരിപ്പിക്കുന്നതായിരിന്നു ഈ ഉൾവിളി. ആ ആന്തരിക ശബ്ദം ചെങ്കു ഹൻസ്ദയെ ക്രൈസ്തവ വിശ്വാസം സ്വീകരിക്കാൻ പ്രേരിപ്പിക്കുകയായിരിന്നുവെന്നും ചെങ്കു ഒരു കത്തോലിക്കേതര വിഭാഗത്തിന്റെ ഭാഗമാണെന്നും ഫാ. അജയ് പറഞ്ഞു.

### സൗഹൃദ കൗൺസിലിംഗ്

രൂപതാ ഫാമിലി അപ്പോസ്റ്റലേറ്റിന്റെ നേതൃത്വത്തിൽ 'സൗഹൃദ കൗൺസിലിംഗ് സെന്റർ' തിങ്കൾ മുതൽ വെള്ളിവരെ ദിവസങ്ങളിൽ പ്രവർത്തിക്കുന്നു. കുടുംബങ്ങളെയും, യുവജനങ്ങളെയും, വിദ്യാർഥികളെയും സഹായിക്കുന്നതിന് കൗൺസിലറുടെ സഹായം ലഭ്യമാണ്. ആവശ്യമുള്ളവർ താഴെപ്പറയുന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക. 9645118864

### വിവാഹ ഒരുക്കധ്യാന തീയതികൾ

ജൂലൈ 11,12,13 (വെള്ളി, ശനി, ഞായർ) നിർമ്മല റിന്യൂവൽ സെന്റർ പൊടിമറ്റം. ജൂലൈ 25,26,27 (വെള്ളി, ശനി, ഞായർ) പാസ്റ്ററൽ ആനിമേഷൻ സെന്റർ അണക്കര

### ഗ്രാന്റ് പേരന്റ്സ് ഡേ

ഈശോയുടെ മുത്തശ്ശി-മുത്തച്ഛന്മാരായ വിശുദ്ധ യോവാക്കീം അന്ന ദമ്പതികളുടെ തിരുനാൾ ജൂലൈ 27-ന് നടത്തപ്പെടുന്നു.

## ബിബിയ 2025 (ബൈബിൾ ക്വിസ്)

ആനവിലാസം സെന്റ് ജോർജ് പള്ളിയുടെ രജത ജൂബിലിയോട് അനുബന്ധിച്ച്, കാഞ്ഞിരപ്പള്ളി രൂപതയുടെ മുഖപത്രമായ ദർശകൻ മാസികയോട് ചേർന്ന്, ബിബിയ ഓൺലൈൻ ബൈബിൾ ക്വിസ് ഒരുക്കുന്നു. ജൂലൈ മാസം 20-ാം തീയതി ഞായറാഴ്ച വൈകുന്നേരം എട്ടുമണിക്ക് നടത്തപ്പെടുന്ന അഞ്ചാമത്തെ ബൈബിൾ ക്വിസ്സിന്റെ പഠിക്കേണ്ട ഭാഗങ്ങൾ ചുവടെ ചേർക്കുന്നു. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർക്ക് തന്നിരിക്കുന്ന ലിങ്ക് ഷെയർ ചെയ്ത് കൊടുത്ത്, വാട്സ്ആപ്പ് ഗ്രൂപ്പിൽ അംഗങ്ങൾ ആകുമല്ലോ. ജൂലൈ മാസം പഠിക്കേണ്ട ഭാഗങ്ങൾ:

ന്യായാ. 19, 20 അദ്ധ്യായങ്ങൾ
പ്രഭാ. 48-ാം അധ്യായം,
ലൂക്ക 23-ാം അധ്യായം,
എഫേ. 5-ാം അധ്യായം.
(കൂടാതെ ജൂലൈ മാസം ദർശകൻ മാസികയിൽ നിന്നും മൂന്നു ചോദ്യങ്ങൾ ഉൾപ്പെടുത്തുന്നതാണ്. ദർശകൻ മാസികയുടെ PDF പിന്നീട് ഈ ഗ്രൂപ്പിൽ ഷെയർ ചെയ്യുന്നതാണ്.)

**സമ്മാനങ്ങൾ**

| | | | | | |
|---|---|---|---|---|---|
| I | - | 2000 | VII | - | 400 |
| II | - | 1500 | VIII | - | 300 |
| III | - | 1250 | IX | - | 250 |
| IV | - | 1000 | X | - | 200 |
| V | - | 750 | XI | - | 150 (5 പേർക്ക്) |
| VI | - | 500 | XII | - | 100 (5 പേർക്ക് ) |

വാട്സ്ആപ്പ് ഗ്രൂപ്പിൽ ചേരാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യുക.

ആത്മീയം

# സ്നേഹം 'കരുതലാണ്'





ഫാ. ഡാനിയേൽ പൂവണ്ണത്തിൽ

**നിങ്ങളെന്നെ സ്നേഹിക്കുന്നുവെന്ന് പറഞ്ഞാൽ മാത്രം പോരാ. ഞാൻ അറിയണം. ഞാനനുഭവിക്കണം നിങ്ങളെന്നെ സ്നേഹിക്കുന്നുണ്ടെന്ന്.**

സ്നേഹത്തെക്കുറിച്ചൊക്കെ നമ്മളൊത്തിരി പറഞ്ഞിരിക്കുന്നു. എന്നിട്ടും കാര്യത്തോടടുക്കുമ്പോൾ ആ പഴയ കഥയിലെ യഹൂദ ബാലനെപ്പോലെ ഇപ്പോഴും നമുക്കിഷ്ടം തികച്ചും പ്രാക്ടിക്കലാവാൻ തന്നെ. ക്രിസ്ത്യൻ സ്കൂളിലായിരുന്നു അവന്റെ പഠനം. മതാധ്യാപക ക്ലാസ്സിൽവച്ച് ക്രിസ്ത്യൻ അധ്യാപിക ഒരിക്കൽ ചോദിച്ചു: ലോകം കണ്ടതിൽവച്ച് ഏറ്റവും മഹാനായ വ്യക്തി ആരാണ്? ഹൈന്ദവകുട്ടികൾ പറഞ്ഞു, അത് ശ്രീകൃഷ്ണനാണ്. മുസ്ലിം കുരുന്നുകൾക്ക് സംശയമേയില്ലായിരുന്നു, മുഹമ്മദ് നബിയല്ലാതെ അത് മറ്റാരാണ്? ഒടുവിൽ യഹൂദന്റെ ഊഴമെത്തി. ഉറച്ച ശബ്ദത്തിൽ അവൻ പറഞ്ഞു, അത് യേശുക്രിസ്തുവാണ്. സ്വന്തം കാതുകളെ വിശ്വസിക്കാനായില്ല ടീച്ചറിന്. നീ ശരിക്കും ബോധത്തോടെയാണോ കുഞ്ഞേ പറയുന്നത്, നീയൊരു യഹൂദനല്ലേ...?

അവന്റെ മറുപടി ഇങ്ങനെയായിരുന്നു. കാര്യം അതല്ല ടീച്ചർ. ചരിത്രത്തിലെ ഏറ്റവും മഹാനായ വ്യക്തി യേശുവല്ല, മറിച്ച് മോശയാണ് എന്ന് എനിക്ക് നന്നായി അറിയാം. അതിലെനിക്കു സംശയവുമില്ല. പക്ഷേ, “Business is Business”

അന്നും ഇന്നും നമുക്ക് പ്രിയം പ്രായോഗികതകൾ തന്നെയാണ് സുഹൃത്തേ. അങ്ങേയറ്റം സ്നേഹത്തിന്റെ കാര്യത്തിൽവരെ. അതുകൊണ്ടാണ്, സ്നേഹിതനുവേണ്ടി ജീവൻ ബലികഴിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ലെന്നു ആവർത്തിച്ചു വായിച്ചിട്ടും ഞാനതിനിയും മനസ്സിലാകാത്തവനെപ്പോലെ അഭിനയിക്കുന്നത്, യാത്രയിൽ തൊട്ടടുത്ത് സീറ്റ് കിട്ടാതെ നിന്ന് ഒരു വൃദ്ധൻ ഊർദ്ധശ്വാസം വലിക്കുമ്പോഴും ഞാൻ അത് കാണാത്തവനെപ്പോലെ ഉറക്കം നടിച്ചിരിക്കുന്നത്. അറിയണം, സ്നേഹത്തിന്റെ കണക്കുപുസ്തകത്തിൽ വരവിനെക്കാളധികം ചെലവാണെന്ന്. ഒന്നും നഷ്ടപ്പെടുത്താതെ ഭൂമിയിൽ ആരും ആരേയും ഇന്നേവരെ ഹൃദയപൂർവ്വം സ്നേഹിച്ചിട്ടില്ലെന്ന്!

ടോൾസ്റ്റോയിയെക്കുറിച്ചാണ് ഈ കഥ. സ്നേഹത്തെക്കുറിച്ചൊക്കെ ഒരുപാട് സംസാരിച്ച വിശ്വസാഹിത്യകാരൻ. അദ്ദേഹത്തിന്റെ മരണശേഷം ഭാര്യ എഴുതിയവയൊക്കെ ഞെട്ടിപ്പിക്കുന്നവയായിരുന്നു. “ഒത്തിരി വിഷമമുണ്ട്... ഒട്ടും ആത്മാർത്ഥതയില്ലാത്ത മനുഷ്യനായിരുന്നു. അദ്ദേഹത്തിന്റെ ദയാശീലമൊക്കെ ഹൃദയത്തിൽ നിന്നായിരുന്നില്ല, മറിച്ച് ആശയങ്ങളിൽ നിന്നായിരുന്നു. തൊഴിലാളികളെ ബക്കറ്റ് കണക്കിന് വെള്ളം കോരിക്കൊടുത്ത് സഹായിച്ചിരുന്ന മനുഷ്യനാണ്. പക്ഷേ, ഭാര്യയ്ക്കൊരിത്തിരി പോലും സാന്ത്വനം പകർന്നിട്ടില്ല ഇന്നേവരെ. മുപ്പത്തിരണ്ട് വർഷത്തിനിടയിൽ സ്വന്തം കുഞ്ഞിന് ഒരു പാത്രം വെള്ളം കോരിക്കൊടുത്തിട്ടില്ല. അവന്റെ കിടക്കയ്ക്കരികിൽ അഞ്ചുമിനിറ്റിരുന്നിട്ടില്ല. അങ്ങേയറ്റം, എന്റെ പ്രാരാബ്ധങ്ങൾക്ക് ഒരു കൈത്താങ്ങും തന്നിട്ടില്ല.”

ഈ വരികൾ നമ്മെ വല്ലാതെ ഭയപ്പെടുത്തണം. എന്തു പറഞ്ഞുവെന്നതിനെക്കാളുപരി എന്തു ചെയ്തു എന്നതിന്റെ പശ്ചാത്തലത്തിലാണ് മരണശേഷംപോലും ഒരുവന് വില നിശ്ചയിക്കപ്പെടുക. ഒരു മലയിൽവച്ച് പഠിപ്പിച്ചതൊക്കെ (ഗിരിപ്രഭാഷണം) മറ്റൊരു മലയുടെ മുകളിൽ (കാൽവരി) അക്ഷരംപ്രതി അനുവർത്തിച്ചു കാണിച്ചതുകൊണ്ടാണല്ലോ ക്രിസ്തുപോലും നിന്റെ ഹൃദയത്തിന്റെ പൂർണ്ണനായ ഗുരുവായി വെളിപ്പെട്ടത്.

ഒരുവിധത്തിൽ പറഞ്ഞാൽ സ്നേഹം എന്നാൽ അർത്ഥം 'കരുതൽ' ആണെന്നെനിക്കു തോന്നുന്നു. തീരെച്ചെറിയ കാര്യങ്ങളെന്ന് നമുക്കു തോന്നുന്നവയിൽപോലും ശ്രദ്ധിക്കാനും ഇടപെടാനുമുള്ള സ്നേഹിക്കുന്നവന്റെ മനോധർമ്മം. മരണത്തിൽനിന്നും താൻ ജീവനിലേക്ക് കൈപിടിച്ചുയർത്തിയ പന്ത്രണ്ടുകാരി പെൺകുട്ടി കഴിഞ്ഞ കുറേ മണിക്കൂറുകളായി പട്ടിണിയായിരുന്നുവെന്ന് അവളുടെ അമ്മപോലും അറിയുന്നതിനുമുമ്പ് തിരിച്ചറിഞ്ഞ്, അവൾക്ക് ഭക്ഷിക്കുവാൻ കൊടുക്കുവിൻ എന്ന് കല്പിക്കുന്ന ക്രിസ്തുവിന്റെ കരുതൽ പോലെ മനോഹരമായ ഒന്ന്. ഒരു രാവിന്റെ മുഴുവൻ അധ്വാനങ്ങൾക്കൊടുവിൽ പ്രിയശിഷ്യർ തളർന്നെത്തുമ്പോൾ, 'കുഞ്ഞുങ്ങളേ വന്ന് പ്രാതൽ കഴിക്കുവിൻ' എന്ന് മാതൃവാത്സല്യത്തോടെ മാടിവിളിക്കുന്ന തിബേരിയൂസിന്റെ തീരത്തെ ഗുരുസാന്നിദ്ധ്യം പോലെ നാം ഓർമ്മിക്കാനിഷ്ടപ്പെടുന്ന ഒന്ന് – കരുതൽ!

ബാക്കിയെല്ലാം കപടവും കള്ളവുമാണെന്ന് വിശ്വസിക്കാൻ കഴിയണം. ഈ വീൺ വാക്കുകളും പൊള്ളത്തരങ്ങളുമെല്ലാം. ടി.എസ്. എലിയഡാണ് പറഞ്ഞത്: നിങ്ങളെന്നെ സ്നേഹിക്കുന്നുവെന്ന് പറഞ്ഞാൽ മാത്രം പോരാ. ഞാൻ അറിയണം. ഞാനനുഭവിക്കണം നിങ്ങളെന്നെ സ്നേഹിക്കുന്നുണ്ടെന്ന്. വേണം, ഒന്നു ചാഞ്ഞുറങ്ങാൻ നിന്റെ ചുമലും, ഈ ഭാരമൊക്കെ ഇറക്കിവയ്ക്കാൻ നിന്റെ നെഞ്ചും. ഏതിരുളിലും താങ്ങാൻ നിന്റെ കരവും... സത്യമായും നിന്നെ ഞാൻ സ്നേഹിക്കുന്നു.

രാജാവ് ഉത്തരവിട്ടു. വൃദ്ധരായവരെയെല്ലാം കാട്ടിലുപേക്ഷിക്കുക. ഒരു പ്രഭാതത്തിൽ വൃദ്ധയായ മാതാവിനെ കാട്ടിലുപേക്ഷിക്കാൻ ഏക മകൻ തയ്യാറായി. ഘോരവനം. മുൾപ്പടർപ്പിന്റെ യാതന. മകൻ മുമ്പേ നടന്നു, മുൾപ്പടർപ്പുകളെ വകഞ്ഞുമാറ്റി, അമ്മയ്ക്കു വഴിയൊരുക്കി. യാത്രാമധ്യേ ഒരുവേള അവനറിഞ്ഞു, അമ്മ ഒരുപാടു കാതം പിന്നിലാണ്. നടക്കാൻ ആയാസപ്പെടുമ്പോഴും കൈയിലെ ഊന്നുവടികൊണ്ട് അമ്മ മുൾപ്പടർപ്പുകൾ തല്ലിയൊതുക്കുന്നത് മകൻ കണ്ടു.

'എന്തിനാണമ്മേ ഈ വിഡ്ഢിത്തം? അമ്മയ്ക്കു നടക്കാൻ ഞാൻ വഴിയൊരുക്കുന്നുണ്ടല്ലോ. പിന്നെയെന്തിനു വെറുതെ...?'

“അമ്മയൊരുക്കുന്ന വഴി അമ്മയ്ക്കല്ല മോനേ... നിനക്കാണ്. കാടിന്റെ നിഗൂഢതയിലും വന്യതയിലും നീ അമ്മയെ ഒറ്റയ്ക്കുപേക്ഷിച്ചു തിരികെ വരുമ്പോൾ,

നിന്റെ കാലിൽ മുള്ളു തറയ്ക്കാതിരിക്കാൻ...

നിന്റെ പാദം കല്ലിൽ തട്ടി മുറിയാതിരിക്കാൻ. അമ്മയൊരുക്കുകയാണ് വഴി – നിനക്കുവേണ്ടി!”

ഈ വിഡ്ഢിത്തത്തെ വിളിക്കാവുന്ന പേരാണ് സ്നേഹം!



പടിയറ ഫലിതങ്ങൾ

## വല്യമ്മച്ചിയുടെ വിയാസാക്രാ...

അൻപതു നോയമ്പിന് ഒരു വല്യമ്മച്ചി പള്ളിയിൽ വരും, വി. കുർബാനയിൽ പങ്കെടുക്കും, ഒടുവിൽ കുരിശിന്റെ വഴി നടത്തും. ഏഴും എട്ടും സ്ഥലങ്ങളിലെ ചിത്രങ്ങൾ ഒഴികെ ബാക്കി എല്ലാ സ്ഥലങ്ങളുടേയും ചിത്രങ്ങൾക്കുമുമ്പിൽ അമ്മച്ചി മുട്ടുകുത്തി പ്രാർത്ഥന നടത്തും.

ഒരു ദിവസം വികാരിയച്ചൻ ചോദിച്ചു : 'വല്യമ്മച്ചി, എന്താ ഏഴും എട്ടും സ്ഥലങ്ങളുടെ ചിത്രത്തിനു മുമ്പാകെ മുട്ടുകുത്താതെ പോകുന്നത്?'

വൃദ്ധ മറുപടി പറഞ്ഞു: 'അച്ചോ! ഏഴും എട്ടും സ്ഥലങ്ങളിലെ ചിത്രങ്ങൾ ഒഴിച്ച് ബാക്കി സ്ഥലങ്ങളിലെ ചിത്രങ്ങൾ എന്റെ വീട്ടുകാർ പള്ളിക്കു കൊടുത്തതാ. ഏഴും എട്ടും സ്ഥലങ്ങളിലെ ചിത്രങ്ങൾ വർഷങ്ങളായി ഞങ്ങൾ വിരോധത്തിൽ കഴിയുന്ന അയൽവാസി മാത്യു കൊടുത്തതാ, അവിടെ ഞാൻ എങ്ങനെ മുട്ടു കുത്തും?'

പിന്നീട് പിതാവു പറഞ്ഞു: 'ഈ വൃദ്ധയുടെ സമീപനം ക്രൈസ്തവന് ഭൂഷണമല്ല. നോയമ്പുകാലത്തുപോലും ക്രൈസ്തവർ ശത്രുത പുലർത്തുന്നു. പരിശുദ്ധമായ ഹൃദയത്തോടുകൂടി വേണം നാം ദൈവാലയത്തിൽ പ്രവേശിക്കേണ്ടത്. ശത്രുക്കളെ സ്നേഹിക്കുവാനാണ് ക്രിസ്തു നമ്മെ പഠിപ്പിച്ചത്.'

## വിശ്വാസജീവിത പരിശീലനദിനാഘോഷം

**കാഞ്ഞിരപ്പള്ളി:** രൂപത വിശ്വാസജീവിതപരിശീലനകേന്ദ്രത്തിന്റെയും ചെറുപുഷ്പ മിഷൻ ലീഗിന്റെയും വാർഷികാഘോഷവും അവാർഡ് ദാനവും കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷൻ മാർ ജോസ് പുളിക്കൽ ഉദ്ഘാടനം ചെയ്തു. രൂപതാ പ്രോട്ടോ-സിഞ്ചെല്ലൂസ് റവ.ഡോ. ജോസഫ് വെള്ളമറ്റം അധ്യക്ഷത വഹിച്ചു. രൂപത സിഞ്ചെല്ലൂസ് റവ.ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ പ്രസംഗിച്ചു. ഫാ. വർഗ്ഗീസ് കൊച്ചുപറമ്പിൽ വിശ്വാസജീവിതപരിശീലനം: നിത്യജീവനിലുള്ള പ്രത്യാശ എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ് നയിച്ചു. വിവിധ മേഖലകളിൽ മികവ് തെളിയിച്ച സൺഡേ സ്കൂളുകളെയും കുട്ടികളെയും ആദരിച്ചു. മതാധ്യാപനരംഗത്ത് 50 വർഷങ്ങൾ പൂർത്തിയാക്കിയ 4 അധ്യാപകർക്കും, 25 വർഷങ്ങൾ പൂർത്തിയാക്കിയ 29 അദ്ധ്യാപകർക്കും പുരസ്കാരങ്ങൾ നൽകി. കഴിഞ്ഞ 12 വർഷവും മുടക്കം വരുത്താതെ എല്ലാ ഞായറാഴ്ചകളിലും വിശ്വാസജീവിത പരിശീലനത്തിൽ പങ്കെടുത്ത 25 കുട്ടികൾക്ക് പ്രത്യേക പുരസ്ക്കാരങ്ങൾ നല്കി ആദരിച്ചു.



*കാഞ്ഞിരപ്പള്ളി രൂപത വിശ്വാസജീവിതപരിശീലനകേന്ദ്രത്തിന്റെയും ചെറുപുഷ്പ മിഷൻ ലീഗിന്റെയും വാർഷികാഘോഷവും അവാർഡ് ദാനവും രൂപതാധ്യക്ഷൻ മാർ ജോസ് പുളിക്കൽ ഉദ്ഘാടനം ചെയ്യുന്നു.*

നമ്മുടെ രൂപത

രൂപതയിലെ വിവിധ ഡിപ്പാർട്ടുമെന്റുകളെ പരിചയപ്പെടുത്തുന്ന പംക്തി

# "വിശക്കുന്ന മനുഷ്യാ പുസ്തകം കൈയ്യിലെടുക്കൂ അതൊരായുധമാണ്"



ലൂസി തണ്ണിപ്പാറയിൽ
വിമല ബുക്ക്സ് & പബ്ലിക്കേഷൻസ്
കാഞ്ഞിരപ്പള്ളി

**കേരളത്തിനകത്തും പുറത്തുമായി ഇരുനൂറ്റമ്പതിലധികം കേന്ദ്രങ്ങളിൽ വിമലയുടെ പുസ്തകങ്ങൾ ലഭ്യമാണ്. വിവിധ കേന്ദ്രങ്ങളിലും ധ്യാനകേന്ദ്രങ്ങളിലും മറ്റു പുസ്തക പ്രസാധകരുടെ സ്റ്റാളുകളിലും വിമല പുസ്തകങ്ങൾ വിതരണം ചെയ്യുന്നു.**



സാഹിത്യലോകത്തിന് വിലപ്പെട്ട സംഭാവനകൾ നൽകികൊണ്ട് കേരളത്തിലെ പുസ്തക പ്രസിദ്ധീകരണരംഗത്ത് മുൻപന്തിയിൽ പ്രശോഭിച്ചു നിൽക്കുകയാണ് വിമലബുക്സ് ആന്റ് പബ്ലിക്കേഷൻസ്. 2003-ൽ മാർ മാത്യു അറയ്ക്കൽ പിതാവിന്റെ ദീർഘവീക്ഷണമാണ് പുസ്തകപ്രസിദ്ധീകരണസ്ഥാപനത്തിന് തുടക്കം കുറിച്ചത്. 2025-ൽ ഇരുപത്തിരണ്ട് വർഷം പിന്നിടുമ്പോൾ ആത്മീയം, വിദ്യാഭ്യാസം, വിജയമന്ത്രം, ലേഖനം, കവിതകൾ, ആത്മകഥകൾ, യാത്രാവിവരണം, ചിത്രകഥ, ഡിക്ഷണറി, വിവർത്തനങ്ങൾ, ബാലസാഹിത്യം, കഥാമാല, മഹത്ചരിതമാല, ധന്യചരിതമാല, ബൈബിൾകഥാമാല, ബൈബിൾ കളറിംഗ് ബുക്സ്, ലോഗോസ് ക്വിസ് തുടങ്ങി വിവിധ വിഷയങ്ങളിലായി 800-ൽപരം പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുവാൻ വിമലയ്ക്ക് കഴിഞ്ഞു. 2005 ഏപ്രിൽമാസം പുസ്തകപ്രസിദ്ധീകരണത്തിന്റെ സുഗമവും കാര്യക്ഷമവും വേഗതയിലുമുള്ള പ്രവർത്തനത്തിനായി സഹോദരസ്ഥാപനമായി **തൂലികാ ഗ്രാഫിക്സിനും** തുടക്കം കുറിച്ചു. ഇന്ത്യയിലെ പ്രമുഖപ്രസാധകരുടെ ഗ്രന്ഥങ്ങൾ വിമല വിതരണം ചെയ്യുന്നു.

വി. ജോൺ പോൾപാപ്പായുടെ ജീവചരിത്രം ആദ്യമായി പ്രസിദ്ധീകരിച്ചത് വിമലബുക്സാണ്. പൗവ്വത്തിൽപ്പിതാവിന്റെ 'ജാഗ്രതയും പ്രത്യാശയും', മാർ മാത്യു അറയ്ക്കൽപ്പിതാവിന്റെ 'ജീവന്റെ സമൃദ്ധിയിലേക്ക്', മാർ ജോസ് പുളിക്കൽപ്പിതാവിന്റെ 'ഹൃദയനിലത്തെ മഴപ്പെയ്ത്ത്, പുഴയുടെ ഹൃദയംപോലെ', പാംപ്ലാനിപിതാവിന്റെ 'ഉപ്പ്' തുടങ്ങിയ പുസ്തകങ്ങളുടെ പ്രസിദ്ധീകരണവും നിർവ്വഹിച്ചത് വിമലയാണ്. 100-ാമത്തെ പുസ്തകമായ 'ദൈവകൂടാരത്തിലെ മെഴുകുതിരി' കാലം ചെയ്ത മാർ മാത്യു വട്ടക്കുഴി പിതാവിന്റെ ജീവചരിത്രമാണ്.

ഡോ. കുര്യാസ് കുമ്പളക്കുഴി, ഡോ.സിറിയക് തോമസ്, ഡോ.സിബി മാത്യൂസ്, ശ്രീമതി റോസ് മേരി, ദേവപ്രസാദ്, സിപ്പി പള്ളിപ്പുറം, പ്രൊഫ. മാത്യു ഉലകംതറ, ഷാജി മാലിപ്പാറ, വിനായക് നിർമ്മൽ തുടങ്ങി നിരവധി പ്രമുഖ എഴുത്തുകാരുടെ പുസ്തകങ്ങൾ വിമല ബുക്സ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. കുറവിലങ്ങാട്ടുപള്ളിയുടെ ചരിത്രത്തെക്കുറിച്ച് ഫാ. രാജീവ് TOR ഇംഗ്ലീഷിൽ രചിച്ച സെന്റ് മേരി മേജർ കുറവിലങ്ങാട്ട് എന്ന ചരിത്രഗ്രന്ഥവും വിമല പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഡോ. ജോസഫ് കുമ്പുക്കൽ രചിച്ച മലയാളത്തിലെ ആദ്യ AI പുസ്തകമായ 'നസ്രായൻ' പുറത്തിറക്കാനും വിമലയ്ക്ക് കഴിഞ്ഞു.

ലോകചരിത്രത്തിലെ ഏറ്റവും വലിയ വംശഹത്യകളിൽ ഒന്നായ റുവാണ്ടൻ വംശഹത്യയുടെ സമഗ്രമായ ചരിത്രവും, ശേഷിപ്പുകളും വരച്ചുകാട്ടിയ **ഇമ്മാകുലി ഇലിബഗീസായുടെ 'ലെഫ്റ്റ് ടു ടെൽ'** എന്ന വിശ്വപ്രസിദ്ധമായ ഇംഗ്ലീഷ് പുസ്തകത്തിന്റെ മലയാളവിവർത്തനം പ്രസിദ്ധീകരിക്കാനായതും അഭിമാനാർഹമാണ്. സി. റാണിമരിയയുടെ കഥ പറയുന്ന **'ഫെയ്സ് ഓഫ് ദ ഫെയ്സ്‌ലെസ്സ്'** എന്ന സിനിമയുടെ കഥാതന്തു ശ്രീ. ബേബിച്ചൻ ഏർത്തയിൽ എഴുതി വിമല പ്രസിദ്ധീകരിച്ച **ഇൻഡോർറാണി** എന്ന പുസ്തകമാണ്.

2023-2024-ൽ ഫാ. ജസ്റ്റിൻ മതിയത്ത് രചിച്ച് പ്രസിദ്ധീകരിച്ച **'കുട്ടികൾക്കൊരു ബൈബിൾ' 'ബൈബിൾ സ്റ്റോറീസ്'** (ഇംഗ്ലീഷ്) എന്നീ ബഹുവർണ്ണചിത്രങ്ങളോടുകൂടിയ പുസ്തകങ്ങളും വിമലയ്ക്ക് പൊൻതൂവലായി.

കുട്ടികളുടെ നന്മയ്ക്ക്, വിശുദ്ധരെ പരിചയപ്പെടുത്തുന്നതിനായി 2008-ൽ തുടങ്ങിയ **ധന്യചരിതമാല** പരമ്പരയിൽ 10 സെറ്റുകളിലായി ഇതിനകം 100 വിശുദ്ധരുടെ ജീവചരിത്രങ്ങൾ വിമല പ്രസിദ്ധീകരിച്ചു. ചിത്രങ്ങൾ നിറഞ്ഞ ചെറുഗ്രന്ഥങ്ങളുടെ ലക്ഷക്കണക്കിനു കോപ്പികൾ കേരളത്തിനകത്തും പുറത്തുമായി മിക്ക രൂപതകളിലും കൂടാതെ മിഷൻരൂപതകളിലും വിദേശങ്ങളിലും ഓർഡർ അനുസരിച്ച് എത്തിക്കുവാൻ സാധിക്കുന്നതിൽ ചാരിതാർത്ഥ്യമുണ്ട്. കാലം ചെയ്ത ഫ്രാൻസീസ് പാപ്പായ്ക്ക് വിശുദ്ധരുടെ ഏതാനും കോപ്പികളും കത്തും അയയ്ക്കുകയും, അതു സ്വീകരിച്ച് ഉദ്ദേശശുദ്ധിയെ അഭിനന്ദിച്ചും, നന്ദി പറഞ്ഞും അനുഗ്രഹവും പ്രാർത്ഥനയും ആശംസിച്ചും മറുപടി ലഭിച്ചതിൽ അഭിവന്ദ്യപിതാവിനോടൊപ്പം നമുക്കേവർക്കും അഭിമാനിക്കാവുന്നതാണ്.

രൂപതയിലെ എല്ലാ വീടുകളിലും ഈ വിശുദ്ധരുടെ 100 പുസ്തകമടങ്ങുന്ന ഒരു 'ധന്യചരിത പരമ്പര' എത്തിക്കുക എന്ന വിമലയുടെ ലക്ഷ്യം തുടർന്നുകൊണ്ടിരിക്കുന്നു. ധന്യചരിതമാലയുടെ 10 ലക്ഷത്തിലധികം കോപ്പികൾ ഇതിനോടകം പ്രസിദ്ധീകരിച്ചു വില്പന നടത്തി. ഇതിൽ 12 എണ്ണം ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ചു. ബാക്കി പുസ്തകങ്ങളുടെ വിവർത്തനം പണിപ്പുരയിലാണ്. എല്ലാകുട്ടികൾക്കുമായി മഹത്കഥാമാല എന്ന പരമ്പരയിൽ പന്ത്രണ്ടോളം മഹാന്മാരുടെ ജീവചരിത്രം 2015-ൽ പ്രസിദ്ധീകരിച്ചു. ബൈബിൾ കഥാമാല തുടർച്ച, മഹത്കഥാമാല രണ്ടാം ഭാഗം, ധന്യചരിതമാല ഇംഗ്ലീഷ് വിവർത്തനം, ബൈബിൾ സ്കിറ്റുകൾ, 101 പ്രസംഗങ്ങൾ വാല്യം 6, ഇംഗ്ലീഷ് പ്രസംഗങ്ങൾ, ബൈബിൾ നാടകങ്ങൾ, ക്വിസ്സ് ബുക്കുകൾ, ബൈബിൾ ആനിമേഷൻ പ്രോജക്ട്, ബൈബിൾ കളറിംങ് ബുക്സ്, കുട്ടികളുടെ വിശുദ്ധർ, സൺഡേസ്കൂൾ പ്രസംഗങ്ങൾ ഇവ ഭാവിപ്രൊജക്ടുകളാണ്. സൃഷ്ടികർമ്മത്തിന്റെ ഒന്നാംഭാഗം ആനിമേഷൻ വീഡിയോ 'സോറാ, മിന്നി' റിലീസായി. രണ്ടാം ഭാഗം പണിപ്പുരയിലുണ്ട്.

കഴിഞ്ഞ പതിനഞ്ചു വർഷങ്ങളായി കോട്ടയത്തു നടന്നുവരുന്ന അന്താരാഷ്ട്ര പുസ്തകമേളയിൽ വിമല സജീവമായി പങ്കെടുത്തുവരുന്നു. ജനങ്ങളെ സ്വാധീനിച്ച പുസ്തകങ്ങൾ, ഏറ്റവും മികച്ച സ്റ്റാൾ എന്നിങ്ങനെ വിവിധയിനങ്ങളിൽ പല അവാർഡുകളും കരസ്ഥമാക്കിയിട്ടുണ്ട്. 2014-ൽ കമലാദാസ് ഫൗണ്ടേഷന്റെ മാധവിക്കുട്ടി പുരസ്കാരം വിമലയുടെ ഗ്രന്ഥകാരി സി.എലൈസ്മേരി എഫ്.സി.സി ക്കു ലഭിക്കുകയുണ്ടായി. വിവിധ കോളജ് പ്രോഗ്രാമുകളിലും, ജീസസ് യൂത്ത് സംഗമങ്ങളിലും, വിവിധ ഡിപ്പാർട്ടുമെന്റുകളും സ്കൂളുകളുമായി സഹകരിച്ചും ഇക്കൊല്ലവും പുസ്തകമേളകൾ നടത്തിവരുന്നു.

കേരളത്തിനകത്തും പുറത്തുമായി ഇരുനൂറ്റമ്പതിലധികം കേന്ദ്രങ്ങളിൽ വിമലയുടെ പുസ്തകങ്ങൾ ലഭ്യമാണ്. വിവിധ കേന്ദ്രങ്ങളിലും ധ്യാനകേന്ദ്രങ്ങളിലും മറ്റു പുസ്തകപ്രസാധകരുടെ സ്റ്റാളുകളിലും വിമല പുസ്തകങ്ങൾ വിതരണം ചെയ്യുന്നു.

### VBC (വിമല ബുക്ക് ക്ലബ് )

രൂപതയ്ക്കുള്ളിലും പുറത്തുമുള്ള സൺഡേസ്കൂളുകൾക്കും, ലൈബ്രറികൾക്കും, വ്യക്തികൾക്കുമായി മൂന്നു വർഷക്കാലാവധിയിലുള്ള പ്രത്യേക പുസ്തകപദ്ധതിയാണിത്. 1000 രൂപയടച്ച് ഇതിൽ അംഗങ്ങളാകുന്നവർക്ക് മൂന്നു വർഷത്തേക്ക് 600 രൂപയുടെ പുസ്തകം സൗജന്യമായി ലഭിക്കും. കൂടാതെ കാലാവധി കഴിയുമ്പോൾ മുടക്കുമുതലായ 1000 രൂപ പുതുക്കുകയോ/തിരികെ വാങ്ങുകയോ ചെയ്യാവുന്നതുമാണ്. വി.ബി.സി അംഗത്വം എടുക്കുവാൻ ഇപ്പോഴും അവസരമുണ്ട്.

വിമലയുടെ വെബ്സൈറ്റായ www.vimalabooks.com - ൽ വിമല പ്രസിദ്ധീകരിച്ച എല്ലാ പുസ്തകങ്ങളും വാങ്ങുവാൻ സാധിക്കുന്നതാണ്. ആമസോണിലും വിമലയുടെ ബുക്കുകൾ ലഭ്യമാണ്.

### തൂലികാ ഗ്രാഫിക്സ് (പബ്ലിക്കേഷൻ വിഭാഗം)

വിമലബുക്സിന്റെ പ്രസിദ്ധീകരണ നടപടികൾ കാര്യക്ഷമമായും വേഗത്തിലും നടത്തുന്നതിനായി 2005 ൽ വിമലയുടെ സഹോദരസ്ഥാപനമായി **തൂലിക** ആരംഭിച്ചു.

### ISBN (International Standard Book Number)

മിനിസ്ട്രി ഓഫ് ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റിന്റെ ഹയർ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിന്റെ നിയമാവലികൾ അനുസരിച്ച് പുസ്തകങ്ങളുടെ പ്രിന്റിംഗ് 'Standard' നാം തുടർന്നുപോകുന്നു. ഓൺലൈൻ വഴി രജിസ്ട്രേഷൻ നടത്തി ഓരോ പുസ്തകങ്ങളുടെയും ISBN ലഭ്യമാക്കുന്നു.

പുതിയ പുസ്തകങ്ങൾ പ്രസിദ്ധീകരണയോഗ്യമെന്നു തീരുമാനിച്ചാൽ ഒന്നാംകക്ഷിയുമായി രണ്ടാംകക്ഷി കരാറുടമ്പടിയിൽ ഒപ്പു വയ്ക്കുന്നു. എ, ബി, സി കാറ്റഗറിയിലായി മൂന്നുതരം കരാറുകളാണ് നിലവിലുള്ളത്. എ - വിമല നേരിട്ടു പ്രസിദ്ധീകരിക്കുന്നത്. ബി - ഗ്രന്ഥകാരന്റെ സഹകരണത്തോടെ പ്രസിദ്ധീകരിക്കുന്നത്. സി - ഗ്രന്ഥകാരൻ പ്രസിദ്ധീകരിച്ച് വിമല വിതരണം ചെയ്യുന്നത്.

നിരവധി എഴുത്തുകാർക്ക് ജന്മം നൽകുവാൻ വിമല അവസരമൊരുക്കി. അറിവിന്റെ ലോകമായ വിമല ബുക്സ് വായനക്കാർക്കു ആവശ്യമായ പുസ്തകങ്ങൾ എത്തിച്ചു നൽകുന്നതിലും സദാ ഉത്സുകരാണ്.

## ഒന്നര നൂറ്റാണ്ടിന് ശേഷം രാജ്യത്തെ വീണ്ടും തിരുഹൃദയത്തിന് പുനഃപ്രതിഷ്ഠിച്ച് അയർലണ്ട്

**നോക്ക്:** 152 വർഷങ്ങൾക്ക് ശേഷം രാജ്യത്തെ വീണ്ടും തിരുഹൃദയത്തിന് പുനഃപ്രതിഷ്ഠിച്ച് അയർലണ്ട്. വിശുദ്ധ കുർബാനയുടെ തിരുനാൾ ദിനമായി ആചരിച്ച കഴിഞ്ഞ ഞായറാഴ്ച, രാജ്യത്തെ പ്രമുഖ മരിയൻ തീർത്ഥാടന കേന്ദ്രമായ നോക്കിലെ മരിയൻ ദേവാലയത്തിൽ ഐറിഷ് കത്തോലിക്ക സഭയുടെ അധ്യക്ഷനും അർമാഗ് അതിരൂപതാധ്യക്ഷനുമായ ആർച്ച് ബിഷപ്പ് ഈമോൺ മാർട്ടിൻ യേശുവിന്റെ തിരുഹൃദയത്തിലേക്ക് അയർലണ്ടിനെ പുനർസമർപ്പിച്ചു. 1873-ൽ കാഷെൽ & എംലി അതിരൂപതയുടെ അധ്യക്ഷനായിരിന്ന ആർച്ച് ബിഷപ്പ് തോമസ് ക്രോക്കാണ് അയർലണ്ടിനെ അവസാനമായി തിരുഹൃദയത്തിലേക്ക് സമർപ്പണം നടത്തിയത്.

പതിറ്റാണ്ടുകളായി, രാജ്യത്തുടനീളമുള്ള കുടുംബങ്ങളിൽ തിരുഹൃദയത്തെ ബഹുമാനിക്കുന്നതിൽ അയർലണ്ട് വിശ്വസ്തത പുലർത്തിയിരുന്നുവെന്നു ആർച്ച് ബിഷപ്പ് മാർട്ടിൻ അനുസ്മരിച്ചു. വിശ്വാസത്തിനും പ്രത്യാശയ്ക്കും സ്നേഹത്തിനും വേണ്ടി ദൈവത്തെ വളരെയധികം ആവശ്യമുള്ള ഒരു സമയത്താണ് നാം ജീവിക്കുന്നതെന്നു അദ്ദേഹം പറഞ്ഞു. ആധുനിക യുഗം വിശ്വാസത്തിനും, കുടുംബങ്ങൾക്കും, മാനവികതയ്ക്കും നിരവധി വെല്ലുവിളികൾ ഉയർത്തുകയാണെന്നും ഇക്കാലഘട്ടത്തിൽ തിരുഹൃദയ സമർപ്പണത്തിന് പ്രത്യേക പ്രാധാന്യമുണ്ടെന്നും ആർച്ച് ബിഷപ്പ് പറഞ്ഞു.

# കുട്ടി ദർശകൻ



കഴിഞ്ഞ ലക്കത്തിലെ ഉത്തരം - ലിസ്യുവിലെ വിശുദ്ധ കൊച്ചുത്രേസ്യ

സൺഡേസ്കൂളിൽ പഠിക്കുന്ന വിദ്യാർഥികൾക്കായുള്ള ദർശകന്റെ മത്സര പരിപാടിയാണിത്. നറുക്കെടുപ്പിലൂടെ 5 വിജയികൾക്കു സമ്മാനങ്ങൾ നൽകും. അയക്കുന്ന

കുട്ടിയുടെ പേര്, വീട്ടുപേര്, ക്ലാസ്, ഇടവക എന്നിവ വ്യക്തമായി നൽകേണ്ടതാണ്. ഈ മാസം 20ന് മുമ്പായി ഉത്തരങ്ങൾ അയക്കേണ്ടതാണ്. തന്നിരിക്കുന്ന സുവിശേഷം വായിച്ച് അതിൽ നിന്ന് നിങ്ങൾക്ക് ഇഷ്ടപ്പെട്ട ഒരു വാക്യംകൂടി അയക്കുമല്ലോ. കൂടാതെ താഴെ തന്നിരിക്കുന്ന ചിത്രം നിറം നൽകി മനോഹരമാക്കൂ. ശേഷം ഫോട്ടോ എടുത്ത് 7025466111 എന്ന വാട്ട്സ്അപ്പ് നമ്പറിലേക്ക് അയക്കുക.



**കഴിഞ്ഞ ലക്കത്തിലെ വിജയികൾ**

1) ഡെൽവിൻ ജോസ് പുല്ലന്തനാൽ, കട്ടപ്പന. 2) ഡോണ ജോയി വെള്ളാപ്പാണിയിൽ, ഇളങ്ങുളം. 3) ജോൺ ജോബി പനപ്പറമ്പിൽ, വെള്ളാരംകുന്ന്, 4) ആരോൺ ജയിംസ് പാനൂർ, കറിക്കാട്ടൂർ. 5) മരിയ വർഗീസ് കൂടത്തിൽ, ഉപ്പുതറ. 6) ഹന്നാ ജോസഫ് അരീക്കുഴിയിൽ, പൊൻകുന്നം.

## പ്രധാന ശിഷ്യൻ

**സി**ൽബാരിപുരം രാജ്യത്തിലെ ഒരു ആശ്രമം. അവിടെ ഗുരുജിയും ഇരുപതു ശിഷ്യന്മാരും പാർത്തിരുന്നു. എല്ലാ തിങ്കളാഴ്ചയും ഗുരുജി എങ്ങോട്ടോ പോകുന്നതിനാൽ അവർക്കു വിദ്യകൾ ഒന്നും അന്നു പഠിക്കേണ്ടതില്ല. ഒരു ദിവസം പ്രധാന ശിഷ്യൻ സഹപാഠികളോടു പറഞ്ഞു:

"എനിക്കൊരു സംശയം തോന്നുന്നു. ഓരോ തിങ്കളാഴ്ചയും ഗുരുജി രഹസ്യമായി പോകുന്നത് ശക്തി കിട്ടുന്ന നിഗൂഢമായ വിദ്യ പഠിക്കാനാകും. അല്ലെങ്കിൽ ദൈവത്തെ കാണാൻ പോകുന്നതാണ്! സ്വർഗത്തിൽ പോകുന്നതിനുള്ള മാർഗം തേടുകയാവും. നേരെ മറിച്ച്, ചിലപ്പോൾ ദുർന്നടപ്പാകാം. എന്തായാലും, ഞാൻ ഒരു ദിവസം ഈ കള്ളത്തരം പൊളിക്കും'

ഒരു തിങ്കളാഴ്ച, ശിഷ്യൻ രഹസ്യമായി ഗുരുജിയെ പിന്തുടർന്ന് ഒരു വീട്ടിലെത്തി. ഒളിച്ചിരുന്ന് ശിഷ്യൻ ഗുരുജിയെ നിരീക്ഷിച്ചു. ആ വീട്ടിലേക്ക് ഗുരുജി കയറിയിട്ട് ഉച്ച കഴിഞ്ഞാണ് മടങ്ങിയത്. ഗുരുജി തിരികെ നടന്നപ്പോൾ ശിഷ്യൻ ഒട്ടും ശബ്ദമുണ്ടാക്കാതെ ആ വീട്ടിൽ പ്രവേശിച്ചു. അവിടെ കട്ടിലിൽ ഒരു മനുഷ്യൻ തളർന്നു കിടപ്പുണ്ടായിരുന്നു. അയാളുടെ മുറി വൃത്തിയാക്കി, കുളിപ്പിച്ച്, വസ്ത്രങ്ങളും അലക്കി, ഭക്ഷണവും ഉണ്ടാക്കി രോഗിയുടെ വായിൽ വച്ചു കൊടുത്ത ശേഷമാണ് ഗുരുജി മടങ്ങിയത്!

ശിഷ്യന്റെ കണ്ണുതള്ളി!

അവൻ തിരികെ ആശ്രമത്തിൽ ചെന്നപ്പോൾ സഹപാഠികൾ ചുറ്റിനും കൂടി സംശയങ്ങൾ ചോദിച്ചുതുടങ്ങി-

"ഗുരുജി ദുർന്നടപ്പിനു പോയതായിരുന്നുവോ?"

ശിഷ്യൻ: "അല്ല, അത് നല്ല നടപ്പായിരുന്നു!"

"ഗുരുജി സ്വർഗം തേടുന്ന യാത്രയായിരുന്നോ?"

ശിഷ്യൻ: "അല്ല, ഭൂമിയിൽ സ്വർഗം ഉണ്ടാക്കുന്ന യാത്രയായിരുന്നു!"

"നിഗൂഢമായ വിദ്യ ഗുരുജി പഠിച്ചോ?"

ശിഷ്യൻ: "അല്ല, അദ്ദേഹം ശ്രേഷ്ഠമായ വിദ്യ ലോകത്തെ പഠിപ്പിക്കുകയായിരുന്നു!"

"ദൈവത്തെ ഗുരുജി കണ്ടുകാണുമോ?"

ശിഷ്യൻ: "ദൈവം ഗുരുജിയെ കണ്ടുകാണും!"



കൂട്ടുകാരെ,

ലൂക്കായുടെ സുവിശേഷം പത്തൊൻപതാം അധ്യായം ഒന്ന് മുതൽ പത്തുവരെയുള്ള വാക്യങ്ങൾ വായിക്കുമല്ലോ. ഈശോമിശിഹാ വന്നിരിക്കുന്നത് പാപികളെ ദൈവത്തോട് അടുപ്പിക്കുവാനാണെന്നും തന്നെ അന്വേഷിക്കുന്നവർക്ക് അവിടുന്ന് എന്നും സമീപസ്ഥനാണെന്നതുമാണ് ഈ കഥയുടെ പൊരുൾ.

നിറം നൽകി മനോഹരമാക്കൂ



കംപ്യൂട്ടർ രംഗത്തെ നൂതന വിപ്ലവങ്ങൾ



**ഡോ. ജൂബി മാത്യു**
HOD കംപ്യൂട്ടർ സയൻസ് & എൻജിനിയറിംഗ്,
അമൽജ്യോതി കോളേജ്




# ഡിജിപിൻ

**വെബ്സൈറ്റ് സന്ദർശിച്ച്, ലൊക്കേഷൻ കണ്ടെത്തിയതിന് മുകളിൽ ക്ലിക്ക് ചെയ്താൽ 10 അക്ക ഡിജിപിൻ മനസിലാക്കാനാകും. നാല് മീറ്റർ ചുറ്റളവിലുള്ള കൃത്യമായ ലൊക്കേഷൻ ഇതുവഴി അറിയാനാകും എന്നതാണ് ഡിജിപിന്നിനെ മറ്റ് അഡ്രസ് സംവിധാനങ്ങളിൽനിന്ന് വ്യത്യസ്തമാക്കുന്നത്.**

പോസ്റ്റൽ വിലാസങ്ങളുടെ ആകർഷണമായിരുന്ന പിൻകോഡുകളുടെ യുഗം അവസാനിച്ചിരിക്കുന്നു, പരമ്പരാഗത പിൻകോഡുകൾ വിശാലമായ ഒരു പ്രദേശത്തെ ഉൾക്കൊള്ളുന്നതായിരുന്നെങ്കിൽ വീടിന്റെയോ സ്ഥാപനത്തിന്റെയോ കൃത്യമായ ലൊക്കേഷനെ പ്രതിനിധീകരിക്കുന്നതാണ് പത്തക്ക ഡിജിപിൻ സംവിധാനം. ഒരു സ്ഥലത്തിന്റെ ജിയോ ലൊക്കേഷനെ ഒരു കോഡിങ് സമ്പ്രദായം ഉപയോഗിച്ച് പത്ത് അക്കങ്ങളും അക്ഷരങ്ങളും ചേർന്ന ആൽഫന്യൂമറിക്ക് കോഡ് ആക്കി മാറ്റിയതാണ് ഓരോ ലൊക്കേഷന്റെയും ഡിജിപിൻ (Digipin).

https://dac.indiapost.gov.in/mydigipin/home എന്ന സർക്കാർ വെബ്സൈറ്റാണ് ഡിജിപിൻ കണ്ടെത്താനായി തയ്യാറാക്കിയിട്ടുള്ളത്. ഈ വെബ്സൈറ്റ് സന്ദർശിച്ച്, ലൊക്കേഷൻ കണ്ടെത്തിയതിന് മുകളിൽ ക്ലിക്ക് ചെയ്താൽ 10 അക്ക ഡിജിപിൻ മനസിലാക്കാനാകും. നാല് മീറ്റർ ചുറ്റളവിലുള്ള കൃത്യമായ ലൊക്കേഷൻ ഇതുവഴി അറിയാനാകും എന്നതാണ് ഡിജിപിന്നിനെ മറ്റ് അഡ്രസ് സംവിധാനങ്ങളിൽനിന്ന് വ്യത്യസ്തമാക്കുന്നത്. ഐഐടി ഹൈദരാബാദും എൻ ആർ എസ് സിയും ഇസ്രോയുമായി സഹകരിച്ചാണ് ഇന്ത്യാ പോസ്റ്റ് ഡിജിപിൻ എന്ന ജിയോകോഡഡ് ഡിജിറ്റൽ വിലാസ സംവിധാനം ഒരുക്കിയിരിക്കുന്നത്. ഡിജിപിൻ ഓഫ്ലൈനായും ഉപയോഗിക്കാം എന്ന പ്രത്യേകതയുമുണ്ട്.

ഇന്ത്യയുടെ ഭൗമാതിർത്തി, സമുദ്രാതിർത്തി ഉൾപ്പടെ ഒരു വലിയ സമചതുരമാക്കി വിഭാവനം ചെയ്തിരിക്കുന്നു. 63.5 ഡിഗ്രി മുതൽ 99.5 ഡിഗ്രി വരെയുള്ള ലോഞ്ചിട്യൂഡും 2.5 ഡിഗ്രി മുതൽ 38.5 ഡിഗ്രി വരെയുള്ള ലാറ്റിട്യൂഡും ആണ് ഇന്ത്യയുടെ അതിർത്തിയായി ഡിജിപിന്നിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. നേരത്തെ സൂചിപ്പിച്ച വലിയ സമചതുരം 63.5 ഡിഗ്രി മുതൽ 99.5 ലോഞ്ചിട്യൂഡും 2.5 ഡിഗ്രി മുതൽ 38.5 ലാറ്റിട്യൂഡും വച്ചാണ് എടുത്തിരിക്കുന്നത് ഏകദേശം നാലായിരം കിലോമീറ്റർ നീളവും വീതിയും. അതിർത്തി തീരുമാനിക്കപ്പെട്ട ഈ സമചതുരത്തെ 16 (4 x 4) സമചതുരങ്ങൾ ആയി വീണ്ടും മുറിക്കുന്നു. ഓരോ സമചതുരത്തിനും ഒരു അക്ഷരമോ അക്കമോ കോഡ് ആയി നൽകിയിരിക്കുന്നു. 2, 3, 4, 5, 6, 7, 8, 9 എന്നീ അക്കങ്ങളും C, J, K, L, M, P, F, T അക്ഷരങ്ങളുമാണ് ഈ കോഡിങ്ങിനായി ഉപയോഗിച്ചിരിക്കുന്നത്. എഴുതുമ്പോഴും പറയുമ്പോഴും പരസ്പരം കുഴപ്പിക്കാത്ത തരത്തിലുള്ള അക്കങ്ങളും അക്ഷരങ്ങളുമാണ് കോഡിങ്ങിനായി സെലക്ട് ചെയ്തിട്ടുള്ളത്. ഇതിൽ ഏത് സമചതുരത്തിലാണോ നമ്മുടെ ലൊക്കേഷൻ അത് നമ്മുടെ ഡിജിപിന്നിലെ ആദ്യ ആൽഫന്യൂമറിക്ക് ആയി മാറുന്നു.

ഡിജിപിന്നിൽ നമ്മുടെ ജിയോ ലൊക്കേഷൻ തന്നെയാണ് ഉൾച്ചേർത്തിട്ടുള്ളത്. അതുകൊണ്ട് തന്നെ ഒരു ചെറിയ കെട്ടിടത്തിന് ഉള്ളിൽതന്നെ രണ്ട് ലൊക്കേഷനുകളിൽ ഡിജിപിൻ വ്യത്യസ്തമായേക്കാം. ഒരേ പോസ്റ്റ് ഓഫീസ് അതിർത്തിയിൽ പിൻകോഡ് ഒരേപോലെ ആയിരുന്നതുപോലെ ആയിരിക്കില്ല ഡിജിപിൻ എന്നർത്ഥം.

ജിയോഗ്രഫിക്കൽ കോർഡിനേറ്റുകളുടെ അത്ര സങ്കീർണ്ണമല്ലാത്തതിനാൽ ഓൺലൈൻ ആയോ ഓഫ്ലൈൻ ആയോ വിനിമയം ചെയ്യാൻ എളുപ്പമാണ്. ചരക്കുകളും സർവീസുകളും കൃത്യതയോടെ എത്തിക്കാൻ ഡിജിപിൻ സഹായിക്കും. ഇപ്പോഴുള്ള നാവിഗേഷൻ സോഫ്റ്റ് വെയറുകളിൽ കൂടി ഡിജിപിൻ കൂട്ടി ചേർത്താൽ ബാങ്ക് അക്കൗണ്ടുകൾ എങ്ങിനെയാണോ UPI ഐഡികൾ ആയി രൂപാന്തരം പ്രാപിച്ചുകൊണ്ടിരിക്കുന്നത്, അതേ മാറ്റമാണ് പിൻകോഡ് കൂടി ചേർത്തിട്ടുള്ള ഫിസിക്കൽ അഡ്രസ്സുകളിൽ സംഭവിക്കാൻ പോകുന്നത്. ഫിസിക്കൽ അഡ്രസ്സുകൾ വെറും പത്ത് അക്ഷരങ്ങളോ അക്കങ്ങളോ ആയി മാറും. കൃത്യത വളരെയേറെ വർദ്ധിക്കും.

കെട്ടിടങ്ങളുടെ പേരുകളെയോ, കെട്ടിട നമ്പറുകളെയോ ആശ്രയിച്ചാണ് ഫിസിക്കൽ അഡ്രസ് സിസ്റ്റം നിലനിൽക്കുന്നത്. ഇതിന് മാറ്റം വരും. കെട്ടിടങ്ങൾ ഒന്നും ഇല്ലാത്ത സ്ഥലങ്ങൾക്കോ അവിടെയുള്ള വസ്തുക്കൾക്കോ പോലും ഡിജിപിൻ നൽകാനാവും. ഉദാഹരണത്തിന് ഒരു വനത്തിനുള്ളിൽ സ്ഥിതി ചെയ്യുന്ന ഒരു ചെറുതടാകത്തിന് ഡിജിപിൻ ലഭ്യമാക്കി അഡ്രസ്സ് കൊടുക്കാൻ കഴിയും. റിമോട്ട് ആയിട്ടുള്ള പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന അഡ്രസ് ലഭ്യമാക്കേണ്ട എല്ലാ സംഗതികൾക്കും അഡ്രസ്സ് നൽകാനും അവിടേക്ക് അത്യാവശ്യസന്ദർഭങ്ങളിൽ ഡിജിപിൻ ഉപയോഗിച്ച് എത്തിപ്പെടാനും സർവീസ് ലഭ്യമാക്കാനും കഴിയും എന്നതിലാണ് ഇതിന്റെ സാധ്യതകൾ. സർക്കാർ സർവീസുകളും ആനുകൂല്യങ്ങളും പൗരന്മാർക്ക് കൂടുതൽ കൃത്യതയോടെ ലഭ്യമാക്കുന്നതിലും ഡിജിപിൻ സഹായകമാവുമെന്നാണ് കരുതുന്നത്.

---

# മനുഷ്യന്റെ വിശപ്പിനുള്ള ദൈവത്തിന്റെ ഉത്തരമാണ് നിത്യജീവൻ നൽകുന്ന യേശുവിന്റെ ശരീരവും രക്തവും: ലെയോ പാപ്പ



**വത്തിക്കാൻ സിറ്റി:** മനുഷ്യന്റെ വിശപ്പിനുള്ള ദൈവത്തിന്റെ ഉത്തരമാണ് നിത്യജീവൻ നൽകുന്ന യേശുവിന്റെ ശരീരവും രക്തവുമെന്ന് ലെയോ പതിനാലാമൻ പാപ്പ. വിശുദ്ധ കുർബാനയുടെ തിരുനാൾ ദിനമായി ലത്തീൻ സഭ ആചരിക്കുന്ന വേളയിൽ തന്റെ കത്തീഡ്രൽ ദേവാലയമായ വിശുദ്ധ ജോൺ ലാറ്ററൻ ബസിലിക്കയിൽ വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകുകയായിരിന്നു പാപ്പ. മനുഷ്യനോടുള്ള യേശുവിന്റെ അനുകമ്പയെ എടുത്തുകാട്ടിക്കൊണ്ടും, ഓരോ ദിവസവും വിശുദ്ധ കുർബാനയായി നമ്മെ സന്ദർശിക്കുന്ന യേശുവിന്റെ കരുണാർദ്രമായ സ്നേഹത്തെ അനുസ്മരിച്ചുമായിരിന്നു പാപ്പയുടെ സന്ദേശം.

ദൈവം നമ്മുടെ ജീവിതങ്ങളെ ഭരിക്കുമ്പോൾ മാത്രമാണ്, എല്ലാ തിന്മകളിൽ നിന്നും നാം സ്വതന്ത്രരാകുന്നതെന്നും, എന്നാൽ ഇതിനർത്ഥം പരീക്ഷണരഹിതമായ ഒരു ജീവിതം സാധ്യമാകും എന്നല്ല എന്നും പാപ്പ കൂട്ടിച്ചേർത്തു. വിശുദ്ധ ലൂക്കയുടെ സുവിശേഷം, ഒൻപതാം അധ്യായത്തിലെ അപ്പം വർദ്ധിപ്പിക്കുന്ന ഭാഗത്തെ കേന്ദ്രമാക്കിയായിരുന്നു പാപ്പയുടെ സന്ദേശം. വിശപ്പുമൂലം വേദനയനുഭവിക്കുന്ന ജനതയെ എപ്രകാരം അനുകമ്പാർദ്രമായ ഹൃദയത്തോടെ യേശു നോക്കുന്നുവെന്നും, അവരുടെ പരിപാലനത്തിനായി ശിഷ്യന്മാരെ ക്ഷണിക്കുന്നുവെന്നും പാപ്പ ചൂണ്ടിക്കാട്ടി.

വിശപ്പ് ദൈവവുമായുള്ള നമ്മുടെ ബന്ധത്തെ എടുത്തുകാണിക്കുന്നുവെന്നും, എങ്കിലും അഞ്ച് അപ്പവും രണ്ട് മീനുകളും ആളുകളെ പോറ്റാൻ അപര്യാപ്തമാണെന്നു നമുക്ക് തോന്നുമെങ്കിലും, നമ്മുടെ ജീവിതത്തിന് ശക്തിയും അർത്ഥവും നൽകാൻ ആവശ്യമായതെല്ലാം യേശുവിനോടൊപ്പം ഉണ്ടെന്നുള്ള വിശ്വാസമാണ് ഇവിടെ ഏറ്റവും പ്രധാനമെന്നും പാപ്പ പറഞ്ഞു. വേദനിക്കുന്നവരോടുള്ള യേശുവിന്റെ അനുകമ്പ, ദൈവത്തിന്റെ സ്നേഹപൂർണമായ സാന്നിധ്യത്തെ വെളിപ്പെടുത്തുന്നതാണ്. ഇത് നമ്മെ രക്ഷയിലേക്കു നയിക്കുന്നതാണ്. മനുഷ്യന്റെ വിശപ്പിനുള്ള ദൈവത്തിന്റെ ഉത്തരമാണ് നിത്യജീവൻ നൽകുന്ന യേശുവിന്റെ ശരീരവും രക്തവും. ജീവനുള്ളതും യഥാർഥവുമായ അപ്പമായ യേശു നമ്മെ പോഷിപ്പിക്കുമ്പോൾ നാം അവനുവേണ്ടി ജീവിക്കുന്നു.

'പോഷണം നൽകുകയും പരാജയപ്പെടുകയും ചെയ്യാത്ത അപ്പം; ഭക്ഷിക്കാവുന്നതും എന്നാൽ തീർന്നുപോകാത്തതുമായ അപ്പം. വാസ്തവത്തിൽ, വിശുദ്ധ കുർബാന രക്ഷകന്റെ യഥാർത്ഥവും ഗണ്യവുമായ സാന്നിധ്യമാണ്' - വിശുദ്ധ അഗസ്റ്റിൻ ഓർമ്മിപ്പിച്ചത് ഇപ്രകാരമാണെന്നു പാപ്പ പറഞ്ഞു.

ഫാമിലി കോർണർ

# കുടുംബ ജീവിതത്തിന് 10 കല്പനകൾ





ഫാ. ജോസഫ്
പുത്തൻപുരയ്ക്കൽ കപ്പൂച്ചിൻ

വിശ്വാസത്തിന്റെയും സുകൃതജീവിതത്തിന്റെയും മാതൃകയായി നിലകൊള്ളുന്ന തോബിത്ത് കുടുംബത്തിന് അനുഗ്രഹം ലഭിക്കാനുള്ള പത്തു പ്രമാണങ്ങൾ തന്റെ മകനായ തോബിയാസിനു പറഞ്ഞു കൊടുക്കുന്നുണ്ട് (തോബിത്ത് 4:1-21). വളരെ നിസാരമെന്നു തോന്നാമെങ്കിലും ദൈവാനുഗ്രഹത്തിനും കുടുംബജീവിതസമാധാനത്തിനും ഏറ്റവും പ്രധാനമായി പഴയനിയമം അനുശാസിക്കുന്ന പ്രമാണങ്ങളാണിവ.

**1. അപ്പനെ സംസ്കരിക്കണം, അമ്മയെ മറക്കരുത്**

തോബിത്ത് മകനായ തോബിയാസിനെ വിളിച്ചു പറയുന്ന ഒന്നാമത്തെ കാര്യം മാതാപിതാക്കന്മാരോടുള്ള മക്കളുടെ കടമയെ ഓർമ്മപ്പെടുത്തുന്നു. അപ്പനെ മാന്യമായി സംസ്കരിക്കണം എന്നതാണ് ഒന്നാമത്തേത്. ജീവിതബഹളത്തിലും ജീവിതവ്യഗ്രതയിലും ഉഴറുന്ന ആധുനികകാലത്തെ മക്കൾ മാതാപിതാക്കളെ അവഗണിക്കാറുണ്ട്. ഈ പശ്ചാത്തലത്തിൽ തോബിത്തിന്റെ ഉപദേശം ഏറെ പ്രസക്തമാണ്. മാന്യമായി സംസ്കരിക്കണമെന്നു പറഞ്ഞാൽ മെത്രാനച്ചനെയും മന്ത്രിമാരെയും വിളിച്ചു വരുത്തി അപ്പനെ അടക്കണമെന്നല്ല. നാലുപേരറിഞ്ഞ് അപ്പന്റെ അടക്ക് ചെണ്ട കൊട്ടി നടത്തണമെന്നുമല്ല. മനസമാധാനത്തോടെ മരിക്കാൻ അനുവദിക്കുക എന്നുകൂടി അതിനർത്ഥമുണ്ട്. ചില മക്കളുണ്ട്. അപ്പനു പ്രായമായി മരിക്കാറായി കിടക്കുമ്പോൾ തലവേദനയായി മാറുന്ന മക്കൾ. അപ്പനൊന്നു ചത്തു കിട്ടിയാൽ മതിയെന്നു ചിന്തിച്ച് അപ്പന്റെ തലയിണയുടെ അടിയിൽ തപ്പി താക്കോൽക്കൂട്ടം തിരയുന്ന മക്കളുണ്ട്. മനോവിഷമവും 'ടെണ്ണ'വുമുണ്ടാക്കുന്ന വിചാരങ്ങൾ അപ്പനിൽ നിറച്ചാൽ മനശാന്തിയോടെ മരിക്കാനാകില്ല. സംസ്കരിച്ചാലും ശാന്തി കിട്ടാതെ കിടക്കുന്ന അപ്പൻ നമ്മുടെ വീട്ടിൽ ഉണ്ടാകരുതെന്നർത്ഥം.

അമ്മയെ മറക്കരുത് എന്നതും ഈ കാലഘട്ടത്തിന്റെ മുമ്പിൽ ഏറെ പ്രസക്തമാണ്. അമ്മയുടെ ഇഷ്ടം നോക്കണമെന്നും അവളെ ഒരിക്കലും വേദനിപ്പിക്കരുതെന്നും ജീവിതകാലം മുഴുവൻ ആദരിക്കണമെന്നും പറയുന്നത് ഏറെ ചിന്തനീയംതന്നെ. കല്യാണം കഴിഞ്ഞ്, മധുവിധുവൊക്കെ കഴിഞ്ഞാൽ പിന്നെ അമ്മ ഔട്ടാകുന്ന വീടുകളുണ്ട്. അങ്ങനെ പാടില്ല. അതേസമയം മരുമകൾ കെട്ടിവന്നു കഴിയുമ്പോൾ അസ്വസ്ഥത തോന്നുന്ന അമ്മായിയമ്മമാരുമുണ്ടാകാം. 'ആരാണ് സൗന്ദര്യത്തിന്റെ കാര്യത്തിൽ ഒന്നാമത്, ആരുടെ മുടിക്കാണു നീളം കൂടുതൽ, എന്നീ കാര്യത്തിൽപോലും അമ്മായിയമ്മയും മരുമകളും തമ്മിൽ തർക്കം തുടങ്ങിയാൽ കെട്ടിയോൻ പിന്നെ എന്തു ചെയ്യാനാ? അമ്മയെ മറക്കണോ കെട്ടിയോളെ ഉപേക്ഷിക്കണോ ?' - ഒരു ചെറുപ്പക്കാരൻ ഈയിടെ ചോദിച്ചതാണ്. അമ്മയ്ക്ക് അമ്മയുടേതായ ആദരവും ബഹുമാനവും. ഓരോരുത്തർക്കും അർഹമായതു നല്കാൻ കുടുംബത്തിലുള്ളവർ ജാഗ്രത കാണിക്കട്ടെ.

**2. ദൈവത്തെ ഓർത്തു ജീവിക്കുക**

ജീവിതകാലം മുഴുവൻ ദൈവത്തെ ഓർത്തു ജീവിക്കണം എന്നാണ് പറഞ്ഞിരിക്കുന്നത്. കല്യാണം കഴിക്കുമ്പോഴും കൊച്ചിന്റെ മാമ്മോദീസാ നടത്തുമ്പോഴും പിന്നെ കൊച്ചിനെ കെട്ടിക്കാൻ നേരത്തും മാത്രം ദൈവത്തെ ഓർത്താൽ പോരാന്നർത്ഥം. പള്ളിയിൽ അന്നേരം മാത്രം പോകുകയും ദൈവമേ എന്നു വിളിക്കുകയും ചെയ്യുന്ന ശീലമുള്ളവർക്കുള്ള മുന്നറിയിപ്പാണിത്. ദൈവം എന്റെ വ്യക്തിജീവിതത്തിലും പങ്കാളിയുടെ ജീവിതത്തിലും ഞങ്ങളുടെ കുടുംബത്തിലും ചൊരിഞ്ഞ അനുഗ്രഹങ്ങൾ എത്ര അവർണ്ണനീയമാണെന്ന് ഓർമ്മിക്കണം. അനുദിന കുടുംബപ്രാർത്ഥനകളിൽ ഈ ദൈവാനുഗ്രഹങ്ങളെ ഓർക്കാനും നന്ദി പറയാനും ശ്രമിക്കണം.

**3. പാപം ചെയ്യാതെയും അനീതി പ്രവർത്തിക്കാതെയും ജീവിക്കുക**

പാപം ചെയ്യാതിരിക്കുക, ദൈവകല്പനകൾ ലംഘിക്കാതിരിക്കുക, നീതിനിഷ്ഠമായ പ്രവൃത്തികൾ ചെയ്യുക, അനീതി പ്രവർത്തിക്കാതിരിക്കുക, സത്യസന്ധമായി പ്രവർത്തിക്കുക തുടങ്ങിയവ കുടുംബത്തിന് ഐശ്വര്യം കൈ വരുത്തുമെന്നാണ് തോബിത്ത് വ്യക്തമാക്കുക.

**4. ദാനധർമ്മം ചെയ്യുക**

നീതിനിഷ്ഠയോടെ ജീവിക്കുന്നവർക്ക് നിന്റെ സമ്പാദ്യത്തിൽനിന്നു ദാനം ചെയ്യാൻ മടി കാണിക്കരുതെന്നാണ് തോബിയാസിനുള്ള ഉപദേശം. ദാനധർമ്മം ചെയ്യുന്നതിൽ മടിയും വിമുഖതയുമൊന്നും പാടില്ല. അതുപോലെതന്നെ പാവപ്പെട്ടവനിൽനിന്നു മുഖം തിരിച്ചു കളയാനും പാടില്ല. ഇങ്ങനെ നാം മുഖം തിരിച്ചു കളഞ്ഞാൽ ദൈവവും മുഖം തിരിച്ചുകളയുമെന്നാണ് തോബിത്തിന്റെ അനുശാസന. എത്ര ഭീകരമായ ഒരു സ്ഥിതിയായിരിക്കും അതെന്നു ചിന്തിക്കുക. എന്റെ ദൈവംതമ്പുരാൻ എന്നെ കാണുമ്പോൾ മുഖം തിരിക്കുകയും എന്റെ ശത്രുവെന്നു ഞാൻ കരുതിയ അയൽപക്കത്തെ മനുഷ്യന്റെ നേരെ നോക്കി ചിരിക്കുകയും ചെയ്യുന്നത് മനസ്സിലോർക്കുക!

**5. അധാർമ്മികതയിൽനിന്നു മാറി നില്ക്കുക**

അധാർമ്മികതയിൽനിന്നു കാത്തുകൊള്ളുക എന്നു പറഞ്ഞിട്ട് ആദ്യം പറയുന്നത് പൂർവ്വികരുടെ ഗോത്രത്തിൽനിന്നു മാത്രമേ വിവാഹം കഴിക്കാവൂ എന്നാണ്. അന്യജനതകളിൽനിന്നു വിവാഹം പാടില്ലെന്നുതന്നെ ഇവിടെ വ്യക്തമായി പറയുന്നു. കാരണം നാം പ്രവാചകന്മാരുടെ സന്തതികളാണ്. പൂർവ്വപിതാക്കന്മാരൊക്കെ അങ്ങനെ ചെയ്യുകയും സന്താനംവഴി അനുഗ്രഹിക്കപ്പെടുകയും പിൻതലമുറ ദേശം കൈവശമാക്കുകയുമൊക്കെ ചെയ്തെന്നും തോബിത്ത് ഓർമ്മിപ്പിക്കുന്നു. രജിസ്ററർ വിവാഹങ്ങളും മതം മാറി കല്യാണവുമൊക്കെ 'ഓ സാരമില്ല' എന്നു കരുതുന്നവർക്കുള്ള നല്ല മറുപടിയായി ഇതിനെ കാണാമെന്നു തോന്നുന്നു.

**6. അഹങ്കാരവും അലസതയും കൈവെടിയുക**

വീടകങ്ങളിൽനിന്ന് ഒഴിച്ചുനിർത്തേണ്ട രണ്ടു വലിയ തിന്മകളാണ് അഹങ്കാരം, അലസത എന്നിവ. അഹങ്കാരം നിറഞ്ഞ വീട് വിനാശത്തിനും അരാജകത്വത്തിനും വഴിമാറും. അതേസമയം അലസതയാകട്ടെ നാശത്തിനും പട്ടിണിക്കും കാരണമാകും (14:13). അലസത ദാരിദ്ര്യത്തിന്റെ ആത്മാവാണ്. കഠിനാധ്വാനം ചെയ്യുന്ന കർഷകദമ്പതികളുടെ മകനായിട്ടാണ് ഞാൻ പിറന്നത്. പാടത്തും പറമ്പിലും പണിയെടുക്കുന്ന അപ്പനമ്മമാർ. വിത്തു വിതയ്ക്കുന്നതും വിളവെടുക്കുന്നതും ധാന്യം ശേഖരിക്കുന്നതുമൊക്കെ എത്ര പ്രാർത്ഥനാപൂർവ്വമായിരുന്നു എന്നു ഞാനോർക്കുന്നു.

**7. വേലക്കാരുടെ കൂലി കൃത്യമായി കൊടുക്കണം**

ഒട്ടനവധി വേലക്കാർ തീർച്ചയായും തോബിത്തിന്റെ വീട്ടിലുണ്ടായിരുന്നു. അവരെ വെറുതെ കൂലിക്കാരും വേലക്കാരുമായി കാണാത്തവനായിരുന്നു ഉദാരമതിയും ദൈവഭക്തനുമായി തോബിത്ത് എന്ന് നമുക്കു നിസംശയം പറയാനാകും. വേലക്കാരന്റെ കൂലി പിറ്റേ ദിവസത്തേക്കു മാറ്റിവയ്ക്കാതെ അന്നുതന്നെ കൊടുത്തുതീർക്കണം എന്നത് ഏറെ ശ്രദ്ധേയമാണ്.

**8. ചിട്ടയായ ജീവിതം**

ചിട്ടയായ പെരുമാറ്റമാണ് ഒരു കുടുംബനാഥന് ഉണ്ടായിരിക്കേണ്ടത്. ഒരുവന് അഹിതമായത് അപരനോടും ചെയ്യരുത് എന്നതാണ് ഇതിൽ ഏറ്റവും പ്രധാനമായിട്ടുള്ളത്. മറ്റുള്ളവർ നിങ്ങളോട് എങ്ങനെ പെരുമാറാൻ ആഗ്രഹിക്കുന്നുവോ അങ്ങനെതന്നെ അപരനോടും പെരുമാറുക എന്ന പുതിയനിയമദർശനവുമായി ഇതിനെ കൂട്ടി വായിക്കണം. മദ്യപാനം ഒഴിവാക്കണമെന്നതും ചിട്ടയായ ജീവിതത്തോടു ബന്ധപ്പെട്ടതാണ്. മദ്യം നമ്മുടെ ആഘോഷങ്ങളിൽനിന്ന് മാറ്റിനിർത്താനാകാത്ത ഒന്നായി ഇന്നു മാറിയിട്ടുണ്ട്. ചെറിയ പരിപാടികൾക്കുപോലും മദ്യം അകത്താക്കുന്നവർ ഉന്മത്തത ശീലമാക്കുന്നു. വീടിന്റെ കെട്ടുറപ്പിനെ തകർത്തു കളയുന്നതും നാടിന്റെ സമാധാനത്തെ തല്ലിക്കെടുത്തുന്നതുമാണിത്.

**9. വിവേകമുള്ളവരിൽനിന്ന് ഉപദേശം തേടുക**

നന്മ പറയുകയും നന്മ ചെയ്യുന്നവരുമായിട്ടുള്ള ഒട്ടനവധി സുഹൃത്തുക്കൾ ഭാര്യാഭർത്താക്കന്മാർക്ക് ഉണ്ടായിരിക്കണം. സദുപദേശം നല്കാൻ കഴിവുള്ളവരെ കൂടെക്കൂട്ടാനും അങ്ങനെ കുടുംബജീവിതം അഭിവൃദ്ധിപ്പെടാനും സാധിക്കും. സീറോ മലബാർ സഭയിലെ വിവാഹ കൂദാശകർമ്മത്തിനിടെ ഇങ്ങനെയൊരു പ്രാർത്ഥനയുണ്ടല്ലോ: "ആവശ്യനേരങ്ങളിൽ സഹായിക്കാൻ ദൈവം ഒട്ടനവധി സുഹൃത്തുക്കളെ നിങ്ങൾക്കു നല്കട്ടെ." സന്തോഷകാലത്ത് കൂടെക്കാണുകയും സന്താപകാലത്ത് ഓടിയൊളിക്കുകയും ചെയ്യുന്ന ചങ്ങാതികളല്ല നമുക്കു വേണ്ടത്. സുഖദുഃഖത്തിലും സന്തോഷസന്താപത്തിലും കൂടെനില്ക്കുന്ന നല്ല കുടുംബസുഹൃത്തുക്കൾ ഭാര്യാഭർത്താക്കന്മാർക്ക് ഉണ്ടായിരിക്കണം. പ്രാർത്ഥനാപൂർവ്വം ദമ്പതികൾ ഇതു കണ്ടെത്താനും ശ്രമിക്കണം.

**10. കർത്താവിനെ വാഴ്ത്തുക**

കുടുംബജീവിതത്തിന്റെ പാതകൾ നേരെയാകാനും ആഗ്രഹിക്കുന്ന കാര്യങ്ങളൊക്കെ ശുഭമായിത്തീരാനും ഇതിടയാക്കുമെന്നാണ് തോബിത്തിന്റെ സദുപദേശം. സർവനന്മയും നല്കുന്നത് കർത്താവാണ് എന്ന വിചാരം മകനുണ്ടായിരിക്കണമെന്നും അപ്പൻ ഉപദേശിക്കുന്നു. ജീവിതത്തിന്റെ നന്മകൾ കൈവന്നത് ഞാൻ പണിയെടുത്തിട്ടാണ്, അപ്പൻ സമ്പാദിച്ചുകൊണ്ടുവന്നിട്ടാണ്, എന്റെ ബുദ്ധിശക്തികൊണ്ടാണ് എന്നൊക്കെ ഭള്ളു പറയരുതെന്നുതന്നെയാണ് ദമ്പതികളോടും കുടുംബങ്ങളോടും ഓർമ്മിപ്പിക്കാനുള്ളതും.



*കെസിഎസ്എൽ 2025-26 പ്രവർത്തനവർഷ ഉദ്ഘാടനവും മാർഗരേഖ പ്രകാശനവും മാർ ജോസ് പുളിക്കൽ നിർവഹിക്കുന്നു.*



*സൺഡേ സ്കൂളിൽ ഒന്നു മുതൽ 12 വരെയുള്ള ക്ലാസുകളിൽ മുഴുവൻ ഹാജർ നേടുകയും പന്ത്രണ്ടാം ക്ലാസിൽ ഉയർന്ന മാർക്ക് കരസ്ഥമാക്കുകയും ചെയ്ത കുട്ടിക്ക് നല്കുന്ന ജിക്കു ഡി. തോമസ് പൈനുംമൂട്ടിൽ അവാർഡ് വണ്ടൻമേട്, വെട്ടുകല്ലുംപുറത്ത് ആൻ മരിയ ജോസഫ് രൂപതാധ്യക്ഷൻ മാർ ജോസ് പുളിക്കലിൽ നിന്ന് ഏറ്റു വാങ്ങുന്നു.*

RNI Reg. No. 117714 (KERMAL/2012/45157) Annual Subscription Rs. 150/-
Postal Reg. No. KL/CHC/64/2023-25 Published on July 1

# ഇൻഫാം കിസാൻ ജെംസ് എക്സലൻസ് അവാർഡുകൾ വിതരണം ചെയ്തു







**പാറത്തോട്:** പ്രതിസന്ധികളുടെ നടുവിൽ നിന്ന് പ്രത്യാശയോടെ പഠിച്ച് ഓരോ കുട്ടിയും നേടിയ വിജയത്തിന് വലിയ മൂല്യമുണ്ടെന്ന് ഇൻഫാം ദേശീയ രക്ഷാധികാരി മാർ റെമീജിയോസ് ഇഞ്ചനാനിയിൽ. ഇൻഫാം ദേശീയ സമിതിയുടെ ആഭിമുഖ്യത്തിൽ കാഞ്ഞിരപ്പള്ളി കാർഷികജില്ല ആതിഥേയത്വം വഹിച്ച 'ഇൻഫാം കിസാൻ ജെംസ് എക്സലൻസ് അവാർഡ് 2025' പൊടിമറ്റം സെന്റ് മേരീസ് പാരിഷ്ഹാളിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. കാർഷിക മേഖലയിൽ ഇൻഫാം ചെയ്യുന്ന വലിയ സംഭാവനകൾ കൂടുതൽ യാഥാർഥ്യമാക്കാൻ വരുംതലമുറയായ നിങ്ങൾക്കാണ് സാധിക്കുകയെന്നും മാർ റെമീജിയോസ് ഇഞ്ചനാനിയിൽ കൂട്ടിച്ചേർത്തു.

കാർഷികമേഖലയുടെ ഭാവി നിയന്ത്രിക്കേണ്ടതും കാർഷിക മേഖലയ്ക്ക് അർഥവും വിലയും കൂടുതൽ ഉണ്ടാക്കേണ്ടതും അവാർഡ് ജേതാക്കളായ കുട്ടികൾ ഓരോരുത്തരുമാണെന്ന് യോഗത്തിൽ അധ്യക്ഷതവഹിച്ച ഇൻഫാം കാഞ്ഞിരപ്പള്ളി കാർഷികജില്ല രക്ഷാധികാരി മാർ ജോസ് പുളിക്കൽ പറഞ്ഞു.

മാതാപിതാക്കൾ മക്കളെപ്പോലെ തന്നെ ഈ മണ്ണിനെയും അതിലെ കൃഷിയെയും സ്നേഹിച്ചെന്നും ഇൻഫാമിൽ അംഗങ്ങളായ മാതാപിതാക്കളുടെ ഈ നന്മകൊണ്ട് മക്കൾ ആദരിക്കപ്പെടുന്നതുപോലെ തന്നെ നിങ്ങളുടെ കഴിവിന്റെയും മികവിന്റെയും പേരിൽ നിങ്ങളുടെ മാതാപിതാക്കളും ഇന്ന് ഇവിടെ ആദരിക്കപ്പെടുകയാണെന്നും ആമുഖപ്രഭാഷണം നടത്തിയ ഇൻഫാം ദേശീയ ചെയർമാൻ ഫാ. തോമസ് മറ്റമുണ്ടയിൽ പറഞ്ഞു.

ഇൻഫാം തമിഴ്നാട് സംസ്ഥാന പ്രസിഡന്റ് ആർ.കെ. താമോദരൻ, കേരള സംസ്ഥാന പ്രസിഡന്റ് ജോസ് ഇടപ്പാട്ട്, കേരള സംസ്ഥാന റീജണൽ ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ, ഇൻഫാം ദേശീയ ജനറൽ സെക്രട്ടറി ഫാ. ജോസഫ് കാവനാടി, ഇൻഫാം കാഞ്ഞിരപ്പള്ളി കാർഷികജില്ല പ്രസിഡന്റ് അഡ്വ. എബ്രഹാം മാത്യു പന്തിരുവേലിൽ എന്നിവർ പ്രസംഗിച്ചു.

ഇൻഫാം കർഷകരുടെ മക്കളിൽ എസ്എസ്എൽസി, പ്ലസ്ടു പരീക്ഷകളിൽ ഉന്നത വിജയം നേടിയ കുട്ടികളെ ഇൻഫാം കിസാൻ ജെംസ് എക്സലൻസ് അവാർഡ് നൽകിയും ഗവൺമെന്റ് അംഗീകൃത യൂണിവേഴ്സിറ്റികളിൽ നിന്ന് ബിരുദത്തിലോ ബിരുദാനന്തര ബിരുദത്തിലോ 1, 2, 3 റാങ്കുകൾ നേടിയ കുട്ടികളെ ഇൻഫാം വിദ്യാശ്രീ അവാർഡ് നൽകിയും അവരുടെ മാതാപിതാക്കളോടൊപ്പമാണ് ഇൻഫാം അനുമോദിച്ചത്. കുട്ടികൾക്ക് സ്വർണ നാണയങ്ങളും മെമെന്റോയും മറ്റു സമ്മാനങ്ങളും നൽകി.

ഇൻഫാം തമിഴ്നാട്, ആന്ധ്രപ്രദേശ്, മഹാരാഷ്ട്ര സംസ്ഥാനങ്ങളിലെയും കേരള സംസ്ഥാനത്തെ കാഞ്ഞിരപ്പള്ളി, പാലാ, ചങ്ങനാശേരി, കോതമംഗലം, തലശേരി, താമരശേരി, മാവേലിക്കര, പാറശാല കാർഷികജില്ലകളിൽ നിന്നുമുൾപ്പെടെ 380 ൽ പരം കുട്ടികളും അവരുടെ മാതാപിതാക്കളും ഇൻഫാം ദേശീയ, സംസ്ഥാന, ജില്ലാ, താലൂക്ക്, ഗ്രാമ ഭാരവാഹികളും, മഹിളാസമാജ് ഭാരവാഹികളും ഉൾപ്പെടെ മൂവായിരത്തിൽപരം ആളുകൾ അവാർഡ്ദാന ചടങ്ങിൽ പങ്കെടുത്തു.





# പരിസ്ഥിതി സംരക്ഷണത്തിന് അഞ്ച് ഇന പദ്ധതികളുമായി ഇൻഫാം

**പാറത്തോട്:** പരിസ്ഥിതി സംരക്ഷണത്തിന് ഇൻഫാം കുടുംബങ്ങൾക്ക് അഞ്ച് ഇന പദ്ധതികൾ ആവിഷ്കരിച്ചതായി ഇൻഫാം ദേശീയ ചെയർമാൻ ഫാ. തോമസ് മറ്റമുണ്ടയിൽ. ഇൻഫാം പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് നടത്തിയ ദേശീയ സെമിനാർ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

മണ്ണിന്റെ പിഎച്ച് ക്രമീകരിക്കാൻ ഡോളോമൈറ്റ് വിതരണം, കാർബണിന്റെ അളവ് കുറയ്ക്കുന്നതിനും ഭക്ഷ്യോത്പാദനം വർധിപ്പിക്കുന്നതിനും വൃക്ഷോത്സവ് 2025, ആഗോള താപനത്തിനെതിരേ വിളക്ക് അണയ്ക്കൂ വിശ്വം കാക്കൂ പരിപാടി, ഓട്ടോ ടാക്സി ഡ്രൈവർമാർക്കുള്ള തൈ വിതരണം, ഇൻഫാം സംഘടനാംഗങ്ങൾ പ്രാക്ടീസ് ചെയ്യേണ്ട 'ഫൈവ് ആർ പ്രിൻസിപ്പൽസായ' - റീ തിങ്ക്, റെഫ്യൂസ്, റെഡ്യൂസ്, റീ യൂസ്, റീ സൈക്കിൾ എന്നിവയാണ് ഈ വർഷം നടപ്പിലാക്കുന്നതെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

ഇൻഫാം വിവിധ കാർഷികജില്ലകളിലേക്കും, കാർഷിക താലൂക്കുകളിലേക്കുമായി വിതരണം ചെയ്യുന്ന കറിവേപ്പ്, നെല്ലി, നാരകം, കോവൽ, സീതാപ്പിൾ, മാവ് എന്നിവയുടെ തൈകളുമായി പോകുന്ന വാഹനങ്ങളുടെ ഫ്ളാഗ്ഓഫും ഫാ. തോമസ് മറ്റമുണ്ടയിൽ നിർവഹിച്ചു. യോഗത്തിൽ തൈകൾ സ്പോൺസർ ചെയ്ത ഇൻഫാം തമിഴ്നാട് സംസ്ഥാന എക്സിക്യൂട്ടീവ് അംഗങ്ങളെ ഇൻഫാം പരിസ്ഥിതി പരിപാലൻ പുരസ്കാർ നൽകി ആദരിച്ചു.

ഇൻഫാം ദേശീയ എക്സിക്യൂട്ടീവിന്റെ കീഴിൽ ഇൻഫാം കേരള സംസ്ഥാനവും തമിഴ്നാട് സംസ്ഥാനവും ഒത്തുചേർന്ന് ഒരു ലക്ഷത്തി മുപ്പതിനായിരത്തിൽ പരം തൈകളാണ് സംസ്ഥാനത്തെ ഇൻഫാം കർഷക കുടുംബങ്ങളിൽ നട്ടുപിടിപ്പിക്കുന്നത്. കൂടാതെ മണ്ണിന്റെ പിഎച്ച് ക്രമീകരിക്കുന്നതിനായി രണ്ടു ലക്ഷം കിലോ ഡോളോമൈറ്റും സൗജന്യമായി വിതരണം ചെയ്തു.








Printed & Published by Fr. Boby Alex Mannamplackal on behalf of Kanjirappally Cultural Centre Charitable Trust (KCC) and printed at Rashtra Deepika Limited, Vadavathoor, Kottayam- 686010 and published at Pastoral Centre, Kanjirappally - 686507, Editor : Fr. Justin Mathiyath. Phone: 7025466111. Email: darsakankply@gmail.com Designed at Divine Graphics KPLY.